# TRICHUR ARCHDIOCESAN BULLETIN

JULY 2015



81 YEARS OF PUBLICATION 1934-2015

# Trichur Archdiocesan Bulletin

പുസ്തകം : 82 ■ ജൂലൈ 2015 ■ ലക്കം : 7

## ഈ ലക്കത്തിൽ


- ഇടയലേഖനം 3-
- സർക്കുലർ 18
- കച്ചേരികാര്യം 30
- അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - ജൂലൈ 37
- സഹായമെത്രാന്റെ പരിപാടികൾ - ജൂലൈ 38
- നാളാഗമം 39
- സാമ്പത്തിക കാര്യാലയം 44
- വൈദികർ 47
- സന്യസ്തർ 49
- സ്ഥാപനങ്ങൾ 54
- സാന്ത്വനം 85
- സംഘടനകൾ 91


81 YEARS OF PUBLICATION 1934-2015

*Imprimatur*

(Sd)

**Mar Andrews Thazhath**

Archbishop of Trichur

***Chief Editor***

**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**

**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org



Prot. No.1100/2015

# സഭാദിനം – ഇടയലേഖനം

**സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്**
**മാർ ജോർജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

തോമാശ്ലീഹാ ചോദിച്ചു:

"കർത്താവേ, നീ എവിടേയ്ക്ക് പോകുന്നുവെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേയ്ക്ക് വരുന്നില്ല". ( യോഹ 14: 5–6). ഈശോ ശിഷ്യന്മാരെ വിട്ടു പിതാവിന്റെ പക്കലേയ്ക്ക് പോകുകയാണെന്നും അവിടെച്ചെന്നു ശിഷ്യന്മാർക്ക് സ്ഥലമൊരുക്കിയശേഷം വീണ്ടും വന്ന് അവരെയും കൂട്ടിക്കൊണ്ട് പോകുമെന്നും താൻ പോകുന്നിടത്തേയ്ക്കുള്ള വഴി ശിഷ്യന്മാർക്ക് അറിയാമല്ലോ എന്നും പറഞ്ഞ പശ്ചാത്തലത്തിലാണ് തോമാശ്ലീഹായുടെ ചോദ്യവും ഈശോയുടെ മറുപടിയും.

തോമാശ്ലീഹായുടെ ശുദ്ധഗതിയിലുള്ള ചോദ്യത്തിനുത്തരമായിട്ടാണ് ഈശോ തന്നെക്കുറിച്ചുതന്നെയുള്ള സുവിശേഷത്തിലെ ഏറ്റം മനോഹരമായ ഈ വെളിപ്പെടുത്തൽ നടത്തിയത്. പിതാവായ ദൈവത്തിന്റെ പക്കലേയ്ക്ക് മക്കൾക്കുള്ള വഴി മിശിഹായാണ്. ഈ വഴിയിലാണ് മനുഷ്യമക്കൾ സത്യം കണ്ടെത്തു

ന്നതും ജീവൻ പ്രാപിക്കുന്നതും. ഈശോ സ്വർഗസ്ഥനായ പിതാവിൽ നിന്ന് വന്നവനാണ്. അവിടുത്തെ മനുഷ്യജന്മം മനുഷ്യർക്കു ജന്മസാഫല്യം നല്കാൻ വേണ്ടിയുള്ളതായിരുന്നു. മിശിഹായാകുന്ന വഴിയിലാണ് നാം നമ്മുടെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തേണ്ടത്. ഈശോ പിതാവിന്റെ പക്കലേയ്ക്ക് പോകുന്ന വഴി ഏതാണെന്നാണ് തോമാശ്ലീഹാ ചോദിച്ചത്. ഈശോയാണ് വഴിയെങ്കിൽ അവിടുത്തെ ജീവിതം തന്നെയാണ് നമുക്കും വഴിയായിത്തീരുന്നത്.

**വഴി തേടിയവൻ**

സ്വർഗത്തിലേയ്ക്കുള്ള വഴി തേടിയവനാണ് തോമാശ്ലീഹാ. മററാരോടുമല്ല തേടിയത്, തന്റെ ഗുരുവും നാഥനുമായ മിശിഹായോടുതന്നെ. വഴിയായവനോടു തന്നെ വഴി തേടിയവൻ. ക്രൈസ്തവനു ജീവിതപാത ക്രിസ്തുതന്നെയാണ്. മാമ്മോദീസായിൽ ക്രിസ്തുവിനോടുകൂടി ജനിക്കുക, ക്രിസ്തുവിനെപ്പോലെ ജീവിക്കുക, സഹിക്കുക, മരിക്കുക, ഉയിർക്കുക - ഇതാണ് ക്രൈസ്തവന്റെ ജീവിതപാത. ഈ ജീവിതശൈലിയെ ക്രിസ്തുമാർഗം എന്ന് ആദിമ ക്രൈസ്തവർ വിശേഷിപ്പിച്ചതായി അപ്പസ്തോലന്മാരുടെ ഗ്രന്ഥത്തിൽ നാം കാണുന്നു. (അപ്പ. 9:2). തോമാശ്ലീഹാ പഠിപ്പിച്ച ഈ മാർഗത്തെ ഭാരതത്തിലെ ആദിമ ക്രൈസ്തവർ തോമ്മാമാർഗം എന്ന് വിശേഷിപ്പിച്ചു. ഈ തോമ്മാമാർഗം സ്വീകരിച്ചവരാണ് നമ്മുടെ പൂർവ്വികരായ മാർത്തോമാക്രിസ്ത്യാനികൾ.

**വഴിയേ നടന്നവൻ**

മിശിഹായാണ് വഴിയെന്ന് തിരിച്ചറിഞ്ഞ തോമാശ്ലീഹാ ആ വഴിയേ നടന്നു. മിശിഹാനുഭവം തന്റെ അനുഭവമായി സ്വീകരിച്ചു. 'എനിക്ക് ജീവിതം ക്രിസ്തുവാണെന്ന്' വി. പൗലോസ് ശ്ലീഹായും പറയുന്നുണ്ടല്ലോ. (ഫിലി. 1 :21). ഈശോ ശിഷ്യന്മാരെ ഗലീലിയിലെ ശുശ്രൂഷയ്ക്കായി അയയ്ക്കുമ്പോൾ അവർക്കുണ്ടാകാവുന്ന പീഡകളെക്കുറിച്ച് പറയുന്നുണ്ട്. ശിഷ്യന്മാരുടെ പീഡകൾ ഗുരുവിന്റെ പീഡകൾക്ക് സമാനമാണെന്നും അവിടുന്ന് പറഞ്ഞു. "ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല. ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല. ശിഷ്യൻ ഗുരുവിനെപ്പോലെയും ഭൃത്യൻ യജമാനനെപ്പോലെയും ആയാൽ മതി."

( മത്താ 10: 24 - 25.). ഈശോ യൂദയായിൽ ലാസറിന്റെ ഗ്രാമമായ ബഥാനിയായിലേയ്ക്കു പോകാൻ ആഗ്രഹിച്ചപ്പോൾ ശിഷ്യന്മാർ തടസപ്പെടുത്തിക്കൊണ്ട് പറഞ്ഞു, യഹൂദർ അവിടുത്തെ കല്ലെറിയാൻ കാത്തിരിക്കുകയാണ് എന്ന്. അപ്പോൾ തോമാശ്ലീഹാ സഹശിഷ്യന്മാരോട് പറഞ്ഞ വാക്കുകൾ ശിഷ്യത്വത്തിന്റെ ആഴം വ്യക്തമാക്കുന്നവയാണ്. തോമസ് പറഞ്ഞു, " അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം.'' ( യോഹ 11: 16). താൻ പ്രസംഗിച്ച ക്രിസ്തുമാർഗം മനസ്സിലാക്കാത്ത എതിരാളികൾ മൈലാപ്പൂരിലെ ചിന്നമലയിൽ തന്നെ കുന്തത്താൽ കുത്തി മരണപ്പെടുത്തിയപ്പോൾ തോമാശ്ലീഹായുടെ ആ ആഗ്രഹം പൂർത്തീകരിക്കപ്പെട്ടു. ചിന്നമല തോമാശ്ലീഹായ്ക്കു കാൽവരിയായി. മിശിഹായോടൊപ്പം തോമസും മരിച്ചു. അതായിരുന്നു തോമാശ്ലീഹായുടെ ജീവിതപാതയിൽ മിശിഹാ അനുഭവത്തിന്റെ പൂർത്തീകരണം. അപ്പോഴും ശ്ലീഹാ ഉദീരണം ചെയ്തിട്ടുണ്ടാവണം. "എന്റെ കർത്താവേ, എന്റെ ദൈവമേ!'' എന്ന്. ഉയിർത്തെഴുന്നേററ മിശിഹായെ ദർശിച്ചപ്പോൾ തോമാശ്ലീഹാ പറഞ്ഞ ഈ വാക്കുകളാണ് സുവിശേഷത്തിൽ നാം കാണുന്ന ഏററവും പ്രധാനപ്പെട്ട വിശ്വാസപ്രഖ്യാപനമെന്ന് 'നസ്രത്തിലെ ഈശോ' എന്ന ഗ്രന്ഥത്തിൽ ബനഡിക്ററ് പതിനാറാമൻ മാർപാപ്പ പറയുന്നു.

**വഴിയേ നടക്കേണ്ടവർ**

ക്രിസ്തുമാർഗം സ്വീകരിച്ചവർ ക്രിസ്തുപാതയിൽ നടക്കണം. നമുക്ക് മാർഗഭ്രംശം സംഭവിക്കുമ്പോൾ നമ്മുടെ വിശ്വാസ്യതയ്ക്കു നഷ്ടം സംഭവിക്കുന്നു. മദ്യപാനം, ധൂർത്ത്, ആഡംബരഭ്രമം മുതലായ തിന്മകൾ ക്രൈസ്തവരുടെ ഇടയിൽ നിലനില്ക്കുന്നുവെന്ന വിമർശനം കേൾക്കാറുണ്ട്. വിമർശനങ്ങളെ അസഹിഷ്ണുതയോടെ കണ്ടിട്ടു കാര്യമില്ല. ക്രിസ്തുവിൽ വിശ്വസിച്ചു ജീവിതം നയിക്കുന്നവരിൽ നിന്ന് അവിടുത്തെ ജീവിതശൈലിക്ക് യോജിച്ച ഒരു ജീവിതം മററുള്ളവർ പ്രതീക്ഷിക്കുന്നു. ക്രൈസ്തവരും ക്രൈസ്തവ സഭകളും വിമർശിക്കപ്പെടുന്നതിന്റെ കാരണവും പലപ്പോഴും അതുതന്നെയാണ്. ശത്രുവിനെ വരെ സ്നേഹിക്കണമെന്ന് പഠിപ്പിക്കുകയും ആ സ്നേഹം സ്വന്തം

ജീവിതം വഴി സാക്ഷ്യപ്പെടുത്തുകയും ചെയ്ത ക്രിസ്തുവിന്റെ ജീവിതപാത എത്രയോ ഉന്നതമാണ്. അത്രയ്ക്ക് ഉന്നതമായ ഒരു ജീവിതശൈലി ക്രൈസ്തവർക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. ക്രൈസ്തവരുടെയിടയിലെ തിന്മകളുടെ പേരിൽ ക്രൈസ്തവർ വ്യക്തികളായും സമൂഹങ്ങളായും ചെയ്യുന്ന അനേകം നന്മകൾ വിസ്മരിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷവും ഇന്നുണ്ട്. ഭാരതത്തിലെ വിദ്യാഭ്യാസരംഗത്തും ആതുരശുശ്രൂഷാരംഗത്തും ക്രൈസ്തവർ നല്കിയ സംഭാവനകൾ ആർക്കുനിഷേധിക്കാൻ കഴിയും?. കാരുണ്യപ്രവർത്തനങ്ങളിലും ക്രൈസ്തവ സഭകൾ മുൻപന്തിയിലാണല്ലോ. ക്രൈസ്തവരുടെ മാതൃകയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൂടിയല്ലേ മററനേകം സമൂഹങ്ങളും പ്രസ്ഥാനങ്ങളും വ്യക്തികളും ഈ രംഗത്ത് വലിയ സംഭാവനകൾ നല്കി പ്രവർത്തിക്കുന്നത്. ഭിന്നശേഷിയുള്ളവർക്കുവേണ്ടി യുള്ള ക്ഷേമപ്രവർത്തനങ്ങളിലും ക്രൈസ്തവർ ഏറെ വ്യാപൃതരാണ്. ഇത്തരം നന്മ പ്രവൃത്തികളോടൊപ്പം നമ്മുടെ ഇടയിൽ വ്യാപിക്കുന്ന തിന്മകളെ ദൂരീകരിച്ചുകൊണ്ട് നമ്മുടെ ജീവിതസാക്ഷ്യത്തെ ക്രിസ്തു സദൃശമാക്കാൻ നമുക്കു പരിശ്രമിക്കാം.



വൈദികരും സമർപ്പിതരും അല്മായരും ഒത്തൊരുമിച്ച് സഭാനവീകരണത്തിനായി ശ്രമിക്കേണ്ടിയിരിക്കുന്നു. സമർപ്പിതവർഷാചരണവും കുടുംബത്തെക്കുറിച്ചുള്ള സിനഡുകളും തന്നെ സഭയുടെ പൊതുവായ നവീകരണത്തെ ലക്ഷ്യം വച്ചുള്ളതാണല്ലോ. കത്തോലിക്കാ കോൺഗ്രസ്സ്, യൂത്ത് മൂവ്മെന്റ്, മാതൃവേദി മുതലായ അത്മായ പ്രസ്ഥാനങ്ങളുടെ നവോത്ഥാനത്തിലൂടെയും സഭാനവീകരണം കാര്യക്ഷമമായി നടക്കുമെന്ന് പ്രതീക്ഷിക്കാം.

മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വം അനുസ്മരിക്കുന്ന ഈ ദുക്റാനാത്തിരുനാളിൽ വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിച്ച എല്ലാക്രൈസ്തവരെയും, വിശിഷ്യ ഇറാക്ക്, സിറിയ എന്നീ രാജ്യങ്ങളിൽ അടുത്തകാലത്ത് കൊലചെയ്യപ്പെട്ടവരെയും, ഭാരതത്തിലെ സി. റാണി മരിയായെപ്പോലുള്ളവരെയും അനുസ്മരിച്ച് വിശ്വാസത്തിൽ നമുക്ക് ആഴപ്പെടാം.

വിവിധ മതവിശ്വാസികൾ വസിക്കുന്ന നാടാണ് നമ്മുടെ ഭാരതം. എല്ലാ മതങ്ങളിലെയും നന്മകളെ അംഗീകരിക്കാനും ആദരിക്കാനും അങ്ങനെ പരസ്പര ബഹുമാനത്തോടെ ജീവിക്കാനും നമുക്കു സാധിക്കണം. മാർഗവും സത്യവും ജീവനുമായ മിശിഹായെ പ്രഘോഷണം ചെയ്യുന്ന തിരുസ്സഭ ഇതര മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും തിരസ്ക്കരിക്കുന്നില്ല. "മററുമതങ്ങളിലെ പ്രവർത്തന രീതികളും, ജീവിതമുറകളും, പ്രമാണങ്ങളും സിദ്ധാന്തങ്ങളും തിരുസ്സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തങ്ങളാണ്. എങ്കിലും തിരുസ്സഭ അവയെയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടുകൂടിയാണ് നിരീക്ഷിക്കുന്നത്. കാരണം, സർവ്വമനുഷ്യരേയും പ്രകാശിപ്പിക്കുന്ന 'ആ സത്യ' ത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ട്". (അക്രൈസ്തവമതങ്ങൾ നമ്പർ 2)

നമ്മുടെ എല്ലാ രൂപതകളുടെയും സന്യാസമൂഹങ്ങളുടെയും പ്രതിനിധികൾ പങ്കെടുക്കുന്ന സഭാദിനാചരണം ജൂലൈ 3-ന് സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്നതാണ്. വി. കുർബാനയുടെ ആഘോഷം, സമ്മേളനങ്ങൾ, കലാപരിപാടികൾ തുടങ്ങിയവയോടെ നമ്മുടെ എല്ലാ ഇടവകകളിലും പ്രവാസിസമൂഹങ്ങളിലും സഭാദിനം ആഘോഷിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. സഭാദിനത്തിലെ നിങ്ങളുടെ സംഭാവനകൾ സഭയുടെ പൊതുവായ ആവശ്യങ്ങൾക്കായി സമാഹരിച്ചു നല്കണമെന്നും അഭ്യർത്ഥിക്കുന്നു.

പ്രവാസികളായ സീറോ മലബാർ കത്തോലിക്കർക്ക് ഇനിയും പലസ്ഥലങ്ങളിലും അർഹമായ സഭാസംവിധാനങ്ങളോ, സ്വന്തം സഭാപാരമ്പര്യങ്ങൾക്കനുസൃതമായ അജപാലനശുശ്രൂഷയ്ക്കുള്ള ക്രമീകരണങ്ങൾ പോലുമോ ലഭ്യമായിട്ടില്ല. പരി. സിംഹാസനം അത്തരം സംവിധാനങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തിത്തരാൻ തയ്യാറാണെങ്കിലും തടസ്സങ്ങൾ ഏറെയുണ്ട്. അവ തരണം ചെയ്യാനുള്ള ശ്രമങ്ങൾ നീണ്ടു പോകുന്നതുകൊണ്ട് നമ്മുടെ ന്യായമായ അവകാശങ്ങൾ സാധി

ച്ചുകിട്ടുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഇന്ത്യയിലെ 29 സീറോ മല ബാർ രൂപതകൾക്കുപുറത്ത് പ്രവാസികളായി കഴിയുന്ന സീറോ മല ബാർ വിശ്വാസികൾ തങ്ങൾക്ക് സ്വന്തമായി സഭാസംവിധാനങ്ങൾ ലഭി ക്കുന്നതിനുവേണ്ടി ജൂലൈ 2 -ാം തീയതി ഉപവാസ

പ്രാർത്ഥനാദിനം ആചരിക്കുകയാണ്. സഭാമക്കൾ എല്ലാവരും ഈ പ്രാത്ഥനായജ്ഞത്തിൽ അവരോട് പങ്കുചേരണമെന്ന് അഭ്യർത്ഥി ക്കുന്നു.

നിങ്ങൾക്കേവർക്കും ദുക്റാനത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ടും വി. തോമാശ്ലീഹായുടെ മാധ്യസ്ഥ്യം വഴി ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടും,

ഈശോയിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**

**സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്**

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയ ത്തിൽ നിന്ന് 2015-ാം ആണ്ട് മെയ് മാസം 23-ാം തീയതി നല്കപ്പെട്ടത്.

N.B : ഈ ഇടയലേഖനം 2015 ജൂൺ 28-നു കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായി ക്കേണ്ടതാണ്.

1190/ 2015 P-2
15.06.2015

# ഇടയലേഖനം

## ആൻഡ്രൂസ് താഴത്ത്

ഈശോയിൽ പ്രിയ വൈദികരേ, ബഹു. സമർപ്പിതരേ, പ്രിയ സഹോദരീസ ഹോദരന്മാരേ, വത്സലമക്കളേ,

ആഗോളകത്തോലിക്കാസഭയ്ക്ക് നവോന്മേഷം പകർന്നു കൊണ്ടിരിക്കുന്ന ഫ്രാൻസിസ് പാപ്പാ എല്ലാ സഭാതനയരോടും ആഹ്വാനം ചെയ്തതുപോലെ 2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 2 വരെ സമർപ്പിത വർഷമായി നാം ആചരിച്ചുകൊണ്ടിരിക്കുകയാണ്. സമർപ്പിതജീവിതത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിലെ "ജനതകളുടെ പ്രകാശം" (*Lumen Gentium*; അധ്യായം 6), "പരിപൂർണ്ണസ്നേഹം" (*Perfectae Caritatis*) എന്നീ പ്രമാണരേഖകളുടെ സുവർണ്ണജൂബിലി വേളയുടെ അവസരത്തിലാണ് ഫ്രാൻസിസ് പാപ്പാ സമർപ്പിതവർഷം ആചരിക്കുവാൻ ആഹ്വാനം ചെയ്തത്. സമർപ്പിതജീവിതത്തെക്കുറിച്ചുള്ള അവബോധം ദൈവജനത്തിന്റെ ഇടയിൽ ആഴപ്പെടുന്നതിനും സമർപ്പിതരുടെയിടയിൽത്തന്നെ ക്രിസ്തുവിൽ ആഴപ്പെട്ട നവീകരണം ത്വരിതപ്പെടുത്തുന്നതിനും ഈ സമർപ്പിതവർഷാചരണം സഹായകമാകണം. 2014 നവംബർ 21ന് സമർപ്പിതവർഷമായി പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പാ സൂചിപ്പിച്ചതുപോലെ സമർപ്പിതർ ആനന്ദത്തിന്റെ സാക്ഷികളും കൂട്ടായ്മയുടെ വിദഗ്ധരുമായി, പ്രവാചകദൗത്യത്തോടെ പ്രാന്തപ്രദേശങ്ങളിലേക്ക് ഇറങ്ങിചെന്ന് ലോകത്തെ വിളിച്ചുണർത്തണം.

1994ൽ നടന്ന മെത്രാന്മാരുടെ സിനഡിന്റെ വെളിച്ചത്തിൽ 1996ൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ എഴുതിയ "സമർപ്പിതജീവിതം" (*Vita Consecrata*) എന്ന പ്രബോധനത്തിൽ ഒരു ചോദ്യം സ്വയം ചോദിക്കുന്നുണ്ട്. 'സമർപ്പിതർ ആരുമില്ലെങ്കിൽ ഈ ലോകത്തിനു എന്തു സംഭവിക്കും?" (നമ്പർ 103). അതിനുത്തരമായി 'കാരുണ്യത്തിന്റെ നനവും' 'വിശ്വാസത്തിന്റെ ഉപ്പും' ലോകത്തിനു നഷ്ടപ്പെടാൻ കാരണമാകുമെന്ന് മാർപ്പാപ്പ പറയുന്നതുപോലെ, നമ്മുടെ അതിരൂപതയിൽ സമർപ്പിതരുടെ സേവനം ഇല്ലായിരുന്നെങ്കിൽ അതിരൂപത ശുഷ്കമാകുമായിരുന്നു. തൃശ്ശൂർ അതിരൂപതയുടെ സ്ഥാപനത്തിലും വളർച്ചയിലും സമർപ്പിതസമൂഹങ്ങൾ വഹിച്ചിട്ടുള്ള പങ്ക് വലുതാണ്. വിദ്യാഭ്യാസരംഗത്തും സാമൂഹ്യ-സാംസ്കാരികരംഗത്തും ആതു

ശുശ്രൂഷാരംഗത്തും അജപാലനരംഗത്തും തൃശ്ശൂർ അതിരൂപത മുന്നിട്ടു നില്ക്കുന്നുണ്ടെങ്കിൽ, സമർപ്പിതർ ചെയ്തിട്ടുള്ള സേവനങ്ങൾ വളരെയേറെ കാരണമായിട്ടുണ്ട്. അതിനാൽ സമർപ്പിതരോട് വളരെയേറെ സ്നേഹവും കടപ്പാടും നന്ദിയും നമുക്കുണ്ട്.

"നീ പരിപൂർണ്ണനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു നൽകി എന്നെ അനുഗമിക്കുക" (മത്താ. 19:21, 16:24; ലൂക്കാ 18:21, 14:33) എന്ന ആഹ്വാനം ഉൾക്കൊണ്ടു പരിപൂർണ്ണത പ്രാപിക്കുവാൻ ശ്രമിക്കുന്നവരാണ് സന്ന്യസ്തർ. സുവിശേഷോപദേശങ്ങളനുസരിച്ച് കൂടുതൽ സ്വാതന്ത്ര്യത്തോടെ ക്രിസ്തുവിനെ പിൻചെല്ലാനും അടുത്തനുകരിക്കാനും ജീവിതം പരിപൂർണ്ണമായി സമർപ്പിച്ച സ്ത്രീപുരുഷന്മാർ സഭയുടെ ആദ്യകാലം മുതൽ ജീവിച്ചിരുന്നു. ജീവിത വ്യഗ്രതകളിൽ നിന്ന് വിട്ടുനിന്ന്, വിളിച്ചവനോടൊപ്പം ആയിരിക്കാനുള്ള വിളി സ്വീകരിച്ച്, പ്രവർത്തനങ്ങൾക്ക് (Doing) അപ്പുറം 'ആയിരിക്കുന്നതിന്' (Being) പ്രാധാന്യം നൽകുന്ന ജീവിതക്രമമായാണ് സന്ന്യാസം ആരംഭം കുറിക്കുന്നത്.

ദൈവഹിതമനുസരിച്ചുള്ള ജീവിതത്തിന്റെ ഒരു തീവ്രമായ ശൈലിയായി സമർപ്പണം വിവക്ഷിക്കപ്പെടുന്നു. ഇപ്രകാരമുള്ള ജീവിതത്തിൽ ക്രിസ്തുവാണ് സമർപ്പിതർക്ക് മാതൃക. ദരിദ്രനായി ജീവിക്കുകയും ദരിദ്രരോട് സഹവസിക്കുകയും ചെയ്ത അവിടുന്ന് പിതാവിന്റെ ഹിതം നിർവ്വഹിക്കുന്നതിനുവേണ്ടി തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുകയും ബ്രഹ്മചാരിയായി ജീവിക്കുകയും ചെയ്തു. ദൈവഹിതത്തോടുള്ള പൂർണ്ണവിധേയത്വത്തിലായിരുന്നു ക്രിസ്തുവിന്റെ ജീവിതം. ഇപ്രകാരം ക്രിസ്തുവിൽ വിളങ്ങിയിരുന്ന അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ സുകൃതങ്ങൾ വ്രതങ്ങളായി സ്വീകരിച്ച് സന്ന്യാസഭവനങ്ങളിൽ ജീവിക്കുന്നവരെയാണ് ക്രൈസ്തവസഭ, വിശേഷിച്ചും കത്തോലിക്കാസഭ, സന്യസ്തരെന്ന് വിളിക്കുന്നത്. പിതാവുമായി ഗാഢബന്ധം പുലർത്തിയ യേശുവിന്റെ താപസചൈതന്യത്തിൽ 'കൂടെയായിരിക്കുക' (ശിഷ്യനായിരിക്കുക), പ്രേഷിതചൈതന്യത്തിൽ പ്രസംഗിക്കുന്നതിനും സുഖപ്പെടുത്തുന്നതിനും പിശാചിൽ നിന്ന് സംരക്ഷിച്ച് ഇടയദൗത്യത്തോടെ നയിക്കുന്നതിനും 'അയയ്ക്കപ്പെടുക' (അപ്പസ്തോലനായിരിക്കുക/ശ്ലീഹയായിരിക്കുക) എന്നീ യേശുവിന്റെ രണ്ടുഭാവങ്ങൾ അടുത്തനുകരിക്കുന്നതിന്റെ തോതനുസരിച്ചാണ് സമർപ്പിതസമൂഹങ്ങളിൽ വൈവിധ്യങ്ങൾ ഉണ്ടായിരിക്കുന്നത് (Cf. LG 46).

ക്രിസ്തുവിനെ അടുത്തനുകരിക്കുന്നതോടൊപ്പംതന്നെ, സന്ന്യാസസമൂഹങ്ങൾ, ഓരോ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി സഭയ്ക്കും ലോകത്തിനും ചെയ്തിട്ടുള്ള സേവനങ്ങൾ ഏറെയുണ്ട്. നമ്മുടെ അതിരൂപതയിൽ 20 പുരുഷന്മാരുടെ സന്ന്യാസസമൂഹങ്ങളും 53 സ്ത്രീകളുടെ

വ്യത്യസ്ത സമർപ്പിതസമൂഹങ്ങളും 49 സന്ന്യാസപരിശീലനകേന്ദ്രങ്ങളുമുണ്ട്. ഏകദേശം 365 സന്ന്യാസഭവനങ്ങളിലായി 196 സന്ന്യാസവൈദികരും 31 സന്ന്യാസസഹോദരന്മാരും 3300 ഓളം സന്ന്യാസിനികളുമുണ്ട്. അതിരൂപതയിൽ നിന്നുള്ള ഏകദേശം 500 വൈദികരും ഏതാനും സഹോദരന്മാരും നാലായിരത്തോളം സിസ്റ്റേഴ്സും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി വിവിധ സേവനങ്ങളാൽ അതിരൂപതയെ ധന്യമാക്കുന്നു. അതിരൂപതയിലെ സമർപ്പിതസമൂഹങ്ങൾ 252 ജീവകാരുണ്യസ്ഥാപനങ്ങളും 288 വിദ്യാഭ്യാസസ്ഥാപനങ്ങളും ഏതാനും മാധ്യമ-സാംസ്കാരിക സ്ഥാപനങ്ങളും നടത്തുന്നു. ഹോം മിഷൻ പോലുള്ള കുടുംബപ്രേഷിതത്വപ്രവർത്തനങ്ങൾ, വിശ്വാസപരിശീലനം, ധ്യാനശുശ്രൂഷകൾ, കൂദാശകളുടെ പരികർമ്മങ്ങൾക്ക് (കുർബാന, കുമ്പസാരം) സഹായം, ആതുരശുശ്രൂഷാസേവനം തുടങ്ങി സമർപ്പിതർ ചെയ്യുന്ന സേവനം നിസ്തുലമാണ്. ചുരുക്കത്തിൽ, സന്ന്യാസ സമൂഹങ്ങളുടെ പ്രവർത്തനങ്ങളിലൂടെ സഭയുടെ സ്നേഹസാക്ഷ്യം വളരെയേറെ പ്രാവർത്തികമാകുന്നു.

സന്ന്യാസവർഷം പ്രഖ്യാപിച്ചുകൊണ്ട് 2014 നവംബർ 21ന് ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച പ്രബോധനത്തിൽ (*ആനന്ദത്തിന്റെ സാക്ഷികൾ*) മൂന്നു ലക്ഷ്യങ്ങളാണ് സമർപ്പിതവർഷാചരണത്തിന് നൽകിയിട്ടുള്ളത്. (1) നന്ദിയോടെ ഭൂതകാലത്തേക്ക് നോക്കുക: അതായത് സമർപ്പിതസമൂഹത്തിന്റെ സ്ഥാപകചൈതന്യത്തെക്കുറിച്ച് കൂടുതൽ അവബോധമുണ്ടായി, നഷ്ടപ്പെട്ടവയെ വീണ്ടെടുത്ത്, സമർപ്പിതജീവിതമാകുന്ന വലിയ ദാനത്തിന് സഭയൊന്നാകെ ദൈവത്തിന് നന്ദി പറയുക; (2) അത്യുത്സാഹത്തോടെ വർത്തമാനകാലത്തിൽ ജീവിക്കുക: അതായത് 'ആനന്ദത്തിന്റെ സാക്ഷികളാ'യി ക്രിസ്തുവിനെ അടുത്തനുകരിച്ച് സുവിശേഷത്തോട് അനുരൂപപ്പെട്ട്, എളിയ സഹോദരന്മാരോടുള്ള സ്നേഹം വർദ്ധമാനമാക്കി സാക്ഷ്യജീവിതം ഉജ്ജീവിപ്പിക്കുക; (3) പ്രത്യാശയോടെ ഭാവിയെ ആശ്ലേഷിക്കുക: ദൈവവിളികളുടെ കുറവ് ഉണ്ടാകുന്നത് ഉൾപ്പെടെയുള്ള ധാരാളം വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ പ്രത്യാശയോടെ, പ്രകാശിതമായ വിശ്വാസത്തോടെയും സാക്ഷ്യത്തോടെയും ജീവിക്കുക.

സമർപ്പിതവർഷാചരണത്തിന്റെ പശ്ചാത്തലത്തിൽ സമർപ്പിതജീവിതത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുക, സമർപ്പിത ദൈവവിളികൾ പ്രോത്സാഹിപ്പിക്കുക, അതിരൂപതയുടെ പശ്ചാത്തലത്തിൽ സമർപ്പിതപ്രേഷിതത്വം ഉജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഞാൻ ഈ ഇടയലേഖനം നിങ്ങൾക്കെഴുതുന്നത്. ആയതിനാൽ സമർപ്പിതവർഷാചരണത്തിന്റെ ഭാഗമായി തുടർന്നുള്ള മാസങ്ങളിൽ ചെയ്യാവുന്ന ഏതാനും കർമ്മപരിപാടികൾ താഴെ നിർദ്ദേശിക്കുന്നു.

1. സമർപ്പിതർക്കുവേണ്ടി പ്രാർത്ഥിക്കുകയും സമർപ്പിതരെ പരിചയപ്പെടുകയും ചെയ്യുക: സമർപ്പിതവർഷപ്രാർത്ഥന എല്ലാ ഭവനങ്ങളിലും സമൂഹങ്ങളിലും പള്ളിയിലും ചൊല്ലുക. സമർപ്പിതരെ ഇടവകയിലെ കുടുംബങ്ങൾ ദത്തെടുത്തു പ്രാർത്ഥിക്കുക. ഇടവകയിലെ സമർപ്പിതരെ അറിയിപ്പുകളിലൂടെയും ആധുനിക മാധ്യമങ്ങൾ വഴിയുള്ള ചിത്രീകരണങ്ങളിലൂടെയും ജനങ്ങൾക്ക് പരിചയപ്പെടുത്തുകയും നിശ്ചിതദിവസങ്ങളിൽ ഓരോരുത്തർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.

2. സമർപ്പിതദൈവവിളികൾ പ്രോത്സാഹിപ്പിക്കുക: മാതാപിതാക്കളും ഇടവകവൈദികരും മതാധ്യാപകരും വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അധികൃതരും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. സമർപ്പിതജീവിതത്തെക്കുറിച്ചുള്ള ബോധവത്കരണം മുതിർന്ന മതബോധനക്ലാസ്സുകളിലും കുടുംബകൂട്ടായ്മകളിലും യുവജനസംഘടനകളിലും നടത്തുക. വളരെ പ്രത്യേകമായി, സന്ന്യാസസഹോദരന്മാരുടെ (ഉദാ. എം. എം. ബി.) ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന വസ്തുത നിങ്ങളെ ഓർമ്മപ്പെടുത്തട്ടെ. സന്ന്യാസസഹോദരനായ വി. ഫ്രാൻസിസ് അസ്സീസി നൽകുന്ന ജീവിതമാതൃക സമർപ്പിതജീവിതത്തിന് ഉദാത്തമാണ്.

3. സന്ന്യാസപരിശീലനത്തിന് സാധിക്കുന്ന സാമ്പത്തികസഹായം നൽകുക.

4. സമർപ്പിതർ നടത്തുന്ന വിവിധ പ്രേഷിതപ്രവർത്തനങ്ങളെ സഹായിക്കുകയും അവരുടെ മിഷൻ രംഗങ്ങൾ സന്ദർശിച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

5. സമർപ്പിതസംഗമം നടത്തുക: എല്ലാ ഇടവകകളിലും സാധിക്കുന്നതുപോലെ ഫൊറോനകളിലും സമർപ്പിതസംഗമം നടത്തുക. ഇടവകാടിസ്ഥാനത്തിൽ സമർപ്പിതരുടെ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സംഗമം നടത്തുക.

6. അതിരൂപതാതലത്തിൽ സമർപ്പിതസംഗമം: അതിരൂപത ശതോത്തരരജതജൂബിലിയുടെ അവസരത്തിൽ നൽകപ്പെട്ട നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ 2016 മെയ് 14ന് അതിരൂപത സമർപ്പിതസംഗമം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. അതിരൂപതയിൽ നിന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സമർപ്പിതരെ ഈ കാര്യം അവരുടെ കുടുംബാംഗങ്ങളും ഇടവകനേതൃത്വവും മുൻകൂട്ടി അറിയിക്കുവാൻ താത്പര്യപ്പെടുന്നു.

7. വി. തോമാശ്ലീഹാ, വി. അൽഫോൻസമ്മ, വി. ചാവറയച്ചൻ, വി. എവുപ്രാസ്യാമ്മ, വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ തുടങ്ങിയ നമുക്ക് സ്വന്തമായ വിശുദ്ധരോടുള്ള ഭക്തി പ്രോത്സാഹിപ്പിക്കുക. വി. എവുപ്രാസ്യാമ്മയുടെ പ്രാർത്ഥനാജീവിതവും വി. ചാവറയച്ചന്റെ വിദ്യാഭ്യാസദർശനവും കുടുംബദർശനവും

വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ കുടുംബപ്രേഷിതത്വവും കൂടുതൽ പഠനവിഷയമാക്കണം.

8. വിശ്വാസപരിശീലനം, കൂദാശപരികർമ്മം, കുടുംബപ്രേഷിതത്വം, വിദ്യാഭ്യാസപ്രേഷിതത്വം, സാമൂഹികസേവനം മുതലായ കാര്യങ്ങളിൽ സമർപ്പിതരെ അംഗീകരിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും വേണം. പ്രവാചകദൗത്യത്തോടെ ലോകത്തെ ഉണർത്താൻ മാർപ്പാപ്പ നടത്തിയ ആഹ്വാനം പ്രാവർത്തികമാക്കാനുള്ള വേദികളാണ് മേല്പ്പറഞ്ഞവ.

9. സമർപ്പിതവർഷ ചൈതന്യത്തിൽ ഫ്രാൻസിസ് പാപ്പാ "കൂട്ടായ്മയുടെ വിദഗ്ധരാകാൻ" ആഹ്വാനം ചെയ്യുന്നുണ്ട്. ആ ദർശനം ഉൾക്കൊണ്ട് ഇടവക പൊതുകുടുംബമാണെന്നുള്ള ബോധ്യത്തിൽ വൈദികരും സമർപ്പിതരും അല്മായരും പരസ്പരധാരണയോടും കൂട്ടായ്മയോടും കൂട്ടുത്തരവാദിത്വത്തോടെയും പ്രവർത്തിക്കണം. അജപാലനകാര്യങ്ങളിലും ആരാധനക്രമങ്ങളിലും സമർപ്പിതരടക്കം എല്ലാവരും സഭാനിയമങ്ങളും സീറോമലബാർ സിനഡിന്റെ നിർദ്ദേശങ്ങളും അതിരൂപതാനിയമാവലിയും പാലിക്കേണ്ടതാണ്.

10. കരുണയുടെ ജൂബിലിവർഷത്തിനു നാം ഒരുങ്ങുകയാണ്. സമർപ്പിതസമൂഹങ്ങൾ 'കാരുണ്യത്തിന്റെ നനവായി' ദൈവജനത്തിന് അനുഭവവേദ്യമാകണം. ഒറ്റക്കെട്ടായി 'കരുണയുടെ മുഖം' ബഹുജനസമക്ഷം അവതരിപ്പിക്കാൻ നമുക്ക് സാധിക്കണം. നാം ചെയ്തുകൊണ്ടിരിക്കുന്ന സാമൂഹികക്ഷേമപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും കാര്യക്ഷമമാക്കുകയും വേണം. ഇടവക അടിസ്ഥാനത്തിൽ സാമൂഹികക്ഷേമസമിതികൾ ഉണ്ടാകണം. സ്ത്രീശാക്തീകരണം, സർക്കാരിൽ നിന്നും തദ്ദേശസ്ഥാപനങ്ങളിൽ നിന്നുമുള്ള അവകാശങ്ങളും ആനുകൂല്യങ്ങളും സംലഭ്യമാക്കൽ, പ്രകൃതിസംരക്ഷണം, മാലിന്യനിർമ്മാർജ്ജനം, കുടുംബമൂല്യങ്ങൾ പ്രോത്സാഹിപ്പിക്കൽ, പാലിയേറ്റീവ് കെയർ തുടങ്ങിയവ കൂട്ടായ രീതിയിൽ സഭയുടെ 'കരുണയുടെ മുഖം' അവതരിപ്പിക്കാൻ പറ്റിയ വേദികളാണ്.

ഈ സമർപ്പിതവർഷം നമ്മുടെ അതിരൂപതയ്ക്ക് പുതിയ ഉണർവിനും സമർപ്പിതദൈവവിളികളുടെ വളർച്ചയ്ക്കും സഭയുടെ 'കരുണയുടെ മുഖം' കൂടുതൽ പ്രകാശിതമാകുവാനും അവസരമുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സഭയിലെ വിവിധ സിദ്ധികളും ജീവിതാവസ്ഥകളും ക്രിസ്തുവിന്റെ ശരീരത്തെ പടുത്തുയർത്തുവാനും സഭയ്ക്ക് ലോകത്തിലുള്ള ദൗത്യം നിർവഹിക്കുന്നതിനുമായി പരിശുദ്ധാത്മാവ് നൽകുന്ന ദാനമാണെന്ന ബോധ്യത്തോടെ പ്രവർത്തിക്കുവാൻ ഇടയാകട്ടെ.

സമർപ്പിതരുടെ മാതൃകയും മധ്യസ്ഥയും പരി. കന്യകാമറിയമാണ്. അതിരൂപതയുടെ മധ്യസ്ഥയായ പരി. അമ്മയ്ക്ക് എല്ലാ സമർപ്പിതരേയും

സമർപ്പിക്കുന്നു. ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ലവണവും അതിരൂപതയുടെ ശക്തിയുമായി സമർപ്പിതർ കൂടുതൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കാൻ ഇടവരട്ടെ. അവർക്കുവേണ്ടി നാം തുടർന്നും പ്രാർത്ഥിക്കണം. സമർപ്പിതരെ ആദരിക്കുവാനും സംരക്ഷിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും വളർത്തുവാനും എല്ലാ വിശ്വാസികളേയും ഞാൻ ആഹ്വാനം ചെയ്യുന്നു. സമർപ്പിതരുടെ പ്രാർത്ഥന നമ്മെ ശക്തിപ്പെടുത്തും. എല്ലാവരെയും പരി. അമ്മയുടെ വിമലഹൃദയം വഴി ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിച്ചുകൊണ്ട്,

മിശിഹായിൽ നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്

തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത



**NB:** ഈ ഇടയലേഖനം 2015 ജൂലൈ 5ന് ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. **+AT**

**തൃശ്ശൂർ അതിരൂപത നിയമാവലിയുടെ പരിഷ്കരിച്ച പതിപ്പ് 08.12.2007ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഭേദഗതികളോടുകൂടി പരിഷ്കരിച്ച പുതിയ പതിപ്പ് 2015 ഏപ്രിൽ 5ന് പ്രസിദ്ധീകരിച്ചു. 2015 ജൂൺ 1 മുതൽ പരിഷ്കരിച്ച അതിരൂപതനിയമാവലി പ്രാബല്യത്തിൽ വന്നതായി അറിയിക്കുന്നു. പുതിയ നിയമാവലിയെ കുറിച്ചുള്ള അതിരൂപതാധ്യക്ഷന്റെ വിജ്ഞാപനം താഴെ കൊടുക്കുന്നു.**

703/2015 / 21.03.2015 C-5

# അതിരൂപത നിയമാവലി

യേശുവിൽ സ്നേഹമുള്ളവരേ,

"എല്ലാ കാര്യങ്ങളും ഉചിതമായും ക്രമമായും ചെയ്യുവിൻ" (1 കൊറി. 14:40). ഏതൊരു സമൂഹത്തിന്റെയും സുഗമവും ന്യായവുമായ ഭരണനിർവ്വഹണത്തിന് നിയതവും വ്യക്തവുമായ നിയമങ്ങൾ ആവശ്യമാണ്. ഈ ലക്ഷ്യത്തോടെയാണ് കത്തോലിക്കാസഭയിൽ 1917 ൽ പ്രാബല്യത്തിൽ വന്ന കാനോനസംഹിതയുടെ (CIC -1917) വെളിച്ചത്തിൽ *തൃശൂർ രൂപത നിയമാവലി* 18.12.1946 ൽ 1270/46–ാം നമ്പർ കല്പനപ്രകാരം പ്രസിദ്ധീകൃതമായത്.

സഭയിൽ കാലാനുസൃതമായ നവീകരണം ലക്ഷ്യം വച്ച് വിളിച്ചുചേർക്കപ്പെട്ട രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ദർശനങ്ങളും പ്രബോധനങ്ങളും, സഭയുടെ കാനോനസംഹിതയിൽ കാതലായ ഭേദഗതികൾ അനിവാര്യമാക്കിത്തീർത്തു. 1983–ലും 1990–ലും യഥാക്രമം പ്രസിദ്ധീകൃതമായ *കാനോനസംഹിത* (CIC)യിലും *പൗരസ്ത്യ കാനോനസംഹിത* (CCEO)യിലും കൗൺസിലിന്റെ സൃഷ്ടിപരമായ പുതിയ ഉൾക്കാഴ്ചകളും ദർശനങ്ങളും വീക്ഷണങ്ങളും തെളിഞ്ഞു കാണാവുന്നതാണ്. ഇതേ തുടർന്ന് ഈ സംഹിതകളുടെ അടിസ്ഥാനത്തിലും അവക്ക് വിരുദ്ധമാകാതെയും കത്തോലിക്കാക്കൂട്ടായ്മയിലെ വ്യക്തിസഭകളുടെ, പ്രത്യേകിച്ച് പൗരസ്ത്യസഭകളുടെ, പ്രത്യേക നിയ

മങ്ങളിലും ആ സഭകളിലെ ഓരോ രൂപതയുടെ വളരെ പ്രത്യേകമായ നിയമത്തിലും വേണ്ട ഭേദഗതികൾ വരുത്തി പരിഷ്ക്കരിക്കുക സ്വാഭാവികാവശ്യമായി മാറി. ഈ സാഹചര്യത്തിലാണ് 1947 മാർച്ച് 11 മുതൽ പ്രാബല്യത്തിലുള്ള *തൃശൂർ രൂപത നിയമാവലി* പരിഷ്ക്കരിക്കാൻ തീരുമാനിച്ചത്.

സഭയുടെ പൊതുനിയമങ്ങൾ, പ്രത്യേകിച്ച് *പൗരസ്ത്യ കാനോന സംഹിത* (CCEO), *സീറോ-മലബാർ സഭയുടെ പ്രത്യേക നിയമം* (PL), തൃശൂർ അതിരൂപതയുടെ നിലവിലുള്ള നിയമാവലി, 1947 മാർച്ച് 11-നു ശേഷം തൃശൂർ രൂപതാദ്ധ്യക്ഷൻമാർ കാലാകാലങ്ങളിൽ വിവിധ വിഷയങ്ങളോടനുബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള കല്പനകൾ, ഡിക്രികൾ, നിർദ്ദേശങ്ങൾ, അതിരൂപതയുടെ സാംസ്കാരിക പാരമ്പര്യങ്ങൾ, കീഴ്‌വഴക്കങ്ങൾ എന്നിവ ഉറവിടമാക്കിയാണ് പ്രസ്തുത നവീകരണം നടത്തിയത്.

2007 ഡിസംബർ 08-ന് അതിരൂപതയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥയായ അമലോത്ഭവമാതാവിന്റെ തിരുനാളിൽ, മുൻ നിയമാവലി പ്രസിദ്ധീകൃതമായതിന്റെ 61-ാം വാർഷികത്തിൽ, പ്രസിദ്ധീകരിച്ചിരുന്ന അതിരൂപതയുടെ പുതിയ നിയമാവലി 2008 മാർച്ച് 11-ന് മുൻ നിയമാവലി നിലവിൽ വന്നതിന്റെ 61-ാം വാർഷികത്തിലാണ് പ്രാബല്യത്തിലായ ത്. 2013 ഡിസംബറിൽ സീറോ മലബാർ സഭയുടെ പ്രത്യേക നിയമങ്ങൾ നവീകരിച്ച് പുനഃപ്രസിദ്ധീകരിച്ചു. മാത്രമല്ല, പല പുതിയ നിയമങ്ങളും അതിരൂപതയിൽ 2007ന് ശേഷം നടപ്പിൽ വരുത്തിയിട്ടുണ്ട്. അവയെല്ലാം കൂടി ഉൾപ്പെടുത്തി നവീകരിച്ച അതിരൂപത നിയമാവലി ഇപ്പോൾ പുനഃപ്രസിദ്ധീകരിക്കുകയാണ്. പുതിയ അതിരൂപത നിയമാവലി മൂന്ന് ഭാഗങ്ങളായാണ് പ്രസിദ്ധീകരിക്കുന്നത്. ഒന്നാം ഭാഗം അതിരൂപതയുടെ പൊതുനിയമങ്ങളും രണ്ടാം ഭാഗം സംഘടനകളുടെ നിയമാവലികളും മൂന്നാം ഭാഗം സ്ഥാപനങ്ങളുടെ നിയമാവലികളും ആയിരിക്കും.

നിയമാവലിയുടെ പരിഷ്ക്കരണം ഒരു യാഥാർത്ഥ്യമാക്കിയതിന് പിന്നിൽ പലരുടെയും കഠിനാദ്ധ്വാനമുണ്ട്. നിയമാവലിയുടെ പരിഷ്ക്കരണപ്രക്രിയയുടെ തുടക്കം മുതൽ ഇന്നുവരെ പലവിധത്തിലായി യത്നിച്ച അവരെല്ലാവരേയും ഞാൻ നന്ദിയോടെ ഓർക്കുന്നു. ഇതിനായി വളരെ പ്രത്യേകമായ വിധത്തിൽ അത്യദ്ധ്വാനം ചെയ്തിട്ടുള്ള

മാർ പോൾ ആലപ്പാട്ട്, ഫാ. ഫ്രാൻസീസ് ആളൂർ, ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി, ഫാ. പോൾ പുലിക്കോട്ടിൽ എന്നിവരോടുള്ള അതിരൂപതയുടെ നിസ്സീമമായ നന്ദിയും കടപ്പാടും ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു.

അതിരൂപതയാകുന്ന പ്രാദേശിക സഭയുടെ അജപാലന ശുശ്രൂഷ ഈ നിയമാവലി പ്രകാരം ക്രമീകരിക്കേണ്ടതാണ്. ബ. വൈദികർ ഇതിന്റെ ഉള്ളടക്കത്തെപ്പറ്റി ദൈവജനത്തിന് ആവശ്യമായ അവബോധം പകരേണ്ടതും വൈദികരും സന്യസ്തരും അല്മായരുമടങ്ങുന്ന അതിരൂപതാ ദൈവജനം മുഴുവനും ഈ നിയമാവലി പാലിക്കുകയും അതു പ്രകാരം അതിരൂപതയുടെ അജപാലനശുശ്രൂഷ നിർവ്വഹിക്കാൻ സഹായിക്കുകയും സഹകരിക്കുകയും ചെയ്യണം.

നിയമാവലിയിലെ നിബന്ധനകളുടെ വ്യാഖ്യാതാവ് അതിരൂപതാദ്ധ്യക്ഷൻ മാത്രമാണ്. ഇതിൽ പറഞ്ഞിരിക്കുന്ന നിയമങ്ങൾക്ക് വിരുദ്ധമായ ഒരു നിയമത്തിനും ഇനി മുതൽ സാധുതയുണ്ടായിരിക്കുകയില്ല. നിയമാവലിയിൽ വ്യക്തമായി പറയാത്ത കാര്യങ്ങൾ എന്തെങ്കിലും ഉണ്ടാകുന്ന പക്ഷം അവയെപ്പറ്റിയുള്ള അന്തിമ തീരുമാനം അതിരൂപതാദ്ധ്യക്ഷന്റേതായിരിക്കും.



അതിരൂപതയുടെ പരിഷ്ക്കരിച്ച നിയമാവലി പ്രസിദ്ധീകരിക്കാൻ അനുഗ്രഹിച്ച നല്ലവനായ ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ടും നല്ലയിടയനായ യേശുവിന്റെ സവിധത്തിലേക്ക് അതിരൂപതയുടെ മദ്ധ്യസ്ഥയായ പ. അമ്മയോടൊപ്പം തികഞ്ഞ അച്ചടക്കത്തോടും സഭാനേതൃത്വത്തോടുള്ള കൂട്ടായ്മയോടുംകൂടി തീർത്ഥാടനം ചെയ്യാൻ അതിരൂപതാതനയരെ ഈ നിയമാവലി സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും പിതാവിന്റെയും + പുത്രന്റെയും + പ. ആത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളേവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

സ്നേഹപൂർവ്വം

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത

# കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ

11-06-2015
സർക്കുലർ നമ്പർ കെ.സി.ബി.സി./ഇ.സി./03/2015

**(കേരളത്തിലെ റെഗുലർ ഇംഗ്ലീഷ്-മലയാളം വിദ്യാലയങ്ങളിൽ മൂല്യബോധനക്ലാസ്സുകൾ ക്രമീകരിക്കുന്നതു സംബന്ധിച്ച് കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ ബന്ധപ്പെട്ടവർക്ക് നല്കുന്ന നിർദ്ദേശങ്ങൾ)**

അഭിവന്ദ്യ പിതാക്കന്മാരേ, സമർപ്പിത സമൂഹശ്രേഷ്ഠരേ, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന വന്ദ്യവൈദികരേ, ബഹുമാനപ്പെട്ട സഹോദരിമാരേ, സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ശുശ്രൂഷകരേ,



പരിശുദ്ധ കത്തോലിക്കാസഭ മനുഷ്യവർഗ്ഗം മുഴുവന്റെയും അമ്മയാണ്. ആ നിലയിൽ മക്കളുടെ ഓരോ ചുവടുവയ്പും അതീവ ജാഗ്രതയോടും താത്പര്യത്തോടും കൂടിയാണ് സഭ നോക്കിക്കാണുന്നത്. ചെറുപ്രായത്തിൽ തന്നെ ഓരോ വ്യക്തിയും ജീവിതത്തിൽ അനുവർത്തിക്കേണ്ടതായ ധാർമ്മികമൂല്യങ്ങളെക്കുറിച്ച് അറിവുള്ളവരായി വളരണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. അദ്ധ്യാപകർക്കാണ് മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കാൻ കഴിയുന്നത്. അവർ മാതാപിതാക്കളുടെ സഹകാരികളെന്ന നിലയ്ക്കും സാമൂഹികജീവിതക്രമം പരിശീലിപ്പിക്കുന്നവരെന്നനിലയ്ക്കും കുട്ടികളുടെ ചിന്തകളെയും വാക്കുകളെയും ചലനങ്ങളെയും ഏറെ സ്വാധീനിക്കാൻ പോന്നവരാണ്. സഭ അദ്ധ്യാപകരുടെ നിസ്തുലവും നിർമ്മലവുമായ അർപ്പണത്തെ എല്ലാക്കാലത്തും വിലമതിച്ചിട്ടുണ്ട്. ഇന്നും അദ്ധ്യാപക സമൂഹത്തോടു സഭയ്ക്ക് അതിരറ്റ വാത്സല്യവും ആദരവുമാണുള്ളത്. അദ്ധ്യാപകർ മനസ്സറിഞ്ഞു കുട്ടികളുടെ ജീവിതത്തെ സ്പർശിച്ചാൽ വിദ്യാർത്ഥികൾ കുറ്റമറ്റവരാകും. നാടിന്റെ ശ്രേയസ്സിനും മനുഷ്യർ തമ്മിലുള്ള സമാധാനപൂർണ്ണമായ സഹവർത്തിത്വത്തിനും ഉതകുന്നവരായി വളരും. ഏല്പിക്കപ്പെട്ട വിഷയങ്ങൾ പഠിപ്പിച്ച് തീർക്കുകയും പരീക്ഷകൾ നടത്തി ക്ലാസ്സ് കയറ്റി വിടുകയും ചെയ്യുകയെന്ന സാമാന്യരീതി

യിൽനിന്ന് ജീവസ്സുറ്റ അദ്ധ്യാപന പ്രക്രിയയിലേക്ക് അദ്ധ്യാപകസമൂഹം ഉയർന്നു വരണം.

അവരവരുടെ വിഷയങ്ങൾ ക്ലാസ്സ് മുറികളിൽ കൈകാര്യം ചെയ്യുമ്പോൾത്തന്നെ വിവേകമതികളായ അദ്ധ്യാപകർ ജീവിതമൂല്യങ്ങൾ കുട്ടികളിലേക്ക് സന്നിവേശിപ്പിക്കും. എന്നാൽ പാഠഭാഗം തീർക്കാനുള്ള വ്യഗ്രതയും മറ്റ് ഉത്തരവാദിത്വങ്ങൾ സൃഷ്ടിക്കുന്ന ബദ്ധപ്പാടും പല അദ്ധ്യാപകരെയും കാതലായ ഈ ദൗത്യം നിർവ്വഹിക്കുന്നതിൽ വീഴ്ചയുള്ളവരാക്കുന്നു.

മൂല്യബോധനം നൽകേണ്ടതിന്റെ പ്രാധാന്യം എല്ലാവരെയും ഓർമ്മപ്പെടുത്തുന്നതിനും ഒരു നിശ്ചിതസമയം അതിനുവേണ്ടി മാറ്റിവയ്ക്കാൻ പ്രേരിപ്പിക്കുന്നതിനും വേണ്ടി കത്തോലിക്കാ വിദ്യാലയങ്ങളിൽ മൂല്യബോധനക്ലാസ്സുകൾ നിർബന്ധമായും നടത്തണമെന്ന് കേരളത്തിലെ മെത്രാൻസമിതി തീരുമാനിക്കുകയുണ്ടായി. അതിനെക്കുറിച്ച് കഴിഞ്ഞ വർഷം ഞാൻ നിങ്ങൾക്കെഴുതിയിരുന്നത് ഓർമ്മിക്കുമല്ലോ. ഈ അക്കാദമിക വർഷം മുതൽ നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും മൂല്യബോധനക്ലാസ്സുകൾ നടത്താൻ സമയം നിശ്ചയിക്കണം. മാത്രമല്ല പി.ഒ.സി. തയ്യാറാക്കി പ്രസിദ്ധം ചെയ്തിട്ടുള്ള പാഠപുസ്തകങ്ങൾ (ഇംഗ്ലീഷ്/മലയാളം) അതിനുപയോഗിക്കുകയും വേണം. അപ്രകാരം എല്ലാവരും ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷനെയാണ് മെത്രാൻ സമിതി ചുമതലപ്പെടുത്തിയിരിക്കുന്നത്.

റെഗുലർ വിദ്യാലയങ്ങളിലെ മൂല്യബോധനക്ലാസ്സുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ പി.ഒ.സി.യിൽനിന്നും വാങ്ങി വിതരണം ചെയ്യുന്നതിനും വിദ്യാഭ്യാസകമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പറുകൾ വാങ്ങി യഥാസമയം പരീക്ഷകൾ നടത്തുന്നതിനും ഉത്തരവാദിത്വപ്പെട്ട വൈദികനെ രൂപതകളിൽ നിയമിക്കാൻ അഭിവന്ദ്യ പിതാക്കന്മാർ ശ്രദ്ധിക്കുമല്ലോ. ചില രൂപതകളിൽ ഇപ്പോൾത്തന്നെ ഇക്കാര്യം നിർവ്വഹിക്കുന്നതിന് മതബോധന ഡയറക്ടറെയോ കോർപ്പറേറ്റ് മാനേജുമെന്റ് സെക്രട്ടറിയെയോ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് മറ്റുള്ളവർക്കും അനുകരിക്കാവുന്നതാണ്. ഏകതാനമായവിധം ഈ പ്രേഷിതപ്രവർത്തനം നടത്തുന്നതിന് കേന്ദ്രീകൃത സംവിധാനം ആവശ്യമാ

ണ്. എയ്ഡഡ്, മലയാളം-ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ്, സി.ബി.എസ്.സി, ഐ.സി.എസ്.സി, വിദ്യാലയങ്ങളുടെ ചുമതലക്കാർ അതാതു രൂപതകളിൽ ഇക്കാര്യത്തിനായി ഉത്തരവാദിത്വപ്പെട്ട വൈദികനോട് സഹകരിച്ച് പ്രവർത്തിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇതിനോടകം തന്നെ പല രൂപതകളിലെയും വിദ്യാലയങ്ങളിൽ മൂല്യബോധന ക്ലാസ്സുകൾ തുടങ്ങിയിട്ടുണ്ടെന്നറിയുന്നതിൽ സന്തോഷം. ചിലരെങ്കിലും കഴിഞ്ഞ വർഷത്തെ നിർദ്ദേശം മറന്നുകൊണ്ട് മറ്റ് ഏജൻസികളുടെ പുസ്തകങ്ങളാണ് ഉപയോഗിക്കുന്നതെന്നും അറിയുന്നു. അങ്ങനെയാണെങ്കിൽ അടുത്ത അക്കാദമിക വർഷം മുതൽ എല്ലാവരും പി.ഒ.സി.യുടെ പുസ്തകങ്ങൾ തന്നെ ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഏതു മാനേജുമെന്റിലെ വിദ്യാലയങ്ങളിലും ഉപയോഗിക്കാൻ യോജിച്ചവിധം തയ്യാറാക്കപ്പെട്ടിട്ടുള്ളതാണ ഈ പുസ്തകങ്ങൾ.

ജനുവരി മൂന്നാം വാരത്തിലെ ഒരു ദിവസം (തീയതി പിന്നീട് അറിയിക്കുന്നതാണ്) ഒരേ സമയത്തു തന്നെ എല്ലാ വിദ്യാലയങ്ങളിലും പരീക്ഷകൾ നടത്തേണ്ടതാണ്. കമ്മീഷൻ നിശ്ചയിച്ചറിയിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി അർഹിക്കുന്നവർക്ക് പ്രോത്സാഹനസമ്മാനങ്ങൾ നൽകുന്നതായിരിക്കും. മാനേജുമെന്റുകളും അദ്ധ്യാപക-അനദ്ധ്യാപക ശുശ്രൂഷകരും ഈ ദൗത്യത്തിൽ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷനോട് നിർലോപം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥിനീവിദ്യാർത്ഥികൾ മാന്യരും മൂല്യാധിഷ്ഠിത നിലപാടുകൾ സ്വീകരിക്കുന്നവരുമായി സാമൂഹിക ജീവിത വഴിത്താരകളിൽ സേവനനിരതരാകുമ്പോഴാണ് നാം നമ്മുടെ ദൗത്യത്തിൽ വിജയിക്കുന്നത്. കേവലം വിഷയാധിഷ്ഠിത അദ്ധ്യാപനത്തിനുപരിയായി നമ്മുടെ വിദ്യാർത്ഥികൾ ഉത്തരവാദിത്വമുള്ളവരും പൊതുനന്മയ്ക്കായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുമാകണമെന്ന താത്പര്യത്തോടെ സാമൂഹികജീവിതത്തിൽ അവർ ഭാഗഭാഗക്കുകളാകുന്നതിന് ഉതകുന്ന അദ്ധ്യാപനരീതിയാണ് അവലംബിക്കേണ്ടത്.

അഴിമതിയും ധൂർത്തും ലൈംഗികാസക്തിയുടെ ദുരുപയോ

ഗവും മദ്യവും ലഹരിയും കൊള്ളയും കൊലപാതകവും തജ്ജന്യമായ മറ്റു തിന്മകളും നമ്മുടെ സമൂഹത്തിൽ ആപത്കരമായി വർദ്ധിക്കുകയാണെന്ന വസ്തുത മറക്കരുത്. കത്തോലിക്കാമാനേജുമെന്റുകളും അദ്ധ്യാപകരും ആത്മാർത്ഥതയോടെ സ്ഥിരപരിശ്രമം ചെയ്താൽ ഈ തിന്മകളൊക്കെയും കുറയ്ക്കുവാൻ സാധിക്കും. അതിനുള്ള ആദ്യചുവടെന്ന നിലയിൽ മൂല്യബോധനക്ലാസ്സുകൾ ചിട്ടയായും ക്രമമായും നിഷ്ഠയോടെ നടപ്പിലാക്കാൻ നമുക്കു പ്രതിജ്ഞാബദ്ധരാകാം.

വിദ്യാഭ്യാസശുശ്രൂഷാമേഖലയിൽ നിങ്ങൾ നല്കി വരുന്ന നിസ്വാർത്ഥ സേവനങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു.

കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷന്റെ പ്രവർത്തനങ്ങളിൽ നിങ്ങൾ കാണിക്കുന്ന താത്പര്യത്തിനും സഹകരണത്തിനും ആത്മാർത്ഥതയോടെ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. നാമെല്ലാവരും ഒരേ ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിക്കുന്നവരാകയാൽ പരസ്പര ബഹുമാനത്തോടും സഹകരണത്തോടും കൂടി ഒരുമിച്ചു മുന്നേറാം. അതിന് നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹാ നമ്മെ അനുഗ്രഹിക്കട്ടെ.



**ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്,**
ചെയർമാൻ,
കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ

NB: ജൂലൈ മാസത്തിലെ ഔദ്യോഗിക ബുള്ളറ്റിനുകളിൽ പ്രസിദ്ധീകരിക്കാൻ.

Ref: 2857/K-5/KCBC/OL/DS
4.6.2015

# യുവജനദിനം 2015
## ജൂലൈ 5, ഞായർ

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

**"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ: അവർ ദൈവത്തെ കാണും" (മത്താ. 5:8)**

കർത്താവിൽ പ്രിയ യുവജനങ്ങളേ സഹോദരീ സഹോദരന്മാരേ,



ആഗോള കത്തോലിക്കാസഭ സമർപ്പിതർക്കുവേണ്ടി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന വർഷമാണല്ലോ 2015 - Year of consecreted Life. സമാധാനവും സന്തോഷവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ ആനന്ദത്തിന്റെ സാക്ഷികളായിക്കൊണ്ട് ലോകത്തെ വിളിച്ചുണർത്താനുള്ള (wake up the world) വലിയ ദൗത്യമാണ് സമർപ്പിതർക്കുള്ളതെന്ന് ഫ്രാൻസിസ് മാർപാപ്പ പഠിപ്പിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ആവശ്യങ്ങളോട് സർഗാത്മകമായി പ്രത്യുത്തരിക്കുവാൻ പരിശുദ്ധാത്മാവിനാൽ പ്രത്യേകമായി വിളിക്കപ്പെട്ട സമർപ്പിതർ യുവജനങ്ങൾക്ക് എന്നും മാതൃകയാകേണ്ടതാണ്.

**30-ാം ലോക യുവജനദിനം**

യുവജനങ്ങളുടെ മാർപാപ്പയെന്ന് വിളിക്കപ്പെടുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ നേതൃത്വത്തിൽ ആരംഭിച്ച ലോകയുവജനദിന ആഘോഷങ്ങൾ മൂന്നു പതിറ്റാണ്ടുകൾ പൂർത്തിയാക്കുന്ന ഈ വർഷം, യുവജനശുശ്രൂഷരംഗത്ത് ഒരുചരിത്ര മുഹൂർത്തമാണ്. നിറഞ്ഞ ആവേശത്തോടും ആഗ്രഹത്തോടും കൂടിയാണ് ലോകമെമ്പാടുമുള്ള യുവജനങ്ങൾ യുവജനസമ്മേളനങ്ങളെ ഇന്നോളം ഏറ്റുവാങ്ങിയിട്ടുള്ളത്.

യുവജനങ്ങളുടെ ഓരോ കൂടിവരവും അവരുടെ വിശ്വാസത്തിന്റെ പ്രഖ്യാപനമായി മാറി. മൂന്ന് പതിറ്റാണ്ടുകളായി തുടരുന്ന യുവജനങ്ങളുടെ ഈ വിശ്വാസതീർത്ഥാടനം അടുത്തവർഷം ഒത്തുചേരുന്നത് പോളണ്ടിലെ ക്രാക്കോവിലാണ് (Krakow).

**2015-ലെ വിചിന്തന വിഷയം**

വിശുദ്ധ മത്തായി ശ്ലീഹായുടെ സുവിശേഷം അഞ്ചാം അദ്ധ്യായത്തിൽ കാണുന്ന സുവിശേഷ സൗഭാഗ്യങ്ങളെ അധികരിച്ചുള്ള ചിന്തകളാണ് 2014-2015 വർഷങ്ങളിൽ തിരുസഭ പങ്കുവയ്ക്കുന്നത്. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്" (മത്താ. 5:3) എന്ന തിരുവചനത്തെ അടിസ്ഥാനമാക്കി ദാരിദ്ര്യത്തെയും ദരിദ്രരെയും സംബന്ധിക്കുന്ന മൂന്നു നിർദേശങ്ങൾ കഴിഞ്ഞവർഷം ഫ്രാൻസിസ് മാർപാപ്പ യുവജനങ്ങളോട് പങ്കുവച്ചിരുന്നു: 1) ദരിദ്രരെ സ്നേഹിക്കുവാൻ പഠിക്കുക (2) ദരിദ്രഭാവം സ്വന്തമാക്കുക (3) ദരിദ്രരിൽ നിന്നു പഠിക്കുക. 2015-ൽ മുപ്പതാം ലോകയുവജനദിനത്തോടനുബന്ധിച്ച് ആറാമത്തെ സുവിശേഷഭാഗ്യമായ, "ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ: അവർ ദൈവത്തെ കാണും" (മത്താ. 5:8) എന്ന തിരുവചനഭാഗമാണ് മാർപാപ്പ ലോകമെമ്പാടുമുള്ള യുവജനങ്ങൾക്കായി നൽകുന്നത്.



**ഹൃദയപരിശുദ്ധി, ദൈവത്തെ കാണുവാൻ**

ദൈവത്തോടും മാലാഖമാരോടുമൊപ്പം നടന്നിരുന്ന മനുഷ്യന്റെ ഹൃദയം അനുഭവിക്കുന്ന സ്വർഗീയ സൗഭാഗ്യത്തെ സന്തോഷത്തിന്റെ നിറവായി തിരുവചനം പഠിപ്പിക്കുന്നുണ്ട്. ദൈവിക അനുഗ്രഹങ്ങളാൽ നിറയുന്ന മനുഷ്യഹൃദയം അനുഭവിക്കുന്ന സന്തോഷത്തെ സുവിശേഷസൗഭാഗ്യങ്ങളിൽ കാണുന്ന "ഭാഗ്യവാൻ" എന്ന സംജ്ഞയോട് ചേർത്തുവയ്ക്കാവുന്നതാണ്.

സുവിശേഷഭാഗ്യങ്ങളിൽ "ഭാഗ്യവാൻ" എന്ന പ്രയോഗം ഒൻപതുതവണ ആവർത്തിക്കുന്നുണ്ട് (മത്താ. 5/1-12). ഓരോ യുവാവും യുവതിയും വിളിക്കപ്പെട്ടിരിക്കുന്നത് ഈ സൗഭാഗ്യാവസ്ഥയിൽ എത്തിച്ചേരുന്നതിനും അതിൽ നിലനിൽക്കുന്നതിനുമാണ്. തിന്മയുടെ മൂടുപടങ്ങളിൽനിന്നും നൈമിഷിക സന്തോഷങ്ങളിൽനിന്നും പുറത്തുവന്ന് സത്യ

ത്തിന്റെയും ധർമ്മത്തിന്റെയും സുതാര്യതയുടെയും യഥാർത്ഥ മുഖമായി യേശുവിന്റെ സാക്ഷികളായി മാറുവാനുള്ള വിളിയാണിത്. സമർപ്പിത ജീവിതത്തിന്റെ ചൈതന്യമുൾക്കൊണ്ടുകൊണ്ട്, വെല്ലുവിളികൾ നിറഞ്ഞ ആധുനിക ലോകത്തിൽ സന്തോഷത്തിന്റെ യുവജനസാക്ഷികളായ പുണ്യജന്മങ്ങളാകാൻ ഓരോ യുവാവിനെയും യുവതിയെയും ദൈവം ഇന്നും വിളിക്കുന്നുണ്ട്.

**സന്തോഷത്തിനുവേണ്ടിയുള്ള മനുഷ്യന്റെ ആഗ്രഹം**

ലോകമെങ്ങും ഇന്ന് സന്തോഷത്തിന്റെ പിന്നാലെ പായുകയാണ്. ധനത്തോടുള്ള അടങ്ങാത്ത ആഗ്രഹവും ജീവിത സൗകര്യങ്ങളുടെ ധാരാളിത്തവും മദ്യത്തിന്റെയും മയക്കമരുന്നിന്റെയും നിയന്ത്രണമില്ലാത്ത ഉപയോഗവും മനുഷ്യന്റെ സന്തോഷം തേടിയുള്ള വഴിപിഴച്ച യാത്രയുടെ പരിണിതഫലങ്ങളാണ്. ഏതുവിധേനയും സന്തോഷം നേടിയെടുക്കുവാനുള്ള മനുഷ്യന്റെ അടങ്ങാത്ത ത്വര, സൃഷ്ടിയുടെ ആദ്യസമയം മുതൽ തുടങ്ങിയതാണ്. ഉത്പത്തിപ്പുസ്തകത്തിൽ കാണുന്ന ആദിമാതാപിതാക്കളുടെ പാപാവസ്ഥ, നിഷിധമായ വഴികളിലൂടെ ദൈവത്തെ മാറ്റിനിറുത്തി, കൂടുതൽ സൗഭാഗ്യങ്ങളും സന്തോഷവും തേടുന്ന മനുഷ്യന്റെ നേർചിത്രമാണ്. തങ്ങളുടെ സമഗ്രവിമോചനത്തിനായി ഒരു രക്ഷകൻ വരണമേയെന്നുള്ള പഴയനിയമ ജനതയുടെ നിലവിളിയുടെ ആധുനികശബ്ദമാണ് ലോകമെങ്ങും നാം ഇന്ന് കേട്ടുകൊണ്ടിരിക്കുന്നത്.

**സാമൂഹികസന്തോഷത്തെ നഷ്ടപ്പെടുത്തുന്ന ഭീകരത**

തീവ്രവാദങ്ങളുടെ പേരിൽ സാമൂഹിക സന്തോഷം നഷ്ടപ്പെടുന്ന ഒരു കാലഘട്ടത്തിലൂടെ ലോകം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ആഗോളതലത്തിൽ ശാന്തിയും സമാധാനവും പുനഃസ്ഥാപിക്കുക എന്നത് ആധുനിക ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. മാലാഖമാരുടെ ഗാനങ്ങൾ ഉയരേണ്ട മേഘവിതാനങ്ങൾ, യുദ്ധവിമാനങ്ങളുടെയും മിസൈലുകളുടെയും കാതടപ്പിക്കുന്ന ശബ്ദത്താൽ ഭയജനകമായിരിക്കുന്നു. ശിശുക്കളുടെ പൊട്ടിച്ചിരികളും കിളികളുടെ നാദവുമുയരേണ്ട ഭൂമി തകർന്നടിഞ്ഞ ശവകൂമ്പാരങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ജീവിത സൗഭാഗ്യങ്ങളിലേക്കും സന്തോഷത്തിലേക്കും നയിക്കേണ്ട ആധുനിക കണ്ടുപിടിത്തങ്ങളും ശാസ്ത്ര സാങ്കേതിക വളർച്ചയും മനു

ഷ്യവംശത്തിന്റെയും പ്രകൃതിയുടെയും ഉന്മൂലനത്തിനായി ഭവിക്കുമോ എന്നു ഭയപ്പെടേണ്ടതായി വരുന്നു.

ലോകചരിത്രത്തിലിന്നോളം മതപീഡനങ്ങൾക്ക് ഇരകളാകുന്നതിൽ ഭൂരിപക്ഷവും യുവജനങ്ങളാണെന്ന് കാണാം. ഒരു നാടിനെയും സംസ്കാരത്തെയും വിശ്വാസത്തെയും തകർക്കാൻ യുവജനങ്ങളെ ഇല്ലാതാക്കുകയാണ് ഏറ്റവും വലിയ ആയുധമെന്നത് യുദ്ധതന്ത്രമാണ്. യേശുവിനെയും അവനിലുള്ള വിശ്വാസത്തെയും തള്ളിപ്പറയാത്തതിന്റെപേരിൽ തലയറക്കപ്പെട്ട യുവജനങ്ങളുടെ ഞെട്ടിപ്പിക്കുന്ന ചിത്രങ്ങളും വീഡിയോകളും മനുഷ്യജീവനുനേരെയും ധാർമ്മികതയ്ക്കുനേരെയും ഉയർന്നു വരുന്ന ഭീകരമായ വെല്ലുവിളികളാണ്. "മാനവികതയ്ക്കും ദൈവത്തിനുമെതിരായ അവഹേളനമാണിത്. ദൈവത്തിന്റെ പേരിൽ ഒരിക്കലും വിദ്വേഷവും വെറുപ്പും സൃഷ്ടിക്കരുത്. ദൈവത്തിന്റെ പേരിൽ യുദ്ധങ്ങൾ ഉണ്ടാക്കുകയുമരുത്." ലോക മനഃസാക്ഷിയെ വിളിച്ചുണർത്തുന്ന ഫ്രാൻസിസ് മാർപാപ്പയുടെ ഈ വാക്കുകൾക്ക് ഇനിയും ചെവികൊടുക്കാത്ത ക്രൂരമുഖങ്ങൾ ഇപ്പോഴും താണ്ഡവമാടുന്നു എന്നത് ഏറ്റവും വേദനാജനകമാണ്.

ഭയാശങ്കകൾ നിറയുന്ന ഈ ലോകത്തിൽ ക്രൈസ്തവർക്കു നൽകാൻ കഴിയുന്ന ജീവിതസാക്ഷ്യം വേറിട്ടതാവണമെന്ന് ഫ്രാൻസിസ് മാർപാപ്പാ പഠിപ്പിക്കുന്നു. ഈ ലോകത്തിൽ നാം വിശ്വാസിയായിരിക്കണമെന്നും ഈ വിശ്വാസത്തിന്റെ മൂലക്കല്ല് സുവിശേഷത്തിന്റെ സന്തോഷമായിരിക്കണമെന്നും അദ്ദേഹം ഓർമിപ്പിക്കുന്നു. വിശ്വാസത്തിന്റെ പേരിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വേദനിക്കുന്നവരെയും ശിരസ്സറ്റുവീഴുന്നവരെയും നാടുംവീടും വിട്ട് പലായനം ചെയ്യേണ്ടിവരുന്നവരെയും ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവരെയും ഓർത്തുകൊണ്ട്, പ്രതീക്ഷ നഷ്ടപ്പെടുന്ന ഒരു കാലഘട്ടത്തിലെ വിശുദ്ധജന്മങ്ങളാണ് ഈ മക്കളെന്ന് അദ്ദേഹം അനുസ്മരിക്കുന്നു.

ഭീതിജനകമാംവിധം വളർന്നുകൊണ്ടിരിക്കുന്ന ദൈവനിഷേധവും തൊഴിലില്ലായ്മയും മദ്യമയക്കുമരുന്നു സംസ്കാരങ്ങളും ആധുനിക മാധ്യമങ്ങളുടെ അതിപ്രസരവും ജീവനെതിരെ ഉയർന്നുവരുന്ന എല്ലാ മരണസംസ്കാരങ്ങളും യുവജനങ്ങളുടെ പഠനത്തിനും പരിചിന്തന

ത്തിനും വിഷയീഭവിക്കണം. വെല്ലുവിളികളിൽ തളരാതെ ഒരു ഫീനിക്സ് പക്ഷിയെപ്പോലെ അവർ ഉണർന്നെഴുന്നേൽക്കണം. നമ്മുടെ കലാലയങ്ങളെയും യുവതലമുറയെയും കേന്ദ്രീകരിച്ചുകൊണ്ട് വളർന്നു വരുന്ന മയക്കുമരുന്നു സംസ്കാരത്തിനെതിരേ കർമ്മ പരിപാടികളുമായി രംഗത്തിറങ്ങേണ്ടത് യുവജനങ്ങൾ തന്നെയാണ്. പാവനമായ കുടുംബബന്ധങ്ങളുടെ തകർച്ചയുൾപ്പെടെ ഇന്ന് സമൂഹത്തിൽ കാണുന്ന എല്ലാ മൂല്യശോഷണങ്ങളുടെയും അടിസ്ഥാന കാരണം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗമാണെന്നു കണ്ടെത്താനാകും. സാമൂഹികസന്തോഷം നഷ്ടപ്പെടുത്തുന്ന ഇപ്രകാരമുള്ള ഭീകരതകളുടെ അധിനിവേശത്താൽ പ്രതീക്ഷ നഷ്ടപ്പെടുന്ന ഒരു തലമുറയുടെ മുന്നണിപ്പോരാളികളാകുവാനുള്ള വിളി ഓരോ ക്രൈസ്തവ യുവാവിനും യുവതിയ്ക്കുമുണ്ട്.

**സന്തോഷത്തിന്റെ യുവജനസാക്ഷികൾ**

അസമാധാനവും അക്രമവും സാമൂഹിക അനീതികളും അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന ഈ കാലഘട്ടത്തിൽ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും യുവജനസാക്ഷികളെ ഉയർത്തിക്കൊണ്ടുവരുക എന്നത് യുവജനങ്ങളുടെയും സഭയുടെയും സമൂഹത്തിന്റെയും ആവശ്യമാണ്. സമൂഹത്തിൽ ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാറുവാനുള്ള യുവജനങ്ങളുടെ ദൗത്യം എക്കാലത്തേക്കാളും ഇന്ന് ആവശ്യമായിരിക്കുന്നു. ഇതിനായി ജീവിതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു സമൂഹത്തിന്റെ ഉയിർത്തെഴുന്നേൽപ് യുവജനങ്ങളിലൂടെ സാധ്യമാകണം.

ഹൃദയവിശുദ്ധയുള്ളവരായി, ദൈവത്തെയും മനുഷ്യനെയും പ്രകൃതിയെയും സ്നേഹിക്കുകയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു തലമുറയുടെ അഭാവം ഈ കാലഘട്ടത്തിന്റെ ശോചനീയാവസ്ഥയാണ്. ഈ കാലഘട്ടത്തിൽ സന്തോഷത്തിന്റെ സാക്ഷികളാകുവാൻ മാർപാപ്പ മുൻപോട്ടുവയ്ക്കുന്ന പത്തു നിർദേശങ്ങൾ യുവജനങ്ങളും യുവജനശുശ്രൂഷയിൽ ഏർപ്പെടുന്ന ഏവരും പ്രാവർത്തികമാക്കേണ്ടതാണ്. ജീവിക്കുക ജീവിക്കാനനുവദിക്കുക, നിങ്ങളെ മറ്റുള്ളവർക്കായി നൽകുക, ജീവിതത്തിൽ ശാന്തത കൈവെടിയാതിരിക്കുക, ഒഴിവുവേളകൾ ആരോഗ്യകരമായി ചെലവഴിക്കുക, ഞായറാഴ്ച

കൾ കുടുംബത്തിനായി മാറ്റിവയ്ക്കുക, യുവജനങ്ങളെ പ്രചോദനപരമായ മാന്യതയുള്ള ജോലികളിൽ ഉൾപ്പെടുത്തുക, പ്രകൃതിയോട് ബഹുമാനമുള്ളവരായിരിക്കുക, നിഷേധാത്മകമായി പ്രതികരിക്കാതിരിക്കുക, മതസ്വാതന്ത്ര്യത്തെ ഹനിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കുക, സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുക എന്നിവയാണ് ആ പത്തു നിർദേശങ്ങൾ.

**ഉപസംഹാരം**

ലോകത്തെ വിളിച്ചുണർത്താൻ വിളിക്കപ്പെട്ട യുവജനങ്ങളുടെചൈതന്യം സമർപ്പിതചൈതന്യമാണ്. ഈ വർഷത്തെ യുവജനദിന ചിന്തകൾക്കാധാരമായ "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും" എന്ന തിരുവചനവാക്യം സമർപ്പിത ചൈതന്യത്താൽ നിറഞ്ഞ യുവജനഹൃദയത്തിന്റെ നേർക്കാഴ്ചയാണ്. ഓരോ യുവജനദിനാഘോഷവും യുവജനങ്ങളിലൂടെ നവീകരിക്കപ്പെടുന്ന പുതുലോകത്തിലേക്കുള്ള പ്രയാണത്തിന്റെ ഓർമ്മപ്പെടുത്തലാവണം. എല്ലാ യുവജനങ്ങൾക്കും യുവജനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
വൈസ് ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ

**ബിഷപ്പ് തോമസ് മാർ അന്തോണിയോസ്**
വൈസ് ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ

**N.B.** 2015 ജൂലൈ 5-ാം തീയതി നമ്മുടെ എല്ലാ ദൈവാലയങ്ങളിലും, അന്നേ ദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കേണ്ടതാണ്.

# സീറോ മലബാർ മാട്രിമോണിയൽ നെറ്റ്‌വർക്കിനെ സംബന്ധിച്ച സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട സഹോദരി  സഹോദരിമാരെ,

സഭയുടെയും സമുദായത്തിന്റെയും സമൂഹത്തിന്റേയും അടിസ്ഥാനം കുടുംബമാണല്ലോ. കുടുംബം നന്നായാൽ ഇവ മൂന്നും നന്നാകും. അതുകൊണ്ട് നല്ല കുടുംബങ്ങൾ രൂപീകരിക്കപ്പെടേണ്ടത് ഇവയുടെ നിലനിൽപ്പിനെ അത്യന്താപേക്ഷിതമാണ്. എന്നാൽ അനുയോജ്യമായ ജീവിത പങ്കാളിയെ കണ്ടെത്തു എന്നത് ഇന്നൊരു പ്രയാസമേറിയ കാര്യമാണ്. സീറോ മലബാർ സഭയിൽ ഇതൊരു പ്രതിസന്ധി തന്നെ സൃഷ്ടിച്ചിട്ടുണ്ട്. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലേക്കും ഇന്ത്യയ്ക്ക് പുറത്തേയ്ക്കുമുള്ള യുവജനങ്ങളുടെ കുടിയേറ്റത്തിന്റെ സൃഷ്ടിയാണ് ഒരു പരിധി വരെ ഈ പ്രതിസന്ധി പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും വിദ്യാഭ്യാസ നിലവാരത്തിലുള്ള അസന്തുലിതാവസ്ഥയും ഇതിന് ആക്കം കൂട്ടുന്നുണ്ട്.



നാട്ടിൽ നിന്നും വീട്ടിൽ നിന്നും അകലെയായിരിക്കുന്ന യുവജനങ്ങൾക്ക് പരമ്പരാഗത ശൈലിയിൽ ജീവിത പങ്കാളിയെ കണ്ടെത്താനുള്ള സാദ്ധ്യത ഇന്ന് വളരെ കുറവാണ്. അതുകൊണ്ട് കുടുതൽ പേരും ഇന്റർനെറ്റിനെ ആശ്രയിച്ച് ഓൺലൈൻ മാട്രിമോണിയൽ സൈറ്റുകളിലേക്ക് പേര് രജിസ്റ്റർ ചെയ്താണ് വധൂവരന്മാരെ കണ്ടെത്തുന്നത്. സ്വന്തം മതത്തിനും സമുദായത്തിനും പുറത്ത് നിന്ന് ജീവിത പങ്കാളിയെ കണ്ടെത്താനുള്ള പ്രവണത ഇവിടെ കൂടുതലാണ്. ഇതിനൊരു പരിഹാരമായിട്ടാണ് സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയായുടെ നേതൃത്വത്തിൽ ഒരു ഓൺലൈൻ മാട്രിമോണയയിൽ സർവ്വീസ് ആരംഭിച്ചിരിയ്ക്കുന്നു. www.syromalabarmatrimony.org എന്ന വിലാസത്തിൽ അത് നിങ്ങൾക്ക് കണ്ടെത്താവുന്നതാണ്

syromalabarmatrimony.org സീറോ മലബാർ സഭയിലെ ഭൂരിപക്ഷം രൂപതകലുടെയും സഹകരണത്തോടെ നടത്തപ്പെടുന്ന ഒരു സേവനമാണ്. കുറഞ്ഞ ചെലവിൽ വിശ്വാസത്തോടെ ജീവിത പങ്കാളിയെ കണ്ടെത്താനുള്ള സൗകര്യം ഈ സേവനം ഒരുക്കുന്നു. ഇപ്പോൾ തന്നെ ഭാഗികമായി ഈ സേവനം ലഭ്യമാണ്. 2015 ജൂൺ 7 മുതൽ വളരെ വിപുലമായ സൗകര്യങ്ങലോടെ നിങ്ങൾക്കിത് ലഭ്യമാണ്. രജിസ്റ്റർ ചെയ്ത എല്ലാവരുടേയും വിവര

ങ്ങൾ ലഭ്യമാണ്. ഓരോ രജിസ്ട്രേഷനും പൂർത്തിയാക്കുന്നതിന് മുമ്പായി ഓരോരുത്തരെപ്പറ്റിയുള്ള വിവരങ്ങൾ അന്വേഷിച്ചറിഞ്ഞ് സത്യമാണ് എന്ന് ഉറപ്പ് വരുത്തിയ ശേഷമേ രജിസ്ട്രേഷൻ പൂർത്തിയാക്കുകയുമുള്ളൂ. അതു കൊണ്ട് പ്രൊഫൈലിൽ പറഞ്ഞരിക്കുന്ന കാര്യങ്ങളിൽ നിങ്ങൾക്ക് സംശയം ഉണ്ടാകേണ്ടതില്ല.

സീറോ മലബാർ മാട്രിമണി നെറ്റ് വർക്കിന്റെ സേവനം പരമാവധി ഉപ യോഗപ്പെടുത്തി നമ്മുടെ കുടുംബങ്ങളുടെ ഭദ്രത ഉറപ്പ് വരുത്താം. ഏവർക്കും syromalabarmatrimony.org എന്ന സൈറ്റിലേക്ക് സ്വാഗതം ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് ജോസഫ് പൊരുന്നേടം**

ചെയർമാൻ

സീറോ മലബാർ ചർച്ച് ഇന്റർനെറ്റ് മിഷൻ

തൃശ്ശൂർ അതിരൂപത സീറോമലബാർ ഓൺലൈൻ മാട്രിമോണയി യുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നുണ്ട്.

www.lifematrimonial.com എന്ന വിലാസത്തിൽ തൃശ്ശൂർഅതിരൂ പതാംഗങ്ങൾക്ക് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻസാധിക്കും. കൂടുതൽ വിവരങ്ങൾക്ക് അതിരൂപത ഫാമിലി അപ്പൊസ്തോലേറ്റുമായി ബന്ധ പ്പെടാവുന്നതാണ്.



# കച്ചേരിക്കാര്യങ്ങൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | | |
|---|---|---|---|
| ജൂലൈ | 3 | : | **മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ** |
| | | : | **ആദ്യവെള്ളി** |
| | 5 | : | **ശ്ലീഹാ ഏഴാം ഞായർ** |
| | 10 | : | കർത്താവിന്റെ എഴുപത് ശിഷ്യന്മാർ |
| | 11 | : | വി. ബനഡിക്ട് |
| | 12 | : | **കൈത്താക്കാലം ഒന്നാം ഞായർ** |
| | 15 | : | വി. കുരിയാക്കോസും വി. ജൂലിറ്റായും |
| | 16 | : | കർമ്മലമാതാവ് |
| | 17 | : | നിസിബിസിലെ വി. യാക്കോബ് |
| | 19 | : | **കൈത്താക്കാലം രണ്ടാം ഞായർ** |
| | 25 | : | വി. യാക്കോബ് ശ്ലീഹാ |
| | | : | വി. ജൊവാക്കിമും വി. അന്നയും |
| | 26 | : | **കൈത്താക്കാലം മൂന്നാം ഞായർ** |
| | 28 | : | വി. അൽഫോൻസ |
| | 29 | : | വി. മർത്താ |
| | 31 | : | വി. ഇഗ്നേഷ്യസ് ലെയോള |

**2. ജൂലൈ മാസത്തിലെ പരിപാടികൾ:**

| | | |
|---|---|---|
| 01 | 07.30 pm | സാമ്പത്തികസമിതി യോഗം |
| 06 | 10:30 am - 12:30 pm | സ്ഥാപനഡയറക്ടേഴ്സിന്റെ യോഗം 2 (വിദ്യാഭ്യാസ സ്ഥാപനങ്ങൾ) |
| 09 | 10:30 am - 12:30 pm | സ്ഥാപനഡയറക്ടേഴ്സിന്റെ യോഗം 3 (സാമൂഹ്യസ്ഥാപനങ്ങൾ) |
| 13 | 10:30 am - 12:30 pm | സ്ഥാപനഡയറക്ടേഴ്സിന്റെ യോഗം 4 (സെമിനാരി, ഡി. ബി. സി. എൽ. സി., പാസ്റ്ററൽ സെന്ററുകൾ) |

| | | |
|---|---|---|
| 25 | | മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ |
| 30 | 10:30 am - 04:00 pm | വിയാനി ഡേ & വൈദികസമ്മേളനം |
| | 04:00 pm - 05:00 pm | ആലോചനസമിതിയോഗം |

**3. കൈത്താക്കാലം:**

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ അനുസ്മരിച്ചുകൊണ്ടാണ് ശ്ലീഹാക്കാലത്തിനുശേഷം വരുന്ന ഈ കാലം ആരംഭിക്കുന്നത്. സാധാരണയായി ഏഴ് ആഴ്ചകൾ നീണ്ടുനിൽക്കുന്ന ഈ കാലത്തെ കൈത്താക്കാലം എന്നു വിളിക്കുന്നു. 'കൈത്ത' എന്ന പദത്തിന്റെ അർത്ഥം 'വേനൽ' എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുക. ശ്ലീഹാക്കാലത്തെ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടപ്പെട്ട സഭാതരു വളർന്നു പന്തലിച്ചു ഫലം പുറപ്പെടുവിക്കുന്നതിനെ ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് സഭയുടെ വളർച്ചയുടെ കാലമായി ഈ കാലം പരിഗണിക്കപ്പെടുന്നു.

സഭയുടെ വളർച്ചയെ നിയന്ത്രിക്കുന്ന മാനദണ്ഡം ഈ ലോകത്തിൽ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്ന വ്യക്തികളുടെ ജീവിതമാണ്. അതുകൊണ്ട് സഭയുടെ വിശ്വസ്ത സന്താനങ്ങളായ ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ഓർമ്മ ഈ കാലത്തിന്റെ പ്രത്യേകതയാണ്. അവരുടെ ജീവിതചര്യ അനുകരിക്കാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ടെന്ന വസ്തുതയും ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. യഥാർത്ഥവളർച്ച ആന്തരികനവീകരണത്തിൽ അടങ്ങിയിരിക്കുന്നു. നിയമാനുഷ്ഠാനത്തിലൂടെ മനസ്സിന്റെയും ഹൃദയത്തിന്റെയും നവീകരണം വഴി ഒരു സമൂലപരിവർത്തനം അനിവാര്യമായിരിക്കുന്നു എന്ന് ഈ കാലം ഓർമ്മിപ്പിക്കുന്നു.

**4. തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ**

ജൂലൈ 25 അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളാണ്. അഭിവന്ദ്യപിതാവിന് അതിരൂപത മുഴുവന്റെയും സ്നേഹാശംസകൾ. അന്നേദിവസം ദിവ്യബലികളിൽ പിതാവിനെ പ്രത്യേകം ഓർത്തു പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**5. സീറോ മലബാർ സഭാദിനം**

ജൂലൈ 3ന് സീറോ മലബാർ സഭാദിനമാണല്ലോ. അന്നേ ദിവസം നമ്മുടെ സഭക്കും മേജർ ആർച്ച്ബിഷപ്പിനും വേണ്ടി പ്രാർത്ഥിക്കണം. അന്നേ ദിവസം കുർബാന മധ്യേയെടുക്കുന്ന പ്രത്യേക പിരിവ് കാക്കനാട് മൗണ്ട് സെ.തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ സാമ്പത്തിക കാര്യാലയത്തിലേക്ക് അയച്ചു കൊടുക്കുവാനായി ജൂലൈ 20ന് മുമ്പ് അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്. (ഒരാൾക്ക് 2 രൂപ വീതം).

**6. അതിരൂപത നിയമാവലി**

തൃശ്ശൂർ അതിരൂപത നിയമാവലിയുടെ പരിഷ്കരിച്ച പതിപ്പ് 08.12.2007ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഭേദഗതികളോടുകൂടി പരിഷ്കരിച്ച പുതിയ പതിപ്പ് 2015 ഏപ്രിൽ 5ന് പ്രസിദ്ധീകരിച്ചു. 2015 ജൂൺ 1 മുതൽ പരിഷ്കരിച്ച അതിരൂപതനിയമാവലി പ്രാബല്യത്തിൽ വന്നതായി അറിയിക്കുന്നു. പുതിയ നിയമാവലിയെ കുറിച്ചുള്ള അതിരൂപതാധ്യക്ഷന്റെ വിജ്ഞാപനം ഈ ബുള്ളറ്റിനിൽ (പേജ് 15) കൊടുത്തിട്ടുണ്ട്.

തൃശ്ശൂർ അതിരൂപത നിയമാവലി പരിഷ്കരിച്ച പതിപ്പ് ഒന്നാം ഭാഗം വിതരണത്തിന് തയ്യാറായിരിക്കുന്നു. നിയമാവലിയുടെ കോപ്പികൾ ഡി. ബി. സി. എൽ. സി. ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. തൃശ്ശൂർ അതിരൂപതയിലെ അംഗങ്ങളായ വൈദികർക്ക് ഓരോ കോപ്പി സൗജന്യമായി വാങ്ങാവുന്നതാണ്.

**7. തിരുക്കർമ്മധർമ്മവിവരം**

2012ൽ പ്രസിദ്ധീകരിച്ച തിരുകർമ്മ ധർമ്മവിവരത്തിന്റെ പരിഷ്കരിച്ച പുനഃപ്രസിദ്ധീകരണ പതിപ്പ് വിതരണത്തിന് തയ്യാറായിട്ടുണ്ട്. കോപ്പികൾ ഡി. ബി. സി. എൽ. സി. ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.

**8. മൂല്യബോധന ക്ലാസ്സുകൾ**



കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ പുറപ്പെടുവിച്ചിരിക്കുന്ന സർക്കുലറിലെ നിർദ്ദേശാനുസരണം കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും ( State- English/Malayalam, CBSE, ICSE) മൂല്യബോധന ക്ലാസ്സുകൾ നടത്തേണ്ടതാണ്. പി. ഒ.സിയിൽ നിന്നും മൂല്യബോധന ക്ലാസ്സുകൾക്കുള്ള പാഠപുസ്തകം ലഭിക്കുന്നതാണ്. കൂടുതൽ നിർദ്ദേശങ്ങൾക്ക് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷന്റെ സർക്കുലർ അന്യത്ര കൊടുത്തിരിക്കുന്നു (പേജ് 18)

**9. വിയാനി ഡേ**

വിയാനി ഡേയും വൈദികസമ്മേളനവും ജൂലൈ 30 വ്യാഴാഴ്ച രാവിലെ 10:30 മണി മുതൽ മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു. രജത ജൂബിലി ആഘോഷിക്കുന്ന ഫാ. ജോർജ്ജ് ചെറുവത്തൂർ, ഫാ. ബാബു പാണാട്ടുപറമ്പിൽ, ഫാ. ജിഫി മേക്കാട്ടുകുളം, ഫാ. ലോറൻസ് തൈക്കാട്ടിൽ, ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട്, ഫാ. പോൾ പുളിക്കൻ, ഫാ. ജോസ് ചാലക്കൽ, ഫാ. ദാവീദ് വിതയത്തിൽ എന്നിവരെ ഈ യോഗത്തിൽ പ്രത്യേകം അനുമോദിക്കുന്നതാണ്.

**10. Information :** It is hereby informed that Fr. Sebastian (alias Seby) Kundukulam belonging to Lourde's Forane Parish, Gandhipuram in the Eparchy of Ramanathapuram and enrolled as a priest of the same eparchy has been prohibited by Bishop Mar Paul Alappatt as per the Order No.

86/2015 dated 05.06.2015, from exercising priestly as well as pastoral functions, in accordance with the Power of Order and Power of Juridiction, i.e. from the preaching of the Word of God, celebration of the Holy Eucharist and administration of other sacraments and sacramentals including prayer with Eucharistic exposition, conducting para-liturgical services, other devotions etc. (ref. CCEO cc.1446, 1448#2) with effect from 08.06.2015 until further orders.

**11. കത്തോലിക്ക കോൺഗ്രസ്സ്**

കത്തോലിക്ക കോൺഗ്രസ്സിന്റെ അതിരൂപത ഇലക്ഷൻ ജൂലായ് 5-ാം തിയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ആർച്ച്ബിഷപ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നു.

**12. വൈദികരുടെ വാർഷികധ്യാനം :**

ബ. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം സെപ്തംബർ 20 മുതൽ 25 വരെയും സെപ്തംബർ 27 മുതൽ ഒക്ടോബർ 2 വരെയും രണ്ടു ബാച്ചുകളിലായി നടത്തുന്നു. *(വൈദികർ പങ്കെടുക്കേണ്ട ബാച്ചിന്റെ ലിസ്റ്റ് അതിരൂപത ബുള്ളറ്റിൻ 2015 ജൂൺ കാണുക)*

ധ്യാനവേദി : മേരി മാതാ മേജർ സെമിനാരി

ധ്യാനഗുരു : ബഹു. ഫാ. ജോമോൻ കൊച്ചുകണിയാംപറമ്പിൽ MCBS



- മേരിമാതാ മേജർ സെമിനാരിയായിരിക്കും ധ്യാനവേദി. മുഴുവൻ സമയവും സെമിനാരിയിൽ താമസിച്ചു ധ്യാനിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ഇടവകകളിലും സ്ഥാപനങ്ങളിലും കാലേക്കൂട്ടി ചെയ്യണം.
- ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്കു പുസ്തകം, ബൈനേഷൻ & ട്രൈനേഷൻ കണക്ക്, കുമ്പസാര പത്തേന്തി, മരണപത്രം (എഴുതാത്തവർ) എന്നിവ കൊണ്ടു വരണം.
- അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസവൈദികർക്ക് ഈ ധ്യാനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുണ്ടെങ്കിൽ എത്രയുംവേഗം അതിരൂപത കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.
- എല്ലാ ബഹു. വൈദികരും പൊതുവാർഷികധ്യാനത്തിൽ പങ്കെടുക്കണമെന്നാണ് അഭിവന്ദ്യപിതാവിന്റെ താത്പര്യം. ഏതെങ്കിലും കാരണവശാൽ പൊതുധ്യാനത്തിൽ പങ്കെടുക്കാൻ കഴിയാത്ത ബഹു. വൈദികർ ഡിസംബർ 31നു മുമ്പ് സ്വന്തമായി വാർഷികധ്യാനം നടത്തി കുമ്പസാരപത്തേന്തിയും കുർബാനകണക്കും അതിരൂപത കാര്യാലയത്തിൽ സമർപ്പിച്ച് പുതുക്കേണ്ടതാണ്.

- ബഹു. വൈദികർക്കാർക്കെങ്കിലും ബാച്ചുകൾ മാറുന്നതിനോ ലീവിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നവർക്ക് പൊതുധ്യാനത്തിൽ പങ്കെടുക്കുന്നതിനോ ആഗ്രഹമുണ്ടെങ്കിൽ അക്കാര്യം **2015 ആഗസ്റ്റ് 15നു** മുമ്പായി അതിരൂപത കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

**13. വൈദികനിയമനം :**

| | |
|---|---|
| 1. ഫാ. അലൻ ടോണി ഊക്കൻ SDV | – നടത്തുവികാരി നന്തിപുലം; സാധുത 2015 ജൂൺ 1 മുതൽ 13 വരെ. |
| 2. ഫാ. മേജോ മരോട്ടിക്കൽ | – റീജൻസിയും ഡിഗ്രിയും ചെയ്യുന്ന സെമിനാരിക്കാരുടെ ആനിമേറ്റർ; സാധുത 2015 മെയ് 14 മുതൽ. |
| 3. ഫാ. ആന്റണി ചെമ്പകശ്ശേരി | – മാനേജർ കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി, അതിരൂപത എജുക്കേഷൻ സെക്രട്ടറി, മാനേജർ സെന്റ് തോമസ് ഹയർസെക്കന്ററി സ്കൂൾ, ഡയറക്ടർ ടീച്ചേഴ്സ് ഗിൽഡ് എന്നിവ കൂടി; സാധുത 2015 മെയ് 25 മുതൽ. |
| 4. ഫാ. തോമസ് കാക്കശ്ശേരി | – മാനേജർ കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി, അതിരൂപത എജുക്കേഷൻ സെക്രട്ടറി, മാനേജർ സെന്റ് തോമസ് ഹയർസെക്കന്ററി സ്കൂൾ, ഡയറക്ടർ ടീച്ചേഴ്സ് ഗിൽഡ് എന്നിവ ഒഴിവായി; സാധുത 2015 മെയ് 25 മുതൽ. |
| 5. ഫാ. ഏബിൾ ദേവസ്സി ചിറമ്മൽ | – അസി. മാനേജർ കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ എച്ച്. എസ്. എസ്., ഐ. സി. എസ്. ഇ., ടി. ടി. ഐ. എന്നിവ കൂടി; സാധുത 2015 മെയ് 25 മുതൽ. |
| 6. ഫാ. ലാസർ താണിക്കൽ | – നടത്തുവികാരി തങ്ങാലൂർ & കല്ലോൻ തങ്ങാലൂർ ഡി. പി. എം. & മുണ്ടത്തിക്കോട് നിർവൃതി സി. എസ്. സി.; അസോസിയേറ്റ് വാർഡൻ സെന്റ് തോമസ് ഹോസ്റ്റൽ & വികാരി – ഇൻ-ചാർജ്ജ് പുല്ലംകണ്ടം എന്നിവ ഒഴിവായി; സാധുത 2015 മെയ് 27 മുതൽ. |
| 7. ഫാ. സ്റ്റിഷിൻ കുണ്ടുകുളം | – നടത്തുവികാരി കുണ്ടുകാട് & പുല്ലംകണ്ടം, കല്ലോൻ ഒ. എസ്. എഫ് & എസ്. |

| | |
|---|---|
| | എം. സി.; സാധുത 2015 ജൂൺ 1 മുതൽ. |
| 8. ഫാ. ടെൻസ് കുന്നപ്പിള്ളി | - അസി. ഡയറക്ടർ ഡി. ബി. സി. എൽ. സി., മതബോധനം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി, അതിരൂപത ലൈബ്രറി, റിലീജിയസ് സ്റ്റാൾ; സാധുത 2015 മെയ് 25 മുതൽ. |
| 9. ഫാ. സെബി ചിറ്റിലപ്പിള്ളി | - നടത്തുവികാരി അരിമ്പൂർ & കപ്ലോൻ എഫ്. സി. സി. ഒഴിവായി; സാധുത 2015 ജൂൺ 1 മുതൽ. |
| 10. ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി | - നടത്തുവികാരി അരിമ്പൂർ & കപ്ലോൻ എഫ്. സി. സി.; സാധുത 2015 ജൂൺ 1 മുതൽ. |
| 11. ഫാ. സലീഷ് അറങ്ങാശ്ശേരി | - സഹവികാരി അമ്മാടം, സഹവികാരി അരിമ്പൂർ ഒഴിവായി; സാധുത 2015 ജൂൺ 1 മുതൽ. |
| 12. ഫാ. ലിജോ അതിയുന്തൻ CMI | - സഹവികാരി അരിമ്പൂർ; സാധുത 2015 ജൂൺ 1 മുതൽ. |
| 13. ഫാ. ജിബിൻ താഴേക്കാടൻ | - അതിരൂപത കാര്യാലയത്തിലെ സഹായി; സഹവികാരി അമ്മാടം ഒഴിവായി; സാധുത 2015 ജൂൺ 1 മുതൽ. |
| 14. ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | - നോട്ടറി അതിരൂപത കാര്യാലയം കൂടി; സാധുത 2015 ജൂൺ 1 മുതൽ. |
| 15. ഫാ. ഫിജോ ആലപ്പാടൻ | - അസി. ഡയറക്ടർ അതിരൂപത ഗായക സംഘം & നോമിനേറ്റഡ് അംഗം കലാസദൻ കൂടി; സാധുത 2015 ജൂൺ 1 മുതൽ. |
| 16. ഫാ. ടെഡ്സ് കുന്നപ്പിള്ളി | - കോർഡിനേറ്റർ അതിരൂപത സോഷ്യൽ അപ്പസ്തോലേറ്റ് ചേലക്കര സോൺ കൂടി; സാധുത 2015 ജൂൺ 1 മുതൽ. |
| 17. ഫാ. തോമസ് എടക്കളത്തൂർ | - പഠനാവധി 2015 ജൂൺ 1 മുതൽ ഡിസംബർ 31 വരെ. |

**14. പ്രത്യേക അനുവാദങ്ങൾ :**

**തെരട്ട്**

1. ഒല്ലൂർ ദേവമാത കപ്പേളയുടെ 2014-2015 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 999/2015)

2. ചെവ്വൂർ സെന്റ് മേരീസ് കപ്പേളയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 1032/2015).
3. ഒല്ലൂർ ഇടവക ചിയ്യാരം സെന്റ് മേരീസ് കപ്പേളയുടെ 2014-2015 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 1033/2015).
4. ഒല്ലൂർ ഇടവക പനംകുറ്റിച്ചിറ സെന്റ് മേരീസ് കപ്പേളയുടെ 2014-2015 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 1061/2015).
5. ഒല്ലൂർ ഇടവക അവിണിശ്ശേരി സെന്റ് മേരീസ് കപ്പേളയുടെ 2014-2015 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 1062/2015).
6. ഒല്ലൂർ ഇടവക പരി. ദേവമാത കപ്പേളയുടെ 2014-2015 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 1064/2015).

**പ്രത്യേക നിയമനങ്ങൾ**

**1. അതിരൂപത ഫിനാൻസ് കൗൺസിൽ**

മാർ റാഫേൽ തട്ടിൽ
മോൺ. ജോർജ്ജ് എടക്കുളത്തൂർ
മോൺ. ജോർജ്ജ് കോമ്പാറ
ഫാ. ജോയ് മൂക്കൻ
ഫാ. പോൾ പേരാമംഗലത്ത്
ഫാ. ജോർജ്ജ് ചെറുവത്തൂർ
ശ്രീ. ടി. കെ. അന്തോണിക്കുട്ടി
ശ്രീ. ജോസഫ് കാങ്കപ്പാടൻ
ശ്രീ. ജോണി പി. ജെ.
ശ്രീ. ബെന്നി ജോസഫ് നീലങ്കാവിൽ
ശ്രീ. തോബിയാസ് കല്ലൂക്കാരൻ
അഡ്വ. രജിത്ത് ആറ്റത്ര
ശ്രീ. ജോസ് പോട്ടോക്കാരൻ

**2. ഹോം ഓഫ് ലവ്**

**എക്സിക്യൂട്ടീവ് കമ്മറ്റിയിലെ പുതിയ അംഗങ്ങൾ**

അതിരൂപത ഫിനാൻസ് ഓഫീസർ, ഫാ. ജോയ് മൂക്കൻ
അതിരൂപത ചാൻസലർ, ഫാ. മാത്യു കുറ്റിക്കോട്ടയിൽ
ഡയറക്ടർ & മുളയം വികാരി, ഫാ. ജിക്സൺ താഴത്ത്

+ [signature]

**മാർ റാഫേൽ തട്ടിൽ**
തൃശ്ശൂർ അതിരൂപത സഹായമെത്രാൻ




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| Date | Day | Time | Programme |
|---|---|---|---|
| 01 | Wed | Evening | Finance Council |
| | | | For Priests & Religious |
| 02 | Thu | Morning | Meeting at Mt. St. Thomas |
| 03 | Fri | Morning | Holy Mass at Palayoor |
| | | Evening | Ecumenical Meeting Inauguration – Minor Seminary |
| 04 | Sat | | Engaged |
| 05 | Sun | | Engaged |
| 06 | Mon | Morning | Holy Mass & Chapel Blessing at M.I Convent Thrissur |
| | | | Institutional Directors' Meeting (Education) |
| | | Afternoon | Engaged for Forane meeting |
| 07 | Tue | Morning | Curia Meeting |
| | | Afternoon | Engaged for Forane meeting |
| 08 | Wed | | Engaged for Forane meeting |
| | | Evening | JMMC Trust Meeting |
| 09 | Thu | Morning | Holy Mass at Marymatha Major Seminary |
| | | | Institutional Directors' Meeting (Social) |
| | | Afternoon | Engaged for Forane meeting |
| 10 | Fri | Morning | Holy Mass at Minor Seminary |
| | | | **For the People** |
| | | Afternoon | Engaged for Forane meeting |
| 11 | Sat | | Engaged for Forane meeting |
| 12 | Sun | | Engaged |
| 13 | Mon | Morning | Institutional Directors' Meeting |
| | | | (Seminaries, DBCLC, Pastoral Centre) |
| | | Afternoon | Engaged for Forane meeting |
| 14 | Tue | Morning | Curia Meeting |
| **15 - 29** | | | **Out of Station** |
| 30 | Thu | Morning | Priests' Conference, Vianney Day & Feast Day of |
| | | | Celebrations of Mar Thoomkuzhy |
| | | Evening | Consulters' Meeting |
| 31 | Fri | Morning | Out |



# സഹായമെത്രാന്റെ പരിപാടികൾ

July 2015



| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 01-07 | | | Retreat - Dubai |
| 08 | WED | Morning | Office work |
| 09 | THU | Morning | KST- Meeting |
| | | Evening | Holy Qurbana -Trichur, St Mary's College |
| 10 | FRI | Morning | Office work |
| 11-14 | SAT | Morning | Bangalore |
| 15 | WED | Morning | St. Thomas College |
| 16 | THU | Morning | St. Thomas College |
| 17 | FRI | Morning | St. Thomas College |
| 18 | SAT | Morning | Ordination- Choodal |
| | | | Dn. Lenin Chacramackal Ofm. Cap |
| 19 | SUN | Morning | Thaikattussery- laying the foundation stone of the Catechism Hall |
| 20 | MON | Morning | Pala, Bharananganam- Holy Qurbana |
| 21 | TUE | Morning | Office work |
| 22 | WED | Morning | Office work |
| 23 | THU | Morning | Office work |
| 24 | FRI | Morning | Office work |
| 25 | SAT | Morning | Holy Qurbana-Minor Seminary |
| 26 | SUN | Morning | Office work |
| 27 | MON | Morning | Office work |
| 28 | TUE | Morning | Pullazhy- St. Joseph Bhavan |
| 29 | WED | Morning | Office work |
| 30 | THU | Morning | Priest Conference |
| 31 | FRI | Morning | Office work |

# നാളാഗമം

**മെയ്- 2015**

01. അഭിവന്ദ്യ താഴത്ത് പിതാവ് മരത്താക്കരയിൽ നടന്ന മെയ് ദിനാഘോഷത്തിൽ പങ്കെടുത്ത് ദിവ്യബലിയർപ്പിച്ചു. അന്ന് ഉച്ചതിരിഞ്ഞ് അരണാട്ടുകരപള്ളി വെഞ്ചിരിപ്പിനും ദിവ്യബലി യർപ്പണത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് അങ്കമാലി ബസിലിക്ക പള്ളിയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ച് ആദ്യവെള്ളി തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി. വൈകിട്ട് ചുവന്നമണ്ണ് പള്ളിയിൽ വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി. മരിയാപുരം പള്ളിയിൽ ഇടവകദിനത്തിൽ പങ്കെടുത്തു.

02. അഭിവന്ദ്യ താഴത്ത് പിതാവ് പേരാമംഗലത്തെ മൗണ്ട് കാൽവരി കോൺവെന്റിന്റെ ജൂബിലിയാഘോഷത്തിൽ പങ്കെടുക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു. തൈക്കാട്ടുശ്ശേരി പള്ളിയിലെ ആദ്യകുർബ്ബാന സ്വീകരണത്തിനും സ്ഥൈര്യലേപനത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ വി. ബലിയർപ്പിച്ചു. അരണാട്ടുകര പള്ളിയിൽ ആദ്യകർബാനസ്വീകരണത്തോടനുബന്ധിച്ചുള്ള ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വൈകിട്ട് ഒല്ലൂർ ഏയ്ഞ്ചൽ നഗർ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി.

03. അഭിവന്ദ്യ താഴത്ത് പിതാവ് കാവീട് ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് കുറ്റൂർ പള്ളിയിൽ വി. ബലിയർപ്പിച്ച് മതബോധനഹാളിന്റെ ശിലാസ്ഥാപനം നടത്തി. പൂങ്കുന്നം പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി. വൈകിട്ട് പടവരാട് ഇടവകയിലെ പെരുവാംകുളങ്ങര കപ്പേള വെഞ്ചിരിച്ചു. ലൂർദ്ദ് കത്തീഡ്രൽ, ബസിലിക്ക ഇടവകകളിൽ ഇടവകദിനങ്ങളിൽ പങ്കെടുത്തു.

04. അഭിവന്ദ്യ താഴത്ത് പിതാവ് അസ്സീസി പ്രോവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയാഘോഷത്തിൽ പങ്കെടുക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് മണ്ണംപേട്ടയിൽ നടന്ന മർത്ത സന്യാസിനീസമൂഹത്തിന്റെ സന്യാസവസ്ത്രസ്വീകരണത്തിനും ദിവ്യബലിക്കും മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ചേറൂർ മൗണ്ട് കാൽവരി സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ വി. ബലിയർപ്പിച്ച് വചനശസന്ദേശം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് രണ്ടാം വർഷ തത്ത്വശാസ്ത്ര വിദ്യാർത്ഥികളെ വ്യക്തിപരമായി കണ്ടു. കുരിയച്ചിറ പള്ളിയിൽ ഇടവകദിനത്തിൽ പങ്കെടുത്തു.

05. അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ ബസിലിക്ക, തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ, പെരിങ്ങോട്ടുകര എന്നീ ഇടവകകളിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

06. അഭിവന്ദ്യ താഴത്ത് പിതാവ് പൊയ്യ ഇടവകയിൽവെച്ചു നടന്ന ബഹുമാനപ്പെട്ട തോമസ് പഞ്ഞിക്കാരനച്ചന്റെ സുവർണ്ണ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. ചേലക്കര ഫൊറോന ഇടവകയിൽ നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

07. അഭിവന്ദ്യ താഴത്ത് പിതാവ് മേജർ സെമിനാരി കോൺഫറൻസിൽ ബ്രദേഴ്സിനോടുകൂടെ ദിവ്യബലിയർപ്പിച്ചു. അന്നേ ദിവസം അവരോടൊപ്പം ചർച്ചയിലും മീറ്റിംങ്ങിലും പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ലൂർദ്ദ്, വടക്കാഞ്ചേരി ഫൊറോനകളിൽ നടന്ന മാസധ്യാനങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതവ് എസ്. എ.ബി.എസ് സിസ്റ്റേഴ്സിന്റെ ആലുവ ജനറലേറ്റിൽ വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി, മീറ്റിംങ്ങിൽ പങ്കെടുത്തു.

08. അഭിവന്ദ്യ തട്ടിൽ പിതാവ് മേജർ സെമിനാരി ബ്രദേഴ്സിന്റെ കോൺഫറൻസിനോടനുബന്ധിച്ച് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി.വേലൂർ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി.

09. അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ ബ്രദേഴ്സിന്റെ തിരുവസ്ത്ര സ്വീകരണത്തിലും ദിവ്യബലിക്കും മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ഏങ്ങണ്ടിയൂർ പള്ളിയിൽ ആദ്യകർബാനസ്വീകരണത്തോടനുബന്ധിച്ച് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.സമർപ്പിത വർഷത്തോടനുബന്ധിച്ച് ബസിലിക്ക പള്ളിയിൽ നടത്തിയ സമർപ്പിത സംഗമത്തിൽ തട്ടിൽ പിതാവ് പങ്കെടുത്തു. പുറനാട്ടുകര പള്ളിയിൽ നവവൈദികൻ ലിന്റോ ചിറ്റിലപ്പിള്ളിയ്ക്ക് നൽകിയ അനുമോദനയോഗത്തിൽ പങ്കെടുത്തു.

10. അഭിവന്ദ്യ താഴത്ത് പിതാവ് അമ്മാടം ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് താന്ന്യം പള്ളിയിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. അമലനഗർ പള്ളിയിൽ ആദ്യകർബ്ബാനസ്വീകരണത്തോട നുബന്ധിച്ചുള്ള ശശ്രൂഷകൾക്ക് നേതൃത്വം നൽകി. നടത്തറ പള്ളിയിൽ വി. ബലിയർപ്പിച്ച് ഇടവക ദിനത്തിൽ പങ്കെടുത്തു.

12. അഭിവന്ദ്യ തട്ടിൽ പിതാവ് ചിയ്യാരം ക്വീൻ മേരീസ് കോൺവെന്റിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

13. അഭിവന്ദ്യ തട്ടിൽ പിതാവ് വെള്ളാറ്റഞ്ഞൂർ പള്ളിയിൽ തിരുനാളിനോടനു ബന്ധിച്ച് വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി.

14. അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ നടന്ന സെലക്ഷൻ ക്യാമ്പിൽ ദിവ്യബലിയർപ്പിക്കുകയും ഇന്റർവ്യൂ നടത്തുകയും ചെയ്തു.

കണ്ടശ്ശാംകടവ് ഫൊറോനയിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

16. അഭിവന്ദ്യ താഴത്ത് പിതാവ് ചൂണ്ടൽ ഇടവകയിൽ നടന്ന ഡീക്കൻ ജോഷി ചൂണ്ടലിന്റെ തിരുപ്പട്ട സ്വീകരണത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് ചിറനെല്ലൂർ ഇടവക ദിനത്തിനും ഇടകവ പ്രഖ്യാപനാഘോഷ പരിപാടികളിലും പങ്കെടുത്തു.

17. അഭിവന്ദ്യ പിതാക്കന്മാർ കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ സ്കൂളിൽ നടന്ന ആഞ്ചലോസ് 2015-ൽ പങ്കെടുത്ത് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചതിരിഞ്ഞ് സി.എൽ.സി യുടെ ഡയമണ്ട് ജൂബിലിയാഘോഷത്തിന്റെ സമാപന മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. പെരിഞ്ചേരി ഇടവകയുടെ സമർപ്പിത സംഗമത്തിലും ഇടവക ദിനാഘോഷത്തിലും പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ബ്രഹ്മകുളം പള്ളിയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. തൃക്കൂർ പള്ളിയിൽ ആദ്യകുർബാനസ്വീകരണത്തോടനുബന്ധിച്ചുള്ള ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. വൈകീട്ട് കിരാലൂർ പള്ളിയിൽ ജൂബിലി സമാപനാഘോഷങ്ങളോടനുബന്ധിച്ച് നടത്തിയ പൊതുസമ്മേളനത്തിൽ തട്ടിൽ പിതാവ് പങ്കെടുത്തു.

18. അഭിവന്ദ്യ താഴത്ത് പിതാവ് സിനഡിനോടനുബന്ധിച്ച് ഡി. ബി. സി. എൽ. സി. യിൽ സെമിനാറിൽ പങ്കെടുത്തു.

19. അഭിവന്ദ്യ തട്ടിൽ പിതാവ് ബഹു. സിസ്റ്റേഴ്സിനുവേണ്ടി ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തിയ പാസ്റ്ററൽ ഓറിയന്റേഷൻ കോഴ്സിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി.

20. അഭിവന്ദ്യ പിതാക്കന്മാർ പാലയൂരിൽ നടന്ന അതിരൂപതാ ദിനാഷോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ചെമ്പുക്കാവ് ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

23. അഭിവന്ദ്യ താഴത്ത് പിതാവ് മമ്മിയൂർ എൽ.എഫ്. കോൺവെന്റിലെ കപ്പേളയുടെ വെഞ്ചിരിപ്പിനും ദിവ്യബലിക്കും മുഖ്യകാർമ്മികത്വം വഹിച്ചു. അളഗപ്പനഗർ ആനിമേഷൻ സെന്ററിൽ നടന്ന ലോഫ് ധ്യാനത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

24. അഭിവന്ദ്യ താഴത്ത് പിതാവ് ജീസ്സസ് യൂത്തിന്റെ 'Commitment Day' ൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഉച്ചതിരിഞ്ഞ് ചിറ്റിശ്ശേരി ഇടവകയുടെ സുവർണ്ണജൂബിലി സമാപനത്തിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും പൊതുയോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ചിറ്റിലപ്പിള്ളി പള്ളിയിൽ ഊട്ടുതിരുനാളിനോടനുബന്ധിച്ച് വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ചേർപ്പ് പള്ളിയിൽ സി. എൽ. സി. യുടെ ജൂബിലിയോടനുബന്ധിച്ച് ആഘോഷപരിപാടികളിൽ പങ്കെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ 'ബോൺ നത്താലെ'യോടനുബന്ധിച്ച് നടത്തുന്ന ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി കോട്ടപ്പടി ഇടവകയിൽ പണിതീർത്ത ഭവനത്തിന്റെ വെഞ്ചിരിപ്പും താക്കോൽ ദാനവും നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് പീച്ചി പള്ളിയിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.
26. അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ തിരുഹൃദയ ലത്തീൻ പള്ളിയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.
27. അഭിവന്ദ്യ പിതാക്കന്മാർ മേരിമാത മേജർ സെമിനാരിയിൽ നടന്ന പ്രോവിൻസ് മീറ്റിംഗിൽ സംബന്ധിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ഗുരുവായൂർ പുഷ്പാലയ കോൺവെന്റിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.
28. അഭിവന്ദ്യ താഴത്ത് പിതാവ് Excel ടീച്ചിംഗ് സ്റ്റാഫിന്റെ സെന്റ് തോമസ് കോളേജിൽ വച്ചു നടന്ന മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് വെളപ്പായ പള്ളിയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.
29. അഭിവന്ദ്യ താഴത്ത് പിതാവ് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ 'ബോൺ നത്താലെ'യോടനുബന്ധിച്ച് നടത്തുന്ന ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി മറ്റം ഇടവകയിൽ പണിതീർത്ത ഭവനത്തിന്റെ വെഞ്ചിരിപ്പും താക്കോൽ ദാനവും നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.
30. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചതിരിഞ്ഞ് മർത്ത സന്യാസിനീസമൂഹത്തിന്റെ പുതിയ ഡയബെറ്റിക് ക്ലിനിക്കിന്റെ വെഞ്ചിരിപ്പുകർമ്മം നടത്തി. നന്തിപുലം, ആറംപിള്ളി ഇടവകകളിൽ സെമിത്തേരി വെഞ്ചിരിപ്പിനും ദിവ്യബലിക്കും മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. വരന്തരപ്പിള്ളി പള്ളിയിൽ വി. ബലിയർപ്പിച്ചു. അഞ്ഞൂർ പള്ളിയിൽ സമർപ്പിത സംഗമത്തോടനുബന്ധിച്ച് നടന്ന ആഘോഷപരിപാടികളിൽ പങ്കെടുത്തു. വൈകിട്ട് കോട്ടപ്പടി പള്ളിയിൽ വി.ബലിയർപ്പിച്ച് നവീകരിച്ച കപ്പേള വെഞ്ചിരിച്ചു
31. അഭിവന്ദ്യ താഴത്ത് പിതാവ് 'ബോൺ നത്താലെ'യുടെ ഭാഗമായി ദൈവശബ്ദത്തിന്റെ നേതൃത്വത്തിൽ നടത്തിയ വിവാഹസഹായ പദ്ധതിയുടെ ഭാഗമായി നവദമ്പതികളായ 18 നവകുടുംബങ്ങളുടെ സ്വീകരണ ചടങ്ങിൽ പങ്കെടുത്തു. തിരുത്തിപറമ്പ് ഇടവകയിലെ കപ്പേള വെഞ്ചിരിപ്പിന് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് കിഴക്കേ ആളൂർ ഇടവകയിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

# ആന്റണി തച്ചുപറമ്പിൽ

ദൈവദാസൻ ബഹു. തച്ചുപറമ്പിൽ അന്തോണിയച്ചന്റെ 52-ാം ശ്രാദ്ധദിനം ജൂൺ 9 ചൊവ്വാഴ്ച, ചേലക്കര സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ സമുചിതമായി ആചരിച്ചു. 1930 മുതൽ 1963 വരെ ചേലക്കരയിലും പരിസര പ്രദേശത്തും നിറപ്രകാശമായി ശോഭിച്ചിരുന്ന അന്തോണിയച്ചൻ മൺമറഞ്ഞിട്ട് 52 വർഷമാകുന്നു.

52-ാം ശ്രാദ്ധദിനത്തിന്റെ ആരംഭമായി 2015 ജൂൺ 7 ന് മുള്ളൂർക്കര കത്തോലിക്കാ ദൈവാലയത്തിൽ 1.30 ന് നടന്ന ദിവ്യ ബലിക്ക് ശേഷം ചേലക്കര ഫൊറോന ദേവലായത്തിലേക്ക് ദൈവദാസൻ അനുസ്മരണ തീർത്ഥാടന പദയാത്ര ആരംഭിച്ചു. വാഹന സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് കാൽനടയായി അച്ചൻ നടത്തിയിരുന്ന ശുശ്രുഷകളെ ഓർക്കുന്നതായിരുന്നു തീർത്ഥാടന പദയാത്ര. മോൺസിഞ്ഞോർ ഫാ. ജോർജ് എടക്കുളത്തൂർ, റവ. ഫാ. പോൾ പുളിക്കൻ, ഫൊറോന വികാരി ഫാ. റാഫേൽ താണിശ്ശേരി എന്നിവർ പദയാത്രക്ക് നേതൃത്വം നല്കി. സമർപ്പിതരും അത്മായരുമായി നൂറുകണക്കിനാളുകൾ പ്രസ്തുത ചടങ്ങിൽ പങ്കെടുത്തു. പള്ളിയിൽ പദയാത്ര സമാപിച്ചപ്പോൾ, ബഹു. തോബിയാസ് ചാലക്കലച്ചന്റെ സമാപന സന്ദേശവും ഉണ്ടായിരുന്നു.

2015 ജൂൺ 9 നാണ് ദൈവദാസൻ ബഹു. തച്ചുപറമ്പിൽ അന്തോണിയച്ചന്റെ ശ്രാദ്ധദിനം, ചേലക്കര സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ 10 നാണ് രാമനാഥപുരം രൂപതാ മെത്രാൻ മാർ പോൾ ആലപ്പാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാനയോടെ ആരംഭിച്ചത്. പോസ്റ്റുലേറ്റർ റവ. ഡോ. പോൾ പുളിക്കൻ, ഫാ. ജോർജ്ജ് കണ്ണാത്ത്,. ഫൊറോന വികാരി ഫാ. റാഫേൽ താണിശ്ശേരി, കോട്ടാറ്റ് ഇടവകവികാരി കല്ലേലിയച്ചൻ തുടങ്ങിയവർ സഹകാർമ്മികരായിരുന്നു.

കുർബാനമധ്യേ വചന സന്ദേശത്തിൽ, രാമനാഥപുരം രൂപതാ മെത്രാൻ പോൾ ആലപ്പാട്ട് പിതാവ് അഫ്രേം പുണ്യവാന്റെ സ്മരണാദിനമായ ജൂൺ 9, ദൈവദാസൻ ബഹു. തച്ചുപറമ്പിലച്ചന്റെ ശ്രാദ്ധദിനമായത് വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണെന്ന് സൂചിപ്പിക്കുകയുണ്ടായി.

തനിക്ക് അനുകരിക്കാവുന്ന സിദ്ധികൾ അന്തോണിയച്ചനുണ്ടായിരുന്നതു കൊണ്ടാണ് ഇടക്കൊക്കെ ചേലക്കര വന്ന് അച്ചന്റെ കുഴിമാടത്തിൽ പ്രാർത്ഥിക്കാറുള്ളതെന്ന് പിതാവ് ഓർമ്മിപ്പിച്ചു. പൗരോഹിത്യത്തിന്റെ നിർമ്മലതയും, വിനയത്തോടെയുള്ള ശുശ്രൂഷകളും അശരണരോടും അഗതികളോടുമുള്ള കാരുണ്യവും ദൈവദാസനിൽ നിന്ന് നാം പഠിക്കേണ്ടതാണെന്നും അവസാനകാലത്തെ രോഗതീവ്രതയും, കഠിനാദ്ധ്വാനവും യേശുവിന്റെ കുരിശോട് അച്ചനെ ചേർത്തുനിർത്തുന്ന സഹനമായിരുന്നുവെന്ന് എടുത്തു പറഞ്ഞു.

അന്തോണിയച്ചൻ ഒരു ഫുൾടൈം ക്രിസ്ത്യാനിയായിരുന്നു. ഫ്രാൻസീസ് പാപ്പ, പാർട്ടൈം ക്രിസ്ത്യാനികളാകാതെ ഫുൾടൈം ക്രിസ്ത്യാനികളാകാൻ നമ്മെ ഉദ്ബോധിപ്പിക്കുന്നുവെന്നും ആലപ്പാട്ട് പിതാവ് ഓർമ്മപ്പെടുത്തി.

**ഫാ. പോൾ പുളിക്കൽ**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം

## 1. ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ

2015 ജൂലൈ 6 മുതൽ ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ അതിരൂപത കച്ചേരിയിൽ ആരംഭിക്കുന്നു. ഫൊറോന അടിസ്ഥാനത്തിലാണ് ഇടലകകൾ തെരട്ട് സമർപ്പിക്കുന്നത്. ജൂൺ മാസത്തെ അതിരൂപതാ ബുള്ളറ്റിനിൽ (പേജ് 40) ഓരോ ഇടവകയും തെരട്ട് സമർപ്പിക്കുന്നതിനുള്ള തിയ്യതിയും സമവും കൊടുത്തിട്ടുണ്ട്. തെരട്ടു കൊണ്ടു വരുമ്പോൾ നൽകേണ്ട രേഖകളെപ്പറ്റിയും മറ്റു കാര്യങ്ങളെ സംബന്ധിച്ചും, 2015 ജൂൺ മാസത്തെ ബുള്ളറ്റിനിൽ (പേജ് 18) വിശദമായി കൊടുത്തിട്ടുള്ളത് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സാമ്പത്തിക കാര്യാലയത്തിലേക്ക് അതിരൂപതയുടെ കമ്പ്യൂട്ടർ പ്രോഗ്രാമിൽ ചെയ്ത കണക്കിന്റെ സി.ഡി.യും മറ്റും തെരട്ട് രേഖകളോടൊപ്പം കൊണ്ടുവരണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. കമ്പ്യൂട്ടർ പ്രോഗ്രാം സംബന്ധിച്ച സംശയങ്ങൾക്ക് അതിരൂപത ഐ. ടി. സെല്ലുമായി ബന്ധപ്പെടുക.

## 2. ഇന്റേണൽ ഓഡിറ്റ് സ്ഥാപനങ്ങൾ, സംഘടനകൾ:

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കണക്കുകൾ ഇന്റേണൽ ഓഡിറ്റ് ചുമതലപ്പെടുത്തിയവരുടം പേരുകൾ 2014 ജൂൺ മാസത്തിലെ ബുള്ളറ്റിനിൽ (പേജ് നമ്പർ 50) കൊടുത്തിട്ടുണ്ട്. ബ. ഡയറക്ടറച്ചൻമാർ ഇക്കാര്യവും ശ്രദ്ധിക്കുമല്ലോ. 2015 സെപ്തംബർ മാസം മുതലാണ് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കൽ ആരംഭിക്കുന്നത്. സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കുന്ന തിയ്യതിയും സമയവും ആഗസ്റ്റ് മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.



## 3. വരവ്-ചെലവ് കണക്കുകൾ - മെയ് 31, 2015

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | സീറോ മലബാർ | ഞായർ പിരിവ് |
|---|---|---|---|---|---|---|
| 1. | അടാട്ട് | - | - | - | 22985 | |
| 2. | അമ്മാടം | - | 119303 | - | - | - |
| 3. | ആർത്താറ്റ് | - | 10000 | - | - | - |
| 4. | ചാഴൂർ | - | 18000 | - | - | - |
| 5. | ചെമ്മണ്ണൂർ | - | 15800 | - | - | - |
| 6. | ചേർപ്പ് | - | - | - | 33250 | - |
| 7. | എടക്കളത്തൂർ | 5920 | 13440 | - | - | - |
| 8. | എരവിമംഗലം | - | 13690 | - | - | - |

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | സീറോ മലബാർ | ഞായർ പിരിവ് |
|---|---|---|---|---|---|---|
| 9. | കണ്ടശ്ശാംകടവ് | 10600 | 42090 | 101940 | | |
| 10 | കാഞ്ഞാണി | - | 29420 | - | - | - |
| 11. | കാരമുക്ക് | 2100 | - | - | 9500 | |
| 12. | കോലഴി | 4723 | 15636 | - | 10200 | |
| 13. | കോളങ്ങാട്ടുകര | - | 22725 | - | - | - |
| 14. | കൂട്ടാല | - | - | - | 2045 | - |
| 15. | കൊട്ടേക്കാട് | 10000 | 45000 | - | - | - |
| 16. | കുറുമാൽ | 3272 | 16000 | - | - | - |
| 17. | മച്ചാട് | - | 40855 | - | - | - |
| 18. | മരോട്ടിച്ചാൽ | - | 5000 | - | 5000 | - |
| 19. | മുണ്ടൂർ | 9000 | 50000 | - | - | - |
| 20. | നടത്തറ | 11064 | 8540 | - | - | - |
| 21. | നെടുപുഴ | - | 36005 | - | - | - |
| 22. | നെഹ്റുനഗർ | - | 37915 | 59415 | - | - |
| 23. | നെല്ലങ്കര | 4620 | 41390 | - | - | - |
| 24 | പാലക്കൽ | 12411 | 48485 | - | - | - |
| 25. | പാലയൂർ | 34466 | 23330 | | | |
| 26. | പഴുവിൽ | - | 24567 | | | |
| 27. | പേരാമംഗലം | - | 81870 | - | - | - |
| 28. | പെരിഞ്ചേരി | 9960 | 55000 | - | - | - |
| 29. | പോന്നോർ | 7308 | 61007 | - | 46060 | - |
| 30. | പൊന്നൂക്കര | - | 40660 | - | 27375 | - |
| 31. | പൂങ്കുന്നം | - | - | - | 5000 | - |
| 32. | പുറനാട്ടുകര | - | 74305 | - | - | - |
| 33. | പുതുരുത്തി | - | 14880 | - | - | - |
| 34. | സരിതപുരം | - | 5825 | - | - | - |
| 35. | സ്നേഹപുരം | 3000 | - | - | - | - |
| 36. | തലക്കോട്ടുകര | - | 31700 | - | - | - |
| 37. | തൃശ്ശൂർ ബസിലിക്ക | 34640 | 65260 | - | - | - |
| 38. | തൃശ്ശൂർ സെ. ആൻസ് | 11480 | 47220 | - | 11400 | - |
| 39. | വാടാനപ്പിള്ളി | - | 23820 | - | 17860 | - |
| 40. | വാക | - | - | - | 5805 | - |
| 41. | വലപ്പാട് | 7070 | - | - | - | - |
| 42. | വരാക്കര സൗത്ത് | - | 24800 | - | - | - |

| നമ്പർ പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | സീറോ മലബാർ | ഞായർ പിരിവ് |
|---|---|---|---|---|---|
| 43. പള്ളിക്കുന്ന് | - | 65000 | - | - | - |
| 44. വീണ്ടശ്ശേരി | 1850 | 4960 | - | - | - |
| 45. വെള്ളാറ്റഞ്ഞൂർ | - | 12095 | - | - | - |
| 46. വില്ലടം | - | 11060 | - | 4300 | - |
| 47. അസ്സീസി മഠം, തൃശ്ശൂർ | - | - | - | - | 400 |

**4. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹസഹായം**

1. അടാട്ട് - 5000 2. വലപ്പാട് - 5000 3. അത്താണി - 5000

**5. സാമ്പത്തിക സഹായം സ്വീകരിച്ച പള്ളികൾ**

1. ചൂണ്ടൽ - 50,000

**6. അതിരൂപതാ സഹായ ഫണ്ട്**

1. ഭവന നിർമ്മാണം - 31000
2. വിവാഹം - 156000
3. ചികിത്സ - 97000
4. വിദ്യാഭ്യാസം - 3000

**7. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ഭവന നിർമ്മാണം - 35000
2. ചികിത്സ - 5000

**ഫാ. ജോയ് മൂക്കൻ**

ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. സിജോ ചെറുവത്തൂർ | 02 |
| ഫാ. ടോണി വാഴപ്പിള്ളി | 06 |
| ഫാ. പോൾ പുലിക്കോട്ടിൽ | 08 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 08 |
| ഫാ. ജെയ്സൻ വട്ടനിരപ്പേൽ | 10 |
| ഫാ. ഫിനോഷ് കീറ്റിക്ക | 11 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 12 |
| ഫാ. ജോൺ അയ്യങ്കാനയിൽ | 12 |
| ഫാ. ഫ്രേജോ വാഴപ്പിള്ളി | 12 |
| ഫാ. ജോസ് വട്ടക്കുഴി | 13 |
| ഫാ. സജു വടക്കേത്തല | 13 |
| ഫാ. ജോഫി ചിറയത്ത് | 16 |
| ഫാ. ആന്റണി മേച്ചേരിപ്പിടി | 16 |
| ഫാ. പോൾസൺ പാലത്തിങ്കൽ | 16 |
| ഫാ. ആന്റണി തേക്കാനത്ത് | 19 |
| ഫാ. പോൾ പുളിക്കൻ | 19 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 19 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 20 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 20 |
| ഫാ. ജിയോമോൻ കല്ലേരി | 21 |
| ഫാ. ഷാജൻ തേർമഠം | 22 |
| ഫാ. ജോൺ കിടങ്ങൻ | 22 |
| ഫാ. ടോണി നീലങ്കാവിൽ | 23 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 24 |
| ഫാ. ആന്റണി ചെമ്പകശ്ശേരി | 26 |
| ഫാ. തോമസ് കാക്കശ്ശേരി | 27 |
| ഫാ. ബിജു ആലപ്പാട്ട് | 28 |
| ഫാ. ജോസ് ചിറ്റിലപ്പിള്ളി | 28 |
| ഫാ. ആന്റോ കൂള | 30 |



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. തോമസ് ചൂണ്ടൽ | 03 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. തോമസ് ചക്കുംപീടിക | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. ടിജോ മുള്ളക്കര | 03 |
| ഫാ. തോമസ് വേലൂക്കാരൻ | 03 |
| ഫാ. തോമസ് വടക്കേത്തല | 03 |
| ഫാ. ജോബ് പടയാട്ടിൽ | 03 |
| ഫാ. മേജോ മരോട്ടിക്കൽ | 03 |
| ഫാ. തോമസ് എടക്കളത്തൂർ | 03 |
| ഫാ. തോമസ് പൂപ്പാടി | 03 |
| ഫാ. ടോണി തോമസ് കാക്കശ്ശേരി | 03 |
| ഫാ. ജെയ്സൻ വട്ടനിരപ്പേൽ | 03 |
| ഫാ. ഫിനോഷ് കീറ്റിക്ക | 03 |
| ഫാ. ജിയോമോൻ കല്ലേരി | 03 |
| ഫാ. തോമസ് കാക്കശ്ശേരി | 03 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 03 |
| ഫാ. ബിജോ ജോസ് ചാലിശ്ശേരി | 03 |
| ഫാ. റോയ് വേളക്കൊമ്പിൽ | 03 |
| ഫാ. ബെന്നി കിടങ്ങൻ | 03 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 18 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 25 |
| ഫാ. ജെയിംസ് വടക്കൂട്ട് | 25 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 25 |
| ഫാ. ജോയി അടമ്പുകുളം | 25 |
| ഫാ. സിൻസൺ എടക്കളത്തൂർ | 25 |

| | |
|---|---|
| ഫാ. ചാക്കോ നടക്കവെളിയിൽ | 25 |
| ഫാ. സിന്റോ തൊറയൻ | 25 |
| ഫാ. സൈജോ തൈക്കാട്ടിൽ | 25 |
| ഫാ. ജിമ്മി കള്ളിങ്കൽക്കുടിയിൽ | 25 |
| ഫാ. ജേക്കബ് എടക്കളത്തൂർ | 25 |
| ഫാ. സജു വടക്കേത്തല | 25 |
| ഫാ. ചാക്കോ ചെറുവത്തൂർ | 25 |
| ഫാ. ജേക്കബ് തൈക്കാട്ടിൽ | 25 |
| ഫാ. ചാക്കോ ചിറമ്മൽ | 25 |
| ഫാ. ചാക്കോ പാറയിൽ | 25 |
| ഫാ. ജാക്സൻ ചാലക്കൽ | 25 |
| ഫാ. ചാക്കോ എടയാൽ | 25 |
| ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര | 31 |

**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പോൾ ചിറപ്പണത്ത് | 05 - 07 - 1915 |
| ഫാ. ജോസഫ് പുത്തൂർ | 18 - 07 - 1944 |
| ഫാ. ജോർജ്ജ് എളംകുന്നപ്പുഴ | 23 - 07 - 1945 |
| ഫാ. ഗ്രൂസ് പാനികുളം | 09 - 07 - 1948 |
| ഫാ. കുര്യൻ വാഴപ്പിള്ളി | 08 - 07 - 1950 |
| ഫാ. ജോസഫ് തെക്കൂടൻ | 11 - 07 - 1953 |
| ഫാ. ജോസഫ് പറമ്പൻ | 27 - 07 - 1961 |
| ഫാ. ആന്റണി അക്കര | 16 - 07 - 1971 |
| ഫാ. ജോർജ്ജ് തട്ടിൽ | 22 - 07 - 1971 |
| ഫാ. പോൾ അരിക്കാട്ട് | 07 - 07 - 1973 |
| ഫാ. ജേക്കബ് പുലിക്കോട്ടിൽ | 12 - 07 - 1974 |
| ഫാ. ആന്റണി തേലപ്പിള്ളി | 07 - 06 - 1934 |
| ഫാ. ലൂവീസ് കണ്ണാത്ത് | 13 - 07 - 1975 |
| മോൺ. ജോർജ്ജ് തെക്കേക്കര | 28 - 07 - 1983 |
| ഫാ. ആന്റണി വെള്ളാനിക്കാരൻ | 31 - 07 - 1985 |
| ഫാ. ജോസഫ് ചാലക്കൽ | 22 - 07 - 1993 |
| ഫാ. ജോൺ ആലപ്പാട്ട് | 09 - 07 - 1995 |
| ഫാ. ജോസഫ് വടക്കൂട്ട് | 18 - 07 - 1997 |
| ഫാ. ആന്റണി അന്തിക്കാട്ട് | 14 - 07 - 2000 |
| ഫാ. ജോസഫ് ചുങ്കത്ത് (ജൂനിയർ) | 18 - 07 - 2000 |
| ഫാ. സൈമൺ എടക്കളത്തൂർ | 31 - 07 - 2005 |
| ഫാ. ചാൾസ് ചുങ്കത്ത് | 05 - 07 - 2010 |

**അതിരൂപതയുടെ സ്മരണാഞ്ജലി**

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

01.05.2015 സി.എം.സി. സി. മേരി ജൂലിറ്റിന്റ നേതൃത്വത്തിൽ ചിയ്യാരം ലേഡി വിക്ടറി കോൺവെന്റിൽ സംഘടിപ്പിച്ച 3 ആഴ്ചത്തെ കോഴ്സിൽ സംബന്ധിച്ചുകൊണ്ടിരിക്കുന്ന ജൂനിയേഴ്സിനെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഓമർ സന്ദർശിച്ചു.

എഫ്.സി.സി. രണ്ടാം വർഷ നോവീസസിന്റെ ആശ്രമജീവിതം മേയ് 1 മുതൽ 10 വരെ മുനിപ്പാറ ആശ്രമത്തിൽ വെച്ച് നടന്നു.

എസ്.എൻ.ഡി.എസ്. സമർപ്പിതവർഷത്തോടനുബന്ധിച്ച് സമൂഹാംഗങ്ങൾക്കുവേണ്ടി നടത്തപ്പെട്ട ആദ്യബാച്ച് കോഴ്സ് ഭംഗിയായി നടന്നു. ഹോളിഫാമിലി സമൂഹത്തിലെ സിസ്റ്റർ ഉദയാ ഗ്രേയ്സ് ആണ് കോഴ്സിനു നേതൃത്വം നൽകിയത്.

02.05.2015 സി.എം.സി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഫാ.എമ്മാനുവേൽ വള്ളിപാലം സി.എസ്.എസ്.ടി നയിച്ച ധ്യാനത്തിൽ എല്ലാ സുപ്പീരിയേഴ്സും പങ്കെടുത്തു.

03.05.2015 സി.എസ്.സി. National CRI Executive Councillor ആയി സുപ്പീരിയർ ജനറൽ ബ. മദർ ലുസീന തെരഞ്ഞെടുക്കപ്പെട്ടു. മരിയ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. സിംഫോറിയയും National CRI മീറ്റിംഗിൽ സംബന്ധിച്ചിരുന്നു.

04.05.2015 സി.എസ്.എം. മണ്ണംപേട്ട അമലോത്ഭവ പള്ളിയിൽ വച്ച് 5 നോവിസസ് സഭാവസ്ത്രസ്വീകരണവും പ്രഥമ വ്രതവാഗ്ദാനവും, 6 ജൂനിയേഴ്സ് നിത്യവ്രതവാഗ്ദാനവും നടത്തി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലിത്ത മുഖ്യകാർമ്മികനായിരുന്നു.

എഫ്. സി. സി. 19 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലി ആഘോഷം അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 7 മണിക്ക് അർപ്പിച്ച ദിവ്യബലിയിലും തുടർന്നു നട സ്നേഹവിരുന്നിലും അവരുടെ ലോക്കൽ സുപ്പീരിയേഴ്സും അസ്സീസി ഭവനാംഗങ്ങളും പങ്കുകൊണ്ടു.

05.05.2015 എസ്.എ.ബി.എസ്. ഏപ്രിൽ 30 മുതൽ മെയ് 4 വരെ സെന്റ് ജോസ് ബംഗളൂരുവിൽ വച്ച് നടന്ന National CRI Assembly ൽ മദർ ലിറ്റിൽ മരിയ തെക്കേക്കര പങ്കെടുത്തു.

07.05.2015 സി.എസ്.എം. ഒറീസ ബിഷപ്പ് മാർ സൈമൺ കയ്പുറം പ്രൊവിൻസ് ഹൗസിൽ വരികയും സൗഹൃദം പങ്കുവെയ്ക്കുകയും ചെയ്തു.

എസ്.എ.ബി.എസ്. സാഗർ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി ചിറയത്ത് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

സി.എസ്.എം. പൊന്നൂക്കര മാതൃഭവനത്തിൽ സമർപ്പിതർക്കുവേണ്ടിയും നല്ല ദൈവവിളികൾക്ക് വേണ്ടിയും ജാഗരണ പ്രാർത്ഥന നടത്തി.

09.05.2015 സി.എം.സി. ഒരുമാസത്തെ കോഴ്സിനുശേഷം സിൽവർ ജൂബിലേറിയൻസ് ആലുവയിൽ നിന്നും പ്രൊവിൻഷ്യൽ ഹൗസിൽ തിരിച്ചെത്തിയപ്പോൾ ഹൃദ്യമായ സ്വീകരണം നൽകുകയും ജൂബിലി മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.

എഫ്. സി. സി. 2015 മേയ് 10-ാം തീയതി ഞായറാഴ്ച 1.30 pm ന് അസ്സീസിയിൽ വെച്ച് നടന്ന മീറ്റിംഗിൽ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ ഹെഡ്മിസ്ട്രസ്സുമാരും, പ്രിൻസിപ്പൽമാരും, നേഴ്സറി സ്കൂൾ, ഹോസ്റ്റൽ, ബോർഡിംഗ് എന്നിവയുടെ ചാർജ്ജ് വഹിക്കുന്നവരും സംബന്ധിച്ചു.

എസ്.എ.ബി.എസ്. മെയ് 4 മുതൽ 14 വരെ കളമശ്ശേരി എമ്മാവൂസ് ധ്യാനകേന്ദ്രത്തിൽ നടത്തിയ 'Arise and Shine' എന്ന പരിപാടിയിൽ സി.റോസിലി മഞ്ഞളി, സി.പാസി, സി.മരീന മുണ്ടാടൻ, സി.ശാന്തി നീലങ്കാവിൽ എന്നിവർ പങ്കെടുത്തു.



12.05.2015 എഫ്. സി. സി. Young Senior Sisters - ന്റെ Renewal Programme 2015 മേയ് 12-ാം തീയതി 10 am മുതൽ 16-ാം തീയതി 4 pm വരെ തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽ വെച്ച് വിവിധ പരിപാടികളോടെ നടത്തപ്പെട്ടു.

13.05.2015 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻസിലെ 8 അർത്ഥിനികൾ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിൽ നിന്നും സ്യാസ വസ്ത്രം സ്വീകരിച്ച് ആദ്യവ്രതവാഗ്ദാനം നടത്തി.

14.05.2015. സി.എച്ച്.എഫ്. സന്യാസ സമൂഹത്തിന്റെ 101 വർഷം പൂർത്തിയാക്കിയ സ്ഥാപനദിനത്തിൽ ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടന്റെ മുഖ്യകാർമ്മികത്വത്തിൽ 22 ജൂനിയർ സിസ്റ്റേഴ്സ് ഹോളീഫാമലി ജനറലേറ്റിൽ നിത്യവ്രതാർപ്പണം നടത്തി.

എഫ്. സി. സി. 18 സിസ്റ്റേഴ്സിന്റെ നിത്യവ്രതാനുഷ്ഠാനം ആലുവ പോർസ്യുങ്കുളായിൽ വെച്ച് മേയ് 14-ാം തീയതി രാവിലെ 10.30 ന് അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി, മാർ റാഫേൽ തട്ടിൽ, മാർ തോമസ് ചക്യാത്ത് എന്നീ പിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. അന്നുതന്നെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ ഇവർക്ക് സ്വീകരണം നൽകി. 15-ാം തീയതി രാവിലെ റവ. ഫാ. ജോസ് എടാട്ടുകാരന്റെ കാർമ്മികത്വത്തിൽ കൃതജ്ഞതാബലിയർപ്പിച്ചു.

15.05.2015 എസ്.എ.ബി.എസ്. സി.നിധ മരിയ പുല്ലേലി, സി.സൗമ്യ മരിയ പൊറുത്തൂക്കാരൻ, സി. ആൻസി റോസ് കുറ്റിക്കാടൻ എന്നിവർ കോമ ജൂണിയറേറ്റിനായി ജനറലേറ്റിൽ പോയി.

16.05.2015 സി.എസ്.എം. ഈ വർഷം ആദ്യവ്രതവാഗ്ദാനവും നിത്യവ്രത വാഗ്ദാനവും സ്വീകരിച്ച ബഹു. സിസ്റ്റേഴ്സിനെ ലൂർദ്ദ്നാഥ പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയോടുകൂടി ഹാർദ്ദവമായി സ്വീകരിച്ചു.

സി.എം.സി. 11 പോസ്റ്റുലന്റ്സ് കാനോനിക നോവിഷ്യേറ്റിലേക്ക് പ്രവേശിച്ചു.

എഫ്. സി. സി. നോവീസസ്, പോസ്റ്റുലൻസ് എന്നിവരുടെ മാതാപിതാക്കൾക്ക് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത ക്ലാസ്സെടുത്തു.

എഫ്. സി. സി. നെല്ലങ്കരയിൽ നടന്ന ഇടവക ദിനാഘോഷ പരിപാടികളുടെ ഉദ്ഘാടനം സി. റോസ് അനിത നിർവ്വഹിച്ചു.

എസ്.എ.ബി.എസ്. സമർപ്പിതവർഷം പ്രമാണിച്ച് പാലയൂർ, പാവറട്ടി, എയ്യാൽ, തയ്യൂർ, കൂനംമൂച്ചി എന്നീ ഇടവകകളിൽ നിന്നുള്ള ദൈവജനത്തെ ഒരുമിച്ചുകൂട്ടി കൂനംമൂച്ചി, സെന്റ് ഫ്രാൻസീസ് ഇടവകദേവാലയത്തിൽ വച്ച് ദിവ്യകാരുണ്യ സംഗമം നടത്തി. കൂനംമൂച്ചി ഇടവക വികാരി വെരി റവ. ഫാ.ജോൺ കിടങ്ങൻ ഉദ്ഘാടനം ചെയ്ത ഈ ദിവ്യകാരുണ്യസംഗമത്തിൽ റവ. ഫാ. ദേവസ്യാ കാനാട്ട് CMI, റവ. ഫാ. റിജോ പയ്യപ്പിള്ളി CMI എന്നിവർ വചനപ്രഘോഷണം, വി. കുർബാന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവയ്ക്ക് നേതൃത്വം നൽകി. ഏകദേശം 725 പേർ ഇതിൽ പങ്കെടുത്തു.

17.05.2015 സി.എസ്.സി. പുതിയതായി നിയമിക്കപ്പെട്ട സുപ്പീരിയേഴ്സിനുള്ള ധ്യാനവും കോൺഫ്രൻസും കോലഴി സി.എസ്.സി. മരിയ ഭവൻ ജനറലേറ്റിൽ വെച്ച് നടന്നു.

18.05.2015. സി.എച്ച്.എഫ്. ജനറലേറ്റിൽ ജനറൽ കൗൺസിൽ, പ്രൊവിൻഷ്യൽ കൗൺസിൽ മീറ്റിങ്ങ് നടത്തി.

എഫ്. സി. സി. DBCLC യിലെ മൂന്ന് വർഷത്തെ ശുശ്രൂഷ അസ്സീസി പ്രോവിൻസ് ഏറ്റെടുത്തു. സി. മെറ്റ്സി ടോം, സി. ഫെമി നീലങ്കാവിൽ, സി. ആൻ ജോസ്, സി. ഡെൻസി റോസ് എന്നിവരാണ് ഇതിനായി നിയോഗിക്കപ്പെട്ടവർ.

എസ്.എ.ബി.എസ്. ഈ വർഷം ആദ്യവ്രതം ചെയ്ത സി. ലിനറ്റ് ചാലയ്ക്കൽ, സി. അനറ്റ് പറോക്കാരൻ, സി.ഗ്ലാഡിയ മുട്ടത്ത്, സി. മരിയ ചിറയത്ത് എന്നിവർ മെയ് 18 മുതൽ 23 വരെ DBCLC ൽ നടത്തിയ Pastoral Orientation Course ൽ പങ്കെടുത്തു.

എസ്.എ.ബി.എസ്. DBCLC- ൽ നടന്ന Ph.D. Holders in Theology'- സംഗമത്തിൽ ഡോ. സി. മേഴ്സിറ്റ കണ്ണമ്പുഴ സംബന്ധിച്ചു.

24.05.2015 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ഹെഡ്മിസ്ട്രസ്സ്മാരുടെ മീറ്റിംഗ് നടത്തി.

എഫ്. സി. സി. 2014 മേയ് 24-ാം തീയതി കുട്ടംകുളം ആബ്ബാ കോൺവെന്റിൽ സന്യാസജീവിതം ആഗ്രഹിച്ചുകൊണ്ട് 13 അർത്ഥിനികൾ എത്തിച്ചേർന്നു.

25.05.2015 സി.എസ്.സി. കോലഴി മരിയ ഭവൻ ജനറലേറ്റിൽ, ആദ്യവ്രതാർപ്പണവും സഭാവസ്ത്രസ്വീകരണവും നടത്തിയ 13 ജൂനിയർ സിസ്റ്റേഴ്സിന് സ്വീകരണം നൽകി.

26.05.2015 സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിലെ വിദ്യാലയങ്ങളിലെ സിസ്റ്റേഴ്സ് സ്റ്റാഫിന്ഏകദിന സെമിനാർ പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. പുതിയ അധ്യയനവർഷത്തിൽ തീക്ഷ്ണതയോടെ മൂറോൻ ആശംസയും, സന്ദേശവും പ്രൊവിൻഷ്യൽ സി.മേഴ്സി പോൾ ഏവർക്കും നൽകി. റവ.ഫാ.ഡയസ് ആന്റണി (കുഞ്ഞിക്കൈ ലാറ്റിൻ ചർച്ച് ഇടവക വികാരി) ക്ലാസിന് നേതൃത്വം നൽകി.

28.05.2015 സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിലെ 5 സിസ്റ്റേഴ്സിന്റെ രജത ജൂബിലി പ്രൊവിൻഷ്യലേറ്റിൽ സമുചിതമായി ഘോഷിച്ചു. ഒളരിക്കര ഇടവക വികാരി റവ.ഫാ.തോമസ്സ് കാക്കശ്ശേരി ദിവ്യബലിയർപ്പിച്ച് ജൂബിലി സന്ദശവും, ആശംസകളും നേർന്നു.

സി.എം.സി. പുതിയ അദ്ധ്യയന വർഷത്തോടനുബന്ധിച്ച് സിസ്റ്റേഴ്സ് സ്റ്റാഫിനായി തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ സംഘടിപ്പിച്ച ഏകദിനസെമിനാറിൽ 120 ഓളം സിസ്റ്റേഴ്സ് പങ്കെടുക്കുകയും ഫാ.ജെ. നാലുപറയിൽ ക്ലാസ്സെടുക്കുകയും ചെയ്തു.

സി.എസ്.എം. ലൂർദ്ദ് പ്രൊവിൻസിന്റെ ശാഖ മഠമായ അഞ്ചേരി അസ്സിസി കോൺവെന്റിനോടു ചേർന്ന് രൂപം കൊണ്ട MMC ക്ലിനിക്കിന്റെ ആശീർവ്വാദ കർമ്മം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴ്ത്ത് മെത്രാപ്പോലിത്ത നിർവഹിച്ചു.

എഫ്. സി. സി. മേയ് 30 ാം തീയതി Pre Postulancy Phase 1 ലെ 9 അർത്ഥിനികൾ ചുവന്നമണ്ണ് ഹോളി ട്രിനിറ്റി കോൺവെന്റിൽ Pre Postulancy Phaseലെ 11 ലേക്ക് പ്രവേശിച്ചു. സി. രേഖ റോസ് ആണ് ഇവരുടെ മിസ്ട്രസ്സായി ചാർജ്ജെടുത്തിരിക്കുന്നത്.

എഫ്. സി. സി. സരിതപുരം ഇടവകയിൽ ഒരു വർഷത്തേക്ക് താല്ക്കാലിക ദൈവപരിപാലനഭവനം സി. അനറ്റ് താണിക്കൽ, സി. ജെറിൻ, സി. ഷൈല തെരേസ് എന്നിവരുടെ നേതൃത്വത്തിൽ സമാരംഭിച്ചു.

എസ്.എ.ബി.എസ്.പാസ്റ്ററൽ സെന്ററിൽ നടന്ന മദ്യവിരുദ്ധസമിതി

യുടെ സെമിനാറിൽ സി. ആഞ്ചല, സി.ലീന ഇടത്തിപ്പറമ്പിൽ, സി. ലിസ് തെരേസ് കാളൻ, സി.ഫിൻസി തരകൻ എന്നിവർ പങ്കെടുത്തു.

31.05.2015 എഫ്. സി. സി. മഠങ്ങളില്ലാത്ത ഇടവകകളിൽ ഇടവക ശുശ്രൂഷകളിൽ ഏർപ്പെടുന്നതിനുവേണ്ടി Extension Centre പേരകം ഇടവകയിലും ഇരവിമംഗലം ഇടവകയിലും ആരംഭിച്ചു.

**ആദരാഞ്ജലികൾ**



06.05.2015 സി.എം.സി. തമ്പുരാൻ ഏല്പിച്ച ദൗത്യങ്ങളെല്ലാം ഏറെ മനോഹരമായി ചെയ്തു തീർത്ത ക്ലിയോപാട്രമ്മ സമയത്തിന്റെ പൂർത്തിയിൽ തന്റെ നിത്യവസതിയിലേക്ക് യാത്രയായി. മേജർ ആർച്ച്ബിഷപ്പ് ശ്രേഷ്ഠമെത്രാപ്പോലീത്ത മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും വി. എവുപ്രാസ്യമ്മയുടെ തിർത്ഥകേന്ദ്രത്തിനടുത്ത മഠംവക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.

10.05.2015 സി.എസ്.എം. ഗുഡ്ഷെപ്പേർഡ് പ്രൊവിൻസിലെ സി.അഗസ (പ്രഥമാംഗം), സി. മത്തിയാസ് എന്നിവർ കർത്താവിൽ ഭാഗ്യനിദ്ര പ്രാപിച്ചു. ഇരിങ്ങാലക്കുട ഗുഡ്ഷെപ്പേർഡ് മഠാംഗമായ സിസ്റ്റർ മത്തിയാസിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ കാർമ്മി കത്വത്തിൽ നടന്നു.







സി.എച്ച്.എഫ്. അരണാട്ടുകര ഇൻഫന്റ് ജീസസ് കോൺവെന്റ് അംഗമായ സി.അസറിയ സി.എച്ച്.എഫ്. നിര്യാതയായി.

**സി.ജോസഫൈൻ പാലത്തിങ്കൽ SABS**

സി.ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

### മതബോധന വിദ്യാർത്ഥികൾക്ക്
### അഭിവന്ദ്യ മെത്രാപ്പോലീത്ത
### മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

## പ്രകൃതിസംരക്ഷണം

(10 വരെയുള്ള ക്ലാസ്സുകളിലുള്ളവർക്ക്)



പ്രിയ മക്കളേ,

ആധുനിക കാലഘട്ടത്തിൽ ലോകത്തെ മുഴുവൻ ആകർഷിക്കുകയും സ്നേഹവലയത്തിൽ കീഴടക്കുകയും ചെയ്ത വ്യക്തിത്വമാണ് ഫ്രാൻസിസ് മാർപ്പാപ്പ. ഈശോയെപ്പോലെ കുട്ടികളെ സ്നേഹിക്കുകയും അവർക്കു മനസ്സിലാകുന്ന രീതിയിൽ സംസാരിക്കുകയും ചെയ്യു പാപ്പയാണ് അദ്ദേഹം. ദൈവത്തെയും മനുഷ്യനെയും പ്രത്യേകിച്ച് പാവപ്പെട്ടവരെയും സ്നേഹിക്കാൻ പഠിപ്പിക്കുന്ന അദ്ദേഹം ദൈവ-മനുഷ്യസ്നേഹത്തിന്റെ ഭാഗമായി പ്രകൃതിയെയും സ്നേഹിക്കാൻ ശക്തമായി ആഹ്വാനം ചെയ്യുന്നുണ്ട്. പരിസ്ഥിതി വിജ്ഞാനത്തെക്കുറിച്ച് ജൂൺ 18ന് പുറത്തിറക്കിയ "ലൗദാത്തൊ സി" (Laudato Si = Praise be to you = *സ്തുതിയായിരിക്കട്ടെ*) എന്ന ഫ്രാൻസിസ് പാപ്പായുടെ ചാക്രികലേഖനത്തെ കുറിച്ച് ലോകത്തിലെ പരിസ്ഥിതിസ്നേഹികൾ മുഴുവൻ ചർച്ചയിലാണ്. മാർപ്പാപ്പയുടെ ആഹ്വാനത്തിൽ നമ്മളും പരിസ്ഥിതിസ്നേഹികളാകണം.

പ്രിയ കുട്ടികളേ, പരിസ്ഥിതിസ്നേഹത്തെക്കുറിച്ച് പറയുമ്പോൾ എന്റെ ഒരു അനുഭവം നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹി

ക്കുകയാണ്. 35 വർഷങ്ങൾക്കു മുമ്പ് ഞാൻ റോമിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ജർമ്മനിയിലെ ഒരു കുടുംബവുമൊത്ത് ആൽപ്സ് പർവ്വതനിരയിലേക്ക് ഉല്ലാസയാത്ര പോയി. രാവിലെ 10 മണിയോടുകൂടി മലനിരകളിൽ നടക്കുവാൻ ആരംഭിച്ചു. ഞങ്ങൾ ഉച്ചഭക്ഷണത്തിന്റെ സമയത്ത് ബാഗിൽ കൊണ്ടുവന്ന ഭക്ഷണപദാർത്ഥങ്ങൾ കഴിച്ചു. പേപ്പർ പ്ലേറ്റ്, ടിഷ്യു പേപ്പർ, ഗ്ലാസ്സ്, ജ്യൂസ് കാൻസ് തുടങ്ങിയ സാധനങ്ങൾ ഭക്ഷണം കഴിക്കുന്നതിന് ഉപയോഗിച്ചശേഷം മേല്പ്പറഞ്ഞ പേപ്പറും ഗ്ലാസ്സും മറ്റും കാട്ടിലേക്ക് ഞാൻ വലിച്ചെറിഞ്ഞു. ആ കുടുംബത്തിൽ 12ഉം 14ഉം വയസ്സുള്ള 2 കുട്ടികളുണ്ടായിരുന്നു. ഞങ്ങൾ തുടർന്ന് നടക്കുവാൻ ആരംഭിച്ചപ്പോൾ എന്റെ കൂട്ടത്തിൽ നടന്ന കുട്ടികളിൽ മൂത്തവൻ ഭക്ഷണം കഴിച്ച സ്ഥലത്തേക്കു തിരിച്ചുപോയി. ഞാൻ നോക്കിയപ്പോൾ കണ്ടത് ഞാൻ വലിച്ചെറിഞ്ഞതെല്ലാം അവൻ പെറുക്കിയെടുത്ത് ബാഗിൽ വയ്ക്കുന്നതാണ്. എന്നെ വിഷമിപ്പിക്കേണ്ടയെന്നു കരുതിയാണ് അവൻ തനിയെപ്പോയി രഹസ്യത്തിൽ ഇപ്രകാരം ചെയ്തത്. നടത്തം കഴിഞ്ഞ് വൈകുന്നേരം നാലുമണിയോടുകൂടി മലയടിവാരത്തുള്ള ഹോട്ടലിൽ ഞങ്ങൾ എത്തിയപ്പോൾ അവനും അവന്റെ മാതാപിതാക്കളും അനുജനും അവരുടെ ബാഗുകൾ തുറന്ന് ഞങ്ങൾ ഉപയോഗിച്ച പേപ്പറും ഗ്ലാസ്സും മറ്റും ഹോട്ടലിലെ വേസ്റ്റ് ബോക്സിൽ ഇടുന്നതാണ് കണ്ടത്. എന്നെ കണ്ണുതുറപ്പിച്ച സംഭവമാണിത്. ആ കുട്ടികൾ കാടിന്റെ നടുവിൽപോലും വേസ്റ്റ് സാധനങ്ങൾ വലിച്ചെറിയാതെ പ്രകൃതിസ്നേഹത്തിന്റെ വലിയൊരു പാഠം എന്നെ പഠിപ്പിക്കുകയായിരു്നനു.

പ്രിയ മക്കളേ, നിങ്ങളെല്ലാവരും പ്രകൃതിസംരക്ഷണം, മുകളിൽ പറഞ്ഞ കുട്ടികളെപ്പോലെ, ജീവിതശൈലിയാക്കണം. ദൈവം സൃഷ്ടിച്ച ഭൂമി നായിരിക്കുന്നതായിട്ടാണ് അവിടുന്ന് കണ്ടത് (ഉല്പ. 1:31) ദൈവത്തിന്റെ സൃഷ്ടികർമ്മം തുടരാനാണ് ദൈവം മനുഷ്യനോട് കല്പിച്ചത് (ഉല്പ. 1:28; 3:19). മനുഷ്യൻ ഭൂമിയുടെ കാര്യസ്ഥൻ മാത്രമാണ്, ഉടയവനല്ല. അതുകൊണ്ട് പ്രകൃതിയെ നശിപ്പിക്കാതെ നന്നായി കാത്തുസൂക്ഷിക്കുവാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. മനുഷ്യന് ജീവിക്കുവാൻ അത്യന്താപേക്ഷിതമായിട്ടുള്ള വായു, ജലം, മണ്ണ് എന്നിവ മനുഷ്യന്റെ സ്വാർത്ഥതമൂലം മലിനമായിരിക്കുന്നു. നാം കഴിക്കുന്ന ഭക്ഷണപദാർത്ഥംപോലും വിഷമയമായിരിക്കുന്നു. നാളെയുടെ പ്രതീക്ഷകളായ നിങ്ങൾ പരിശ്രമിച്ചാൽ നമുക്ക് നമ്മുടെ നാടിനുവേണ്ടി പുതി

യൊരു സംസ്കാരം വാർത്തെടുക്കാൻ സാധിക്കും. അതിന്റെ ഭാഗമായി ഓരോരുത്തരും വീടും പൊതുസ്ഥലവും വൃത്തിയായി സൂക്ഷിക്കാൻ പരിശ്രമിക്കണം. പ്രകൃതിയെ സ്നേഹിക്കാനുള്ള ആദ്യപാഠം വീടുകളിൽ നിന്നുതന്നെ തുടങ്ങണം.

പ്രകൃതിസംരക്ഷണത്തെയും മാലിന്യനിർമ്മാർജ്ജനത്തെയും കുറിച്ച് നിങ്ങൾ ചർച്ച ചെയ്യുകയും നിങ്ങൾക്കു സാധിക്കുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. ചർച്ചയ്ക്കു സഹായകമായി ഏതാനും ചില ചിന്തകൾ ഞാൻ കത്തിൽ സൂചിപ്പിക്കുന്നു.

1. പ്രകൃതിസംരക്ഷണത്തെ കുറിച്ച് സഭയുടെ കാഴ്ചപ്പാട് എന്ത്? ഈ മാസം 18ന് മാർപ്പാപ്പ പുറത്തിറങ്ങിയ ചാക്രികലേഖനത്തെക്കുറിച്ച് നിങ്ങളുടെ കാഴ്ചപ്പാടെന്ത്?

2. വീടും പരിസരവും എങ്ങനെ വൃത്തിയായി സംരക്ഷിക്കാം. പൂന്തോട്ടങ്ങളും അടുക്കളത്തോട്ടങ്ങളും പ്രോത്സാഹിപ്പിക്കുകയും പൂന്തോട്ടമത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

3. 'മരം ഒരു വരം' എതിന്റെ അർത്ഥമെന്ത്? ഔഷധസസ്യങ്ങളും മരങ്ങളും വച്ചുപിടിപ്പിക്കുക. അന്തരീക്ഷത്തിന്റെ ഊഷ്മാവ് അടുത്ത കാലത്തായി കൂടുവാൻ കാരണം കാർബ ഡൈ ഓക്സൈഡിന്റെ അതിപ്രസരമാണ്. ലോകത്തിലെ കാടിന്റെ ഭാഗം മൂന്നിലൊന്നായി ഈ നൂറ്റാണ്ടിൽ കുറഞ്ഞു. മരിച്ചുകൊണ്ടിരിക്കുന്ന ഭൂമിയെ പുനർജ്ജീവിപ്പിക്കാനുള്ള മാർഗം മരം വച്ചു പിടിപ്പിക്കലാണ്. നിങ്ങൾക്ക് എന്തുചെയ്യാനാകും?

4. സംഘടനാതലത്തിൽ വീടുകളിൽ നിന്നും ആവശ്യമില്ലാത്ത വസ്തുക്കൾ ശേഖരിച്ച് ആക്രി കച്ചവടം നടത്തി പാവപ്പെട്ട കുട്ടികളുടെ പഠനത്തിന് സഹായിക്കുക.

5. സംഘടനാപ്രവർത്തനങ്ങളിലൂടെയോ ക്ലാസ്സടിസ്ഥാനത്തിലോ പള്ളി പരിസരങ്ങളിൽ പൂന്തോട്ടം വച്ചു പിടിപ്പിക്കുക. മഴക്കുഴികൾ നിർമ്മിച്ച് ശുദ്ധജലസംരക്ഷണപദ്ധതി നടപ്പിലാക്കുക.

6. ഊർജ്ജസംരക്ഷണപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. നമ്മുടെ ഭവനങ്ങളിൽത്തന്നെ അനാവശ്യമായി കറന്റിന്റെ ഉപയോഗങ്ങളും കുറച്ച് പണം ലാഭിക്കുക. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുക.

അങ്ങനെ പ്രകൃതിസംരക്ഷണം നമ്മുടെ ജീവിതശൈലിയാക്കി മാറ്റുക. ഏതാനും പ്രതീകാത്മകപ്രവർത്തനശൈലികൾ ഞാൻ മുകളിൽ സൂചിപ്പിച്ചു. ഇങ്ങനെയുള്ള ജീവിതശൈലികൾ വഴി ജീവിതത്തെ പുനഃക്രമീകരണത്തിന് നമുക്കൊരുങ്ങാം. മേൽപറഞ്ഞ ചോദ്യങ്ങളുടെ വെളിച്ചത്തിൽ നിങ്ങളുടെ കർമ്മപരിപാടികളെക്കുറിച്ച് നിങ്ങൾ എനിക്ക് കത്തെഴുതുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

നമ്മൾ ദൈവമക്കളും പരസ്പരം സഹോദരരും ആയിരിക്കുന്നതുപോലെ മറ്റു പ്രപഞ്ചവസ്തുക്കളെയും സഹോദരങ്ങളായി കാണാൻ അസ്സീസിയിലെ ഫ്രാൻസിസ് പുണ്യവാനും കഴിഞ്ഞുവെന്നതുകൊണ്ടാണ് 1979ൽ വി. ജോ പോൾ രണ്ടാമൻ മാർപ്പാപ്പ വി. ഫ്രാൻസിസിനെ പ്രകൃതിയുടെ മധ്യസ്ഥനായി പ്രഖ്യാപിച്ചത്. നമ്മുടെ എല്ലാ പ്രകൃതിസംരക്ഷണപ്രവർത്തനങ്ങൾക്കും വി. ഫ്രാൻസിസ് അസ്സീസിയുടെ മധ്യസ്ഥം അപേക്ഷിക്കുന്നു. അങ്ങനെ പരിസ്ഥിതിയെ സംരക്ഷിച്ച് സഹവസിക്കാം. പരിസ്ഥിതി സംരക്ഷണത്തിലൂടെ ക്രൈസ്തവവിശ്വാസത്തിന്റെയും സഹോദരസ്നേഹത്തിന്റെയും സുവിശേഷം പ്രഘോഷിക്കാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സസ്നേഹം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

**N.B:** കുട്ടികൾക്കുള്ള കത്ത് നിർദ്ദേശിച്ചിരിക്കുന്ന ക്ലാസ്സ് അടിസ്ഥാനത്തിൽ ജൂലായ് മാസത്തിൽ തന്നെ വായിച്ച് ചർച്ച ചെയ്യുകയോ, അല്ലെങ്കിൽ ആശയം ക്ലാസ്സുകളിൽ അവതരിപ്പിക്കുകയോ ചെയ്യുക.

**+ AT**

# പ്രകൃതിസംരക്ഷണം

(11 മുതൽ എ. സി. സി. വരെയുള്ളവർക്ക്)

എത്രയും സ്നേഹം നിറഞ്ഞ മക്കളേ......

എല്ലാവർക്കും സുഖമെന്നു കരുതുന്നു. അവധിക്കാലം കഴിഞ്ഞ് പഠനതിരക്കിലാണ് നിങ്ങളെന്നു കരുതുന്നു. ഈ പുതിയ അദ്ധ്യയന വർഷത്തിൽ ഈശോയെയും സഭയെയും കൂടുതൽ അടുത്തറിയുവാൻ നിങ്ങൾക്കു സാധിക്കണം. ആ ലക്ഷ്യത്തെ മനസ്സിൽ കണ്ടുകൊണ്ടാണ് നിങ്ങൾക്ക് വ്യക്തിപരമായി ഞാൻ എഴുതുന്നത്. കഴിഞ്ഞ മാസത്തിൽ വിശ്വാസപരിശീലനത്തെക്കുറിച്ച് നിങ്ങൾക്കെഴുതിയ കത്ത് വായിക്കുകയും ചർച്ചചെയ്യുകയും ചെയ്തുവെന്ന് കരുതുന്നു. നിങ്ങളിൽ പലരും ആ കത്തിനു എനിക്കു മറുപടിയെഴുതിയെതിൽ വളരെ സന്തോഷം. ക്രൈസ്തവവിശ്വാസം കാത്തുസൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുകയെന്നത് നമ്മുടെയോരോരുത്തരുടെയും കടമയാണ്.

ആധുനിക കാലഘട്ടത്തിൽ ലോകത്തെ മുഴുവൻ ആകർഷിക്കുകയും സ്നേഹവലയത്തിൽ കീഴടക്കുകയും ചെയ്ത വ്യക്തിത്വമാണ് ഫ്രാൻസിസ് മാർപ്പാപ്പ. ഈശോയെപ്പോലെ കുട്ടികളെ സ്നേഹിക്കുകയും അവർക്കു മനസ്സിലാകുന്ന രീതിയിൽ സംസാരിക്കുകയും ചെയ്യു പാപ്പയാണ് അദ്ദേഹം. ദൈവത്തെയും മനുഷ്യനെയും പ്രത്യേകിച്ച് പാവപ്പെട്ടവരെയും സ്നേഹിക്കാൻ പഠിപ്പിക്കുന്ന അദ്ദേഹം ദൈവ-മനുഷ്യ സ്നേഹത്തിന്റെ ഭാഗമായി പ്രകൃതിയെയും സ്നേഹിക്കാൻ ശക്തമായി ആഹ്വാനം ചെയ്യുന്നുണ്ട്. പരിസ്ഥിതി വിജ്ഞാനത്തെക്കുറിച്ച് ജൂൺ 18ന് പുറത്തിറക്കിയ "ലൗദാത്തൊ സി" (Laudato Si = Praise be to you = *സ്തുതിയായിരിക്കട്ടെ*) എന്ന ഫ്രാൻസിസ് പാപ്പായുടെ ചാക്രികലേഖനത്തെ കുറിച്ച് ലോകത്തിലെ പരിസ്ഥിതിസ്നേഹികൾ മുഴുവൻ ചർച്ചയിലാണ്. മാർപ്പാപ്പയുടെ ആഹ്വാനത്തിൽ നമ്മളും പരിസ്ഥിതിസ്നേഹികളാകണം. മാർപ്പാപ്പയുടെ സന്ദേശത്തിന്റെ വെളിച്ചത്തിൽ കൂടിയാണ് ഞാൻ ഈ കത്തെഴുതുന്നത്.

ദൈവവിശ്വാസവും സഹോദരസ്നേഹവും പ്രതിഫലിപ്പിക്കു കണ്ണാടിയാണ് പ്രകൃതി. കാരണം പ്രപഞ്ചത്തിൽ ദൈവം നിറഞ്ഞു നിൽക്കുന്നു. 'കർത്താവിന്റെ വചനത്താൽ ആകാശം നിർമ്മിക്കപ്പെടുന്നു. അവിടുത്തെ കല്പനയാൽ ആകാശഗോളങ്ങളും" (സങ്കീ. 33:6). അവിടുന്ന് അരുൾ ചെയ്തു, ലോകം ഉണ്ടായി; അവിടുന്ന് കല്പിച്ചു അത് സുസ്ഥാപിതമായി (സങ്കീ. 33:9) പ്രപഞ്ചം ദൈവത്തിന്റെ ആലയമാണ്. വി. പൗലോസിന്റെ വാക്കുകളിൽ "സകലതിലുമുപരിയും സകലതിലൂടെയും സകലതിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവം ഒരുവൻ മാത്രം'' (എഫേ. 4:6). പ്രകൃതി ദൈവത്തിന്റെ ദർപ്പണമാണെന്ന് വി. ബൊനവെഞ്ചർ എഴുതി. അങ്ങനെയാണെങ്കിൽ തുറവിയുള്ള മനസ്സോടെ പ്രപഞ്ചത്തെ നിരീക്ഷിച്ചാൽ അതിനു പിന്നിലെ സ്രഷ്ടാവായ ദൈവത്തിൽ ആർക്കും എത്തിച്ചേരാനാകും. യുവജനങ്ങൾക്കായി തയ്യാറാക്കിയ മതബോധന ഗ്രന്ഥത്തിൽ ബനഡിക്ട് പതിനാറാമൻ പാപ്പാ ഇപ്രകാരം എഴുതി: "ദൈവത്തിന്റെ കൈപ്പട അവിടുത്തെ സൃഷ്ടിയിൽ വായിക്കാം" (Youcat No: 43) ഈ പ്രപഞ്ചത്തിൽ ഞാനും എന്റെ കുടുംബവും മാത്രമല്ല, എനിക്ക് സഹോദരന്മാരും അയൽക്കാരുമുണ്ടെന്ന ബോധ്യമില്ലായ്മയാണ് ആധുനിക മനുഷ്യന്റെയുള്ളിലെ വിഷവിത്ത്. ആ വിഷവിത്ത് വളർന്നു പന്തലിച്ച് മനുഷ്യന്റെ എല്ലാ ജീവിത മേഖലകളിലേക്കും വ്യാപിച്ചിരിക്കുന്നു. ആധുനിക മനുഷ്യൻ സഹോദരസ്നേഹം മറ്റ് പ്രകൃതിയെ തന്നിഷ്ടംപോലെ വ്യവസ്ഥാപിതമായി ചൂഷണം ചെയ്യുന്ന കാലഘട്ടമാണിത്. അങ്ങനെയാണെങ്കിൽ സഹോദരസ്നേഹം കൂടുതൽ പ്രകാശിതമാകേണ്ടത് പ്രകൃതിവിഭവങ്ങളുടെ ഉത്തരവാദിത്വപൂർണ്ണമായ വിനിയോഗത്തിലൂടെയാണ്. കാരണം പരിമിതമായ പ്രകൃതി വിഭവങ്ങൾക്കുവേണ്ടി മല്ലിടുന്ന സമൂഹമാണ് നമ്മുടേത്. ദൈവം നമുക്കു നൽകിയ പ്രപഞ്ചം സുന്ദരമായി സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ക്രൈസ്തവവിശ്വാസത്തിൽ നിന്നാണ് ഉരുത്തിരിയുന്നത്.

പരിസ്ഥിതി സംരക്ഷണത്തിലെ ക്രൈസ്തവ ഉത്തരവാദിത്വങ്ങളെക്കുറിച്ചാണ് ഈ കത്തിൽ പ്രതിപാദിക്കുന്നത്. "പ്രകൃതി സംരക്ഷണം" ഇന്നിന്റെ ആവശ്യമാണ്. അതുകൊണ്ടുത ന്നെയാണ് ഫ്രാൻസിസ് പാപ്പാ തന്റെ ചാക്രികലേഖനത്തിൽ പരിസ്ഥി

തിയെക്കുറിച്ച് പ്രതിപാദിക്കുന്നത്. ഫ്രാൻസിസ് എന്ന പേര് തെരഞ്ഞെടുക്കാൻ പ്രചോദനമാകുകയും അതിനേക്കാളുപരി പ്രകൃതിയോട് ഒത്തിണങ്ങി സഹവസിച്ച വി. ഫ്രാൻസിസ് അസ്സീസിയുടെ 1226ലെ 'സൃഷ്ട ജാലങ്ങളുടെ സങ്കീർത്തനം' (Canticle of Creatures) എന്ന കവിതയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് നമ്മുടെ ഫ്രാൻസിസ് പാപ്പാ ജൂൺ 18ന് "ലൗദാത്തോ സി" (Laudato Si = Be praised) എന്ന ചാക്രിക ലേഖനം പുറത്തിറക്കിയിരിക്കുന്നത്. ആഗോളസഭയ്ക്ക് പരിസ്ഥിതി സംരക്ഷണത്തിന്റെ പുതിയ മാനങ്ങൾ ഈ ചാക്രികലേഖനം നൽകുമെന്നതിൽ സംശയമില്ല. വർദ്ധിച്ചുവരുന്ന അന്തരീക്ഷ താപനില, മലിനമായിക്കൊണ്ടിരിക്കുന്ന പുഴകളും തടാകങ്ങളും, ശുദ്ധജല ദൗർലഭ്യം, വിഷമയമായ കാർഷിക വിളകൾ, മാലിന്യം നിറയുന്ന നഗരങ്ങൾ, വംശനാശം വന്നുകൊണ്ടിരിക്കുന്ന ജീവജാലങ്ങൾ, വർദ്ധിച്ചുവരുന്ന രോഗങ്ങൾ എന്നീ പ്രശ്നങ്ങളെക്കുറിച്ച് സഭയ്ക്കും ഉത്കണ്ഠയുണ്ട്. കാരണം പരിസ്ഥിതിപ്രശ്നം ഒരു ജൈവപ്രശ്നം മാത്രമല്ല, ആത്യന്തികമായി അതൊരു ധാർമ്മിക പ്രശ്നവും ആത്മീയ പ്രശ്നവുമാണ്. അതിനാൽ പരിസ്ഥിതി സംരക്ഷണം ഈശ്വരവിശ്വാസത്തിന്റെ ഭാഗമായി തന്നെ കാണണം. സഭ പരിസ്ഥിതി നാശത്തെ പ്രപഞ്ച സ്രഷ്ടാവായ ദൈവത്തോടു ബന്ധപ്പെടുത്തിയാണു കാണുന്നത്. അതുകൊണ്ടുതന്നെ സഭയെ സംബന്ധിച്ചിടത്തോളം പരിസ്ഥിതി സംരക്ഷണം വെറും ജൈവശാസ്ത്രപരമോ രാഷ്ട്രീയമോ ആയ വിഷയമല്ല. അതിന്റെ മുഖ്യ അടിസ്ഥാനം പ്രകൃതിയെക്കുറിച്ചുള്ള ദൈവശാസ്ത്ര ദർശനങ്ങളാണ്.



പ്രകൃതിയെക്കുറിച്ച് ബൈബിളിലെ ഏറ്റവും അടിസ്ഥാനസങ്കൽപം പ്രകൃതി ദൈവം സൃഷ്ടിച്ചതാണെും അതിനാൽതന്നെ അതു നല്ലതെതുമാണ്. "താൻ സൃഷ്ടിച്ചവയെ ദൈവം നോക്കി, എല്ലാം നല്ലതാണെ് അവൻ കണ്ടു" (ഉല്പ 1.31). ദൈവത്തിന്റെ ജ്ഞാനവും ശക്തിയുമാണ് സൃഷ്ടിയിൽ പ്രകടമാകുന്നത് (സുഭാ 8: 22-31). മറ്റു ജീവജാലങ്ങൾക്കിടയിൽ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യരോട് ദൈവം കല്പിച്ചു. "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയുംമേൽ നിങ്ങൾക്ക്

ആധിപത്യമുണ്ടായിക്കട്ടെ" (ഉൽപ 1.28). പലരീതിയിലും ദുർവ്യാഖ്യാനം ചെയ്യപ്പെടുന്ന തിരുവചനമാണിത്. ഈ തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യന് യഥേഷ്ടം ഊറ്റിയെടുക്കാവുന്ന വിഭവസംഭരണിയാണ് പ്രകൃതിയെന്നു ചിത്രീകരിക്കുന്നത് തീർത്തും അടിസ്ഥാന രഹിതമാണ്. പ്രകൃതിയുടെ ഉടമകളല്ല മനുഷ്യർ എത് സുവ്യക്തം. ഇതിനുള്ള നല്ല ഉദാഹരണം പഴയ നിയമത്തിലുണ്ട്. ഇസ്രായേലിന്റെ വിശ്വസ്തതയ്ക്കു ദൈവം കൊടുത്ത പ്രതിഫലമാണ് മണ്ണ് (പുറപ്പാട് 19:5). യഹോവ കല്പിച്ചു. ''ഭൂമി ഒരിക്കലും എന്നേക്കുമായി വിറ്റുകളയരുത്, കാരണം ഭൂമി കർത്താവിന്റേതാണ്. മനുഷ്യരാകട്ടെ ഭൂമിയിൽ അപരിചിതരും അതിഥികളുമാണ്" (ലേവ്യ 25: 4–7; 23).

പ്രകൃതിയും മനുഷ്യനും തമ്മിലുണ്ടാകേണ്ട ഏറ്റവും സുന്ദരമായ ബന്ധം ദൈവത്തിന്റെ പ്രതിനിധിയായി ഉത്തരവാദിത്വബോധത്തോടെ കാര്യസ്ഥത (Stewardship) നിർവ്വഹിക്കുന്നതിലാണ്. ഭൂമിയ്ക്ക് അതീതമായ ഭൂമിയുടെ കാര്യസ്ഥൻ എന്നതല്ല, മറിച്ച് ദൈവത്തിന്റെ ഛായയിൽ മണ്ണിൽനിന്ന് മെനഞ്ഞെടുക്കപ്പെട്ടവൻ എതാണ് മനുഷ്യ-പ്രകൃതി ബന്ധം നിർണ്ണയിക്കാൻ ബൈബിൾ നൽകുന്ന ദിശാബോധം. ചുരുക്കത്തിൽ, പ്രകൃതിക്ക് അതിൽതന്നെ മൂല്യമുണ്ട്. പ്രകൃതിയുടെ ലക്ഷ്യം മനുഷ്യരുടെ ഉപയോഗം മാത്രമല്ല; ആത്യന്തികമായി ദൈവത്തിന്റെ മഹത്വമാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യർ ദൈവത്തിന്റെ പ്രതിനിധികളായി പ്രവർത്തിക്കേണ്ടവരാണ്. ദൈവികപദ്ധതിയനുസരിച്ച് സൃഷ്ടികർമ്മം തുടരുക എതാണ് മനുഷ്യന്റെ ദൗത്യം; മറിച്ച് അത് നശിപ്പിക്കലല്ല. ദൈവഹിതം ലംഘിച്ചുകൊണ്ടുള്ള പ്രകൃതിയുടെ ഉപയോഗം ആദ്യ പാപത്തിൽത്തന്നെ അടങ്ങിയിരിക്കുന്നു. എന്നാൽ പ്രകൃതിയുമായുള്ള ബന്ധം താറുമാറാകുന്നത് പാപകരമാണെു നാം കരുതുന്നില്ല. മാരകമായ വിഷം തളിച്ച് പച്ചക്കറിയുണ്ടാക്കി വില്ക്കുന്നത് ഏറ്റുപറയേണ്ട പാപങ്ങളിൽ വരുന്നില്ലയെന്നു നാം കരുതരുത്. ഏഴ് സാമൂഹിക മൂലപാപങ്ങളുടെ പട്ടിക വത്തിക്കാൻ 2008ൽ പുറത്തിറക്കിയിരുന്നു. അതിലൊന്ന് പ്രകൃതിയെ മലിനമാക്കുന്നതാണ്. യഥാർത്ഥത്തിൽ മനുഷ്യൻ കാര്യസ്ഥനെപ്പോലെ ദൈവത്തിന്റെ സൃഷ്ടപ്രപഞ്ചം പരിപാലിക്കണം. അതുകൊണ്ട് പ്രപഞ്ചത്തെക്കുറിച്ചുള്ള ദൈവത്തിന്റെ

പദ്ധതിയനുസരിച്ച് മനുഷ്യൻ വസ്തുക്കൾ ഉപയോഗിക്കാവൂ. പ്രപഞ്ചം ദൈവത്തിന്റെ ദാനമാണെന്ന അവബോധമുള്ളവരാകണം നമ്മൾ. പ്രകൃതി ദൈവത്തിന്റെ വരദാനമാണെ് നമ്മുടെ പൂർവ്വികർ വിശ്വസിച്ചിരുന്നതിന്റെ ഭാഗമായാണ് ആദ്യഫലങ്ങൾ നേർച്ചയായി ദൈവാലയത്തിൽ സമർപ്പിച്ചിരുന്നത്.

മനുഷ്യന് ജീവിക്കുവാൻ അത്യന്താപേക്ഷിതമായിട്ടുള്ള വായു, ജലം, മണ്ണ് എന്നിവ മനുഷ്യന്റെ സ്വാർത്ഥതമൂലം മലിനമായിരിക്കുന്നു. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ഏറ്റവും കൂടുതൽ ലാഭം ഉണ്ടാക്കാനുള്ള ത്വരയിൽ പ്രകൃതിയിലെ അമൂല്യമായ വിഭവങ്ങൾ എല്ലാ രീതിയിലും ചൂഷണം ചെയ്യുന്ന മനുഷ്യൻ തന്റെ ദൗത്യവും ഉത്തരവാദിത്വവും തിരിച്ചറിയണം. പ്രകൃതിയുടെ സന്തുലനാവസ്ഥ പരിരക്ഷിച്ച് ജീവിക്കുവാൻ നമുക്ക് കടമയുണ്ട്. എന്നാൽ പ്രകൃതിക്കുവേണ്ടി മനുഷ്യത്വം ബലി കൊടുക്കുന്നതും അംഗീകരിക്കാനാവില്ല. മനുഷ്യനെ പ്രകൃതിയുടെ ശത്രുവായി കരുതുകയും മനുഷ്യനെ പ്രകൃതിയിൽ നിന്നു നിഷ്കാസനം ചെയ്യേണ്ടതാണെന്ന ചിന്താഗതിയും അപകടകരമാണ് – ഇത് പരിസ്ഥിതി ഭീകരവാദമാണ്. മനുഷ്യത്വം നഷ്ടപ്പെടാതെ പ്രകൃതിസംരക്ഷണം സാധ്യമാകണം. അങ്ങനെ പ്രകൃതിയോട് തുറവിയുള്ളവരാകണം നമ്മൾ. പ്രകൃതിയോടുള്ള നമ്മുടെ മനോഭാവം ആദരപൂർവ്വകമാക്കി തീർക്കണം. അതൊരിക്കലും ചൂഷണപരമായിരിക്കരുത്.

പരിസ്ഥിതിസംരക്ഷണം ആത്യന്തികമായി ഒരു ജീവിതശൈലിയാണെന്ന് എനിക്ക് മനസ്സിലാക്കി തന്നത് നിങ്ങളെപ്പോലെയുള്ള ഒരു മിടുക്കനാണ്. അതുകൊണ്ടുതന്നെയാണ് കുട്ടികളായ നിങ്ങളോട് പ്രകൃതിസംരക്ഷണത്തെ കുറിച്ച് എഴുതണമെന്ന് കരുതിയത്. വർഷങ്ങൾക്കു മുമ്പ് ആൽപ്സ് പർവ്വതനിരയുടെ പ്രകൃതിഭംഗി ആസ്വദിക്കുവാൻ ജർമ്മനിയിലെ ഒരു കുടുംബം എന്നെ ക്ഷണിച്ചു. യാത്രാമധ്യേ ഉച്ചഭക്ഷണത്തിനുശേഷം ഞാൻ എന്റെ കൈയിലെ പ്ലേറ്റും ഗ്ലാസ്സും അലക്ഷ്യമായി വലിച്ചെറിഞ്ഞ് കൈ തുടച്ചു. വീണ്ടും ഞങ്ങൾ യാത്ര തുടങ്ങിയപ്പോൾ ആ കുടുംബത്തിലെ രണ്ടു മക്കളിൽ ഒരുവൻ ഞാൻ അറിയാതെ തിരികെ പോയി വലിച്ചെറിഞ്ഞതെല്ലാം പെറുക്കിയെടുത്ത് ബാഗിൽ ശേഖരിച്ച് തിരികെവന്നു. എന്നെ വേദനിപ്പിക്കേണ്ടയെന്നു കരുതിയാണ് ആ മിടുക്കൻ അങ്ങനെ ചെയ്തത്. അവൻ യാത്രാവസാനംവരെ അത് സൂക്ഷിച്ച് തിരിച്ച് ഹോട്ടലിലെത്തിയപ്പോൾ അവി

ടത്തെ വേസ്റ്റ് ബോക്സിൽ കളയുകയും ചെയ്തു. അങ്ങനെയവൻ പ്രകൃതിസംരക്ഷണം ജീവിത-പ്രവർത്തനശൈലിയാകണമെന്ന് എന്നെ പഠിപ്പിച്ചു. ആ മിടുക്കൻ കാടിന്റെയുള്ളിൽപ്പോലും വേസ്റ്റ് സാധനങ്ങൾ വലിച്ചെറിയാതെ പ്രകൃതിസ്നേഹത്തിന്റെ വലിയൊരുപാഠമാണ് നൽകുന്നത്. നാളെയുടെ പ്രതീക്ഷകളായ നിങ്ങൾ പരിശ്രമിച്ചാൽ നമുക്ക് നമ്മുടെ നാടിനുവേണ്ടി പുതിയൊരു സംസ്കാരം വാർത്തെടുക്കാൻ സാധിക്കും. അതിന്റെ ഭാഗമായി ഓരോരുത്തരും വീടും പൊതുസ്ഥലവും വൃത്തിയായി സൂക്ഷിക്കാൻ പരിശ്രമിക്കണം. പ്രകൃതിയെ സ്നേഹിക്കാനുള്ള ആദ്യപാഠം വീടുകളിൽ നിന്നുതന്നെ തുടങ്ങണം.

പ്രകൃതിസംരക്ഷണത്തെയും മാലിന്യനിർമ്മാർജ്ജനത്തെയും കുറിച്ച് നിങ്ങൾ ചർച്ച ചെയ്യുകയും നിങ്ങൾക്കു സാധിക്കുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. ചർച്ചയ്ക്കു സഹായകമായി ഏതാനും ചില ചിന്തകൾ ഞാൻ കത്തിൽ സൂചിപ്പിക്കുന്നു.

1. പ്രകൃതിസംരക്ഷണത്തെ കുറിച്ച് സഭയുടെ കാഴ്ചപ്പാട് എന്ത്? ഈ മാസം 18ന് പുറത്തിറങ്ങിയ ചാക്രികലേഖനം വായിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്യുക.

2. വീടും പരിസരവും എങ്ങനെ വൃത്തിയായി സംരക്ഷിക്കാം. പൂന്തോട്ടങ്ങളും അടുക്കളത്തോട്ടങ്ങളും പ്രോത്സാഹിപ്പിക്കുകയും പൂന്തോട്ടമത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

3. 'മരം ഒരു വരം' എന്നതിന്റെ അർത്ഥമെന്ത്? ഔഷധസസ്യങ്ങളും മരങ്ങളും വച്ചുപിടിപ്പിക്കുക. അന്തരീക്ഷത്തിന്റെ ഊഷ്മാവ് അടുത്ത കാലത്തായി കൂടുവാൻ കാരണം കാർബ ഡയോക്സൈഡിന്റെ അതിപ്രസരമാണ്. ലോകത്തിലെ കാടിന്റെ ഭാഗം മൂന്നിലൊന്നായി ഈ നൂറ്റാണ്ടിൽ കുറഞ്ഞു. മരിച്ചുകൊണ്ടിരിക്കുന്ന ഭൂമിയെ പുനർജ്ജീവിപ്പിക്കാനുള്ള മാർഗം മരം വച്ചു പിടിപ്പിക്കലാണ്. നിങ്ങൾക്ക് എന്തുചെയ്യാനാകും?

4. സംഘടനാതലത്തിൽ വീടുകളിൽ നിന്നും ആവശ്യമില്ലാത്ത വസ്തുക്കൾ ശേഖരിച്ച് ആക്രി കച്ചവടം നടത്തി പാവപ്പെട്ട കുട്ടികളുടെ പഠനത്തിന് സഹായിക്കുക.

5. സംഘടനാപ്രവർത്തനങ്ങളിലൂടെയോ ക്ലാസ്സടിസ്ഥാനത്തിലോ പള്ളി പരിസരങ്ങളിൽ പൂന്തോട്ടം വച്ചു പിടിപ്പിക്കുക. മഴക്കുഴികൾ നിർമ്മിച്ച്

ശുദ്ധജലസംരക്ഷണപദ്ധതി നടപ്പിലാക്കുക.

6. ഊർജ്ജസംരക്ഷണപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. നമ്മുടെ ഭവനങ്ങളിൽത്തന്നെ അനാവശ്യമായി കറന്റിന്റെ ഉപയോഗങ്ങളും കുറച്ച് പണം ലാഭിക്കുക. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക.

അങ്ങനെ പ്രകൃതിസംരക്ഷണം നമ്മുടെ ജീവിതശൈലിയാക്കി മാറ്റുക. ഏതാനും പ്രതീകാത്മകപ്രവർത്തനശൈലികൾ ഞാൻ മുകളിൽ സൂചിപ്പിച്ചു. ഇങ്ങനെയുള്ള ജീവിതശൈലികൾ വഴി ജീവിതത്തെ പുനഃക്രമീകരണത്തിന് നമുക്കൊരുങ്ങാം. മേൽപറഞ്ഞ ചോദ്യങ്ങളുടെ വെളിച്ചത്തിൽ നിങ്ങളുടെ കർമ്മപരിപാടികളെക്കുറിച്ച് നിങ്ങൾ എനിക്ക് കത്തെഴുതുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

നമ്മൾ ദൈവമക്കളും പരസ്പരം സഹോദരരും ആയിരിക്കുന്നതുപോലെ മറ്റു പ്രപഞ്ചവസ്തുക്കളെയും സഹോദരങ്ങളായി കാണാൻ അസ്സീസിയിലെ ഫ്രാൻസിസ് പുണ്യവാനും കഴിഞ്ഞു എന്നതുകൊണ്ടാണ് 1979ൽ വി. ജോ പോൾ രണ്ടാമൻ മാർപ്പാപ്പ വി. ഫ്രാൻസിസിനെ പ്രകൃതിയുടെ മധ്യസ്ഥനായി പ്രഖ്യാപിച്ചത്. നമ്മുടെ എല്ലാ പ്രകൃതിസംരക്ഷണപ്രവർത്തനങ്ങൾക്കും വി. ഫ്രാൻസിസ് അസ്സീസിയുടെ മധ്യസ്ഥം അപേക്ഷിക്കുന്നു. അങ്ങനെ പരിസ്ഥിതിയെ സംരക്ഷിച്ച് നമുക്ക് സഹവസിക്കാം. പരിസ്ഥിതി സംരക്ഷണത്തിലൂടെ ക്രൈസ്തവവിശ്വാസത്തിന്റെയും സഹോദരസ്നേഹത്തിന്റെയും സുവിശേഷം നമുക്ക് പ്രഘോഷിക്കാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സസ്നേഹം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

**N.B:** കുട്ടികൾക്കുള്ള കത്ത് നിർദ്ദേശിച്ചിരിക്കുന്ന ക്ലാസ്സ് അടിസ്ഥാനത്തിൽ ജൂലായ് മാസത്തിൽ തന്നെ വായിച്ച് ചർച്ചചെയ്യുകയോ, അല്ലെങ്കിൽ ആശയം ക്ലാസ്സുകളിൽ അവതരിപ്പിക്കുകയോ ചെയ്യുക.

**+ AT**

**ദുക്റാനതിരുനാളിന്റെ മംഗളങ്ങൾ :**

"എന്റെ കർത്താവേ, എന്റെ ദൈവമേ"എന്ന് ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസം പ്രഘോഷിച്ച്, ആ ക്രിസ്തുനാഥന്റെ പ്രേഷിതനായി ഭാരതത്തിൽ വന്ന് വിശ്വാസദീപം തെളിയിച്ച മാർതോമാശ്ലീഹായുടെ തിരുന്നാളിന്റെ മംഗളങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു.

**പുതിയ അദ്ധ്യയന വർഷം**

വിശ്വാസപരിശീലനത്തിനായുള്ള പുതിയ അദ്ധ്യയന വർഷം ആരംഭിച്ചുവല്ലൊ; ക്രമീകരണങ്ങളെല്ലാം ഭംഗിയാക്കി വിശ്വാസപരിശീലനം കാര്യക്ഷമമായി ആരംഭിക്കുന്നതിനു നേതൃത്വം കൊടുത്ത ബഹു. വികാരിമാർക്കും അസ്സി. വികാരിമാർക്കും മതബോധന അദ്ധ്യാപകർക്കും പി.ടി.എ. ഭാരവാഹികൾക്കും പ്രത്യേകം നന്ദി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കുട്ടികൾക്കുള്ള കത്ത് വായിക്കുവാനുള്ള സൗകര്യം എല്ലാ അദ്ധ്യാപകർക്കും കുട്ടികൾക്കും ചെയ്തുകൊടുക്കണം.

**പ്രബോധന വിഷയം :**

2015–2016 മതബോധന അദ്ധ്യയനവർഷത്തിലെ പ്രത്യേക പ്രബോധന വിഷയമായി എടുത്തിരിക്കുന്നത് ദൈവികകരുണയുടെ ജൂബിലിവർഷം പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ചിരിക്കുന്ന "മിസെരിക്കോർദിയേ വുൾത്തൂസ്" (Misericordiae Vultus =The Face of Mercy ) എന്ന പേപ്പൽ ബൂളയുടെ ഉള്ളടക്കമാണ്. കരുണാസമ്പന്നനായ ദൈവപിതാവിനെയും അവിടുത്തെ കരുണയുടെ മുഖമായ ഈശോയെയും ലോകത്തിന് അനുഭവവേദ്യമാക്കാനാണ് മാർപ്പാപ്പ ആഹ്വാനം ചെയ്യുന്നത്. വിശ്വാസപരിശീലനത്തിലൂടെ വിശ്വാസസത്യങ്ങളിൽ അറിവുനേടുന്നതോടൊപ്പം, സുവിശേഷത്തിനു സാക്ഷികളായി ജീവിക്കുന്നതിനുതകുന്നവിധത്തിൽ കരുണയുടെ പ്രേഷിതരാകാനുള്ള പരിശീലനവും സമന്വയിപ്പിക്കുന്നതിന് ശ്രമിക്കുമല്ലോ.

**പ്രത്യേക ശ്രദ്ധയ്ക്ക്:**

1. **Forms, Documents & Statistics:** മതബോധനകേന്ദ്രത്തിലേക്ക് അയച്ചുതരേണ്ട **Forms, Documents & Statistics** എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾക്ക് ഞായറാഴ്ച മതബോധന വാർഷികപ്രോഗ്രാം പേജ് 40 കാണുക. ഇവ മതബോധനകേന്ദ്രത്തിൽ നിശ്ചിത തിയതികൾക്കുള്ളിൽ തന്നെ എത്തിക്കുവാൻ ഹെഡ്മാസ്റ്ററും സെക്രട്ടറിയും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

- **HM & Secretary Address**: വ്യക്തികൾ മാറിയാലും ഇല്ലെങ്കിലും, ഫോറങ്ങൾ പൂരിപ്പിച്ച് എല്ലാ യൂണിറ്റിൽ നിന്നും നിർബന്ധമായും മതബോധന കേന്ദ്രത്തിൽ നല്കേണ്ടതാണ്.

- Address of ACC students who are eligible for Diploma: One Address in one Box. Please give attention to write neatly, legibly and clearly
- 2014 ആഗസ്റ്റ് 15-ന് സമ്മാനർഹർ കൊണ്ടുപോയ റോളിങ്ങ് ട്രോഫി ഇനിയും തിരിച്ചേൽപ്പിക്കാത്തവർ എത്രയും വേഗം മതബോധനകേന്ദ്രത്തിൽ എത്തിച്ചുതരേണ്ടതാണ്.

**2. CTC**

**Advanced CTC:** 10 വർഷത്തിലധികം സർവ്വീസ് ഉള്ള അദ്ധ്യാപകരെ ഉദ്ദേശിച്ചാണ് ഈ കോഴ്സ് സംഘടിപ്പിച്ചിരിക്കുന്നത്. ഈ വർഷത്തെ ബാച്ചിനുള്ള കോഴ്സ് ഓഗസ്റ്റ് 7 വെള്ളി 5 pm-ന് ആരംഭിച്ച് ഓഗസ്റ്റ് 9 ഞായർ 5 pm -ന് അവസാനിക്കുന്നു. പങ്കെടുക്കുന്നവർ നേരത്തെത്തന്നെ രജിസ്റ്റർ ചെയ്യുക.

**N.B.:** *ഈ വർഷത്തെ നിശ്ചിത **Basic CTC, Advanced CTC** കോഴ്സുകൾ ഓഗസ്റ്റ് 9 ന് പൂർത്തിയാകുന്നു. എങ്കിലും ഈ വർഷംതന്നെ ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ഇനിയും അദ്ധ്യാപകരുണ്ടെങ്കിൽ പുതിയ ബാച്ചു കുടി ക്രമീകരിക്കുന്നതാണ്. വേണ്ടത്ര അദ്ധ്യാപകരുണ്ടെങ്കിൽമാത്രമേ രണ്ടാമതൊരുബാച്ച് നടത്തുകയുള്ളൂ. താത്പര്യമുള്ളവർ മതബോധനകേന്ദ്രത്തിൽ പേരു രജിസ്റ്റർ ചെയ്യുക.*

**3. P. T. A. General Body Meeting in Units.**

**P. T. A. General Body** യോഗം യൂണിറ്റുകളിൽ നടത്തിക്കാണുമെന്ന് വിചാരിക്കുന്നു. ഇനിയും നടത്താത്ത യൂണിറ്റുകളുണ്ടെങ്കിൽ ഉടനെതന്നെ യോഗം വിളിച്ചുകൂട്ടുകയും വാർഷിക മതബോധന പ്രോഗ്രാം സജ്ജമാക്കുകയും അവ പ്രാവർത്തികമാക്കാൻ വേണ്ട കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. മാതാപിതാക്കളും, **P. T. A.** ഭാരവാഹികളും അദ്ധ്യാപകരും നിരന്തര സമ്പർക്കത്തിൽ വർത്തിക്കുമ്പോഴാണ് കുട്ടികളുടെ വിശ്വാസ പരിശീലനത്തിന് ഇടവകയിൽ കൂടുതൽ ഫലദായകത്വം ലഭിക്കുന്നത്. നേരായമാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കുന്ന കുട്ടികളെ തിരുത്താനും യഥാർത്ഥ വഴിയിലേക്കു നയിക്കാനും **P. T. A.**ക്ക് സാധിക്കണം. തെരഞ്ഞെടുപ്പ് കഴിഞ്ഞ് തന്നിരിക്കുന്ന form പൂരിപ്പിച്ച് എത്രയും വേഗം നിശ്ചിത സ്ഥലങ്ങളിൽ എത്തിക്കണം.

**4. അദ്ധ്യാപകസഹായി**

Std. I to X ഞായറാഴ്ച മതബോധന ടെക്സ്റ്റ് പുസ്തകത്തെ ആധാരമാക്കി അദ്ധ്യാപകസഹായി മതബോധന ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. യൂണിറ്റുകളിൽ നിന്നും അത് ബന്ധപ്പെട്ട അദ്ധ്യാപകർക്ക് വാങ്ങി

കൊടുക്കേണ്ടതാണ്. അദ്ധ്യാപകർക്ക് വളരെ പ്രയോജനപ്പെടുത്താവുന്ന ഈ പുസ്തകത്തിന്റെ സഹായത്തോടുകൂടി കുട്ടികളെ പഠിപ്പിക്കുന്നതിൽ വളരെയേറെ പ്രയോജനമുണ്ടായിരിക്കും.

## 5. Text Book Distribution

കുട്ടികൾക്ക് പുസ്തകങ്ങൾ ലഭ്യമാക്കേണ്ടത് യൂണിറ്റുകളുടെ ചുമതലയാണ്. യൂണിറ്റുകൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുവാൻ മാത്രമേ മതബോധനകേന്ദ്രത്തിന് സാധ്യമാകുകയുള്ളൂ. കുട്ടികളുടെ മാതാപിതാക്കളേയോ മറ്റോ പുസ്തകങ്ങൾക്കായി ഒറ്റക്ക് മതബോധനകേന്ദ്രത്തിലേക്ക് പറഞ്ഞയയ്ക്കരുത് എന്ന് പ്രത്യകം നിഷ്കർഷിക്കുന്നു.

## 6. SMCC പ്രതിഭാസംഗമം Std. VII 2015

**ഷെറിൻ ജോസഫ് പ്രതിഭ**
**തൃശ്ശൂർ അതിരൂപതയ്ക്ക് തിളക്കമാർന്ന വിജയം**

Syro-Malabar സഭയുടെ മതബോധന കമ്മീഷൻ (SMCC) Std. VII -ലെ കുട്ടികൾക്ക് 2015 May ൽ സീറോമലബാർ സഭയുടെ കാര്യാലയമായ Mount St. Thomas Kakkanad ൽ വെച്ച് പ്രതിഭാസംഗമം നടത്തി. നമ്മുടെ അതിരൂപതയിൽ നിന്നും പോൾ ജോൺ (കണ്ടശ്ശാങ്കടവ് ഇടവക) ക്രിസ് ആന്റോ പോൾ (പുതുക്കാട് ഇടവക), ഷെറിൻ ജോസഫ് (നെഹ്റുനഗർ ഇടവക), ഹെന്ന ജോസ് ജെയ്സൺ എം. (വിജയപുരം ഇടവക) എന്നിവർ പങ്കെടുത്തു. അതിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ നെഹ്റു നഗർ ഇടവകയിലെ **പൊന്തോക്കൻ ജോസഫ് + ലിൻസി മകൾ ഷെറിൻ ജോസഫ്** സീറോമലബാർ സഭാ പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ടതിൽ നമുക്ക് അതിയായ ആഹ്ളാദവും അഭിമാനവുമുണ്ട്. മറ്റ് കുട്ടികളും നല്ല പ്രകടനം കാഴ്ചവെച്ചിരുന്നു. ഷെറിനും മറ്റു കുട്ടികൾക്കും ഹാർദ്ദമായ അഭിനന്ദനങ്ങൾ! ആ കുട്ടികളെ നമ്മുടെ അതിരൂപതാകേന്ദ്രത്തിൽ പരിശീലിപ്പിച്ച അദ്ധ്യാപകർക്ക് പ്രത്യേകം നന്ദി. ഈ കുട്ടികളുടെ അദ്ധ്യാപകരേയും മാതാപിതാക്കളേയും പ്രത്യേകം അനുമോദിക്കുന്നു.

## 7. SMCC പ്രതിഭാസംഗമം Std. XII 2015

a) കുട്ടികളുടെ തെരഞ്ഞെടുപ്പിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങളും മറ്റു വിവരങ്ങളും, Forms -ഉം മതബോധനകേന്ദ്രത്തിൽ നിന്നും വിതരണം ചെയ്തുകഴിഞ്ഞു. നിർദ്ദേശങ്ങൾ വേണ്ടതുപോലെ പാലിക്കുമല്ലോ. യൂണിറ്റിൽ സൗകര്യംപോലെ അർദ്ധദിന Workshop നടത്തി എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ച് വേണം കുട്ടികളെ തെരഞ്ഞെടുക്കാൻ.

b) Forane Level Half Day Workshop

Forane Level - ൽ നടത്തുന്നത് Oct. 18, Oct. 25, Nov.1, Nov. 8 എന്നീ തിയതികളിലായിരിക്കും. ഫൊറോനാ കേന്ദ്രങ്ങളിൽ വെച്ചായിരിക്കും ഇത് നടത്തുന്നത്. ഒരു ഫൊറോനയിൽ ഏത് തിയ്യതിയിലാണ് നടത്തുന്നത് എന്ന് പിന്നീട് അറിയിക്കുന്നതാണ്. Annual Programme Page 30ൽ തിയ്യതി തിരുത്തിയെഴുതുക.

8. **Contact Class** (Annual Programme Pages 26, 27, 28)

July 5- ന് ആണ് ആദ്യത്തെ ക്ലാസ്സ്. അതിന് മുമ്പ് Registration നടത്താൻ, ആവശ്യമുള്ള കുട്ടികൾക്ക് നിർദ്ദേശം കൊടുക്കണം.

9. **One Day Seminar for Sunday Catechism Teachers of all Standards**

(Annual Programme Pages 35, 36)

ഈ വർഷം എല്ലാ സെമിനാറുകളും മതബോധനകേന്ദ്രത്തിൽ വച്ചാണ് നടത്തുന്നത്. സെമിനാറിലെ ക്ലാസ്സുകൾക്കും ശില്പശാലയ്ക്കും പുസ്തകങ്ങൾ (ടെക്സ്റ്റ് ബുക്ക്, നോൺ-ഡീറ്റെയ്ൽഡ് ബുക്ക്, ബൈബിൾ സ്റ്റഡി ബുക്ക്) ഉപയോഗിക്കേണ്ടിവരും. കൂടാതെ ശില്പശാലയിൽ അതതു ക്ലാസ്സിലെ മോഡൽ ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ ഓരോ അധ്യാപകനും/ അധ്യാപികയും പങ്കെടുക്കണം. അതുകൊണ്ട് എല്ലാ അദ്ധ്യാപകരും അതാത് ക്ലാസ്സിലെ പുസ്തകങ്ങൾ കൊണ്ടു വരേണ്ടതാണ്.

സസ്നേഹം,

Fr. Raphael Akkamattathil
Director

Fr. Tens Kunnappilly
Fr. Jijo Kappilamnirappel
(Asst. Directors)

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി

## B. A. Theology Course:

**പുതിയ ബാച്ച്** : ബൈബിൾ, ദൈവശാസ്ത്രം, ആരാധനക്രമം എന്നീ വിഷയങ്ങളിൽ കൂടുതൽ അറിവുനേടാൻ ആഗ്രഹിക്കുന്ന വിശ്വാസികൾക്കായി തിയോളജി ഇൻസ്റ്റിറ്റ്യൂട്ട് മൂന്നുവർഷത്തെ **B. A. Theology Course** നടത്തിവരുന്നുണ്ട്. ബെൽജിയത്തെ ലുവെയ്ൻ കാത്തലിക് യൂണിവേഴ്സിറ്റിയുമായി അഫീലിയേറ്റ് ചെയ്തിട്ടുള്ളതാണ് ഈ കോഴ്സ്. പ്രവേശനത്തിനുള്ള അടിസ്ഥാന വിദ്യാഭ്യാസയോഗ്യത ഏതെങ്കിലും വിഷയത്തിൽ ബാച്ചലർ ബിരുദമാണ്. ഞായറാഴ്ചകളിലും (2 P.M.-5 P.M.) പൊതുഅവധിദിവസങ്ങളിലും (9:30A.M.-4:30 P.M.) ആയിരിക്കും പൊതുവെ കോഴ്സ് നടത്തപ്പെടുന്നത്. അത്യാവശ്യസന്ദർഭങ്ങളിൽ മുൻകൂട്ടി അറിയിച്ച് ഏതെങ്കിലും ഇടദിവസത്തിലും കോഴ്സ് നടത്തെപ്പെടാം. **പുതിയ ബാച്ച് ആരംഭിക്കുന്നത് ജൂലൈ 11ന് ശനിയാഴ്ചയാണ്.** കോഴ്സിൽ ചേരുന്നുവർക്ക് പ്രവേശനപരീക്ഷ ഉണ്ടായിരിക്കും. വിശദവിവരങ്ങൾക്ക് മതബോധനകേന്ദ്രത്തിലെ തിജോളജി ഓഫീസുമായി ബന്ധപ്പെടുക.

**പ്രൊഫ. റെയ്മണ്ട് ബിയറിംഗറുടെ ക്ലാസ്സ്** : ആഗസ്റ്റ് 21 മുതൽ 27 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ വിദ്യാർത്ഥികൾക്ക് ലുവെയ്ൻ കാത്തലിക് യൂണിവേഴ്സിറ്റിയിലെ പ്രൊഫ. റെയ്മണ്ട് ബിയറിംഗർ ക്ലാസ്സെടുക്കുന്നതാണ്.



## Correspondence Theology Course:

കറസ്പോണ്ടൻസ് തിയോളജിയുടെ പുതിയ ബാച്ച് ജൂലൈ 26 ന് ആരംഭിക്കുന്നു. കോഴ്സിൽ ചേരുന്നതിനുള്ള അപേക്ഷകൾ ജൂലൈ 18ന് മുമ്പ് സമർപ്പിക്കണം. അപേക്ഷാഫോറങ്ങൾ മതബോധനകേന്ദ്രത്തിലെ തിജോളജി ഓഫീസിൽനിന്നു ലഭിക്കുന്നതാണ്.

കറസ്പോണ്ടൻസ് തിയോളജി വിദ്യാർത്ഥികൾക്കുള്ള ജൂലൈ മാസത്തിലെ ക്ലാസ്സുകൾ ജൂലൈ 12, 26 എന്നീ ഞായറാഴ്ച്ചകളിൽ ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി വരെയായിരിക്കും.

## Six-Month Theology Course for Religious sisters:

സന്യാസിനിമാർക്കുവേണ്ടിയുള്ള Six-Months Theology Course (June -November 2015)-ന്റെ പുതിയ ബാച്ച് 2015 June 8-ന് ആരംഭിച്ചു. സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി, കോൺഗ്രിഗേഷൻ ഓഫ് സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്ത, സൊസൈറ്റി ഓഫ് നിർമ്മലദാസി സിസ്റ്റേഴ്സ് എന്നീ സന്യാസ സമൂഹങ്ങളിൽനിന്നുള്ള 18 ബഹു. സിസ്റ്റേഴ്സ് ഈ കോഴ്സിൽ പങ്കെടുക്കുന്നു. ഇവരുടെ സന്യാസസമൂഹാധികാരികൾക്ക് പ്രത്യേകം നന്ദി പറയുന്നു.

Fr. Raphael Akkamattathil, Director

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**ഓർമ്മിക്കാൻ... ആചരിക്കാൻ.... 2015 ജൂലൈ**

| | |
|---|---|
| 3 വെള്ളി | ദുക്റാന (സെന്റ് തോമസ് ഡേ) |
| 6 തിങ്കൾ | മരിയ ഗൊരേത്തി |
| 11 ശനി | ലോകജനസംഖ്യാദിനം |
| 16 വ്യാഴം | കർമ്മലമാതാവ് |
| 25 ശനി | വി. യാക്കോബ് |
| 28 ചൊവ്വ | വി. അൽഫോൺസ |
| 31 വെള്ളി | വി. ഇഗ്നേഷ്യസ് ലെയോള |

**2. സ്കൂൾ കണക്ക് റിപ്പോർട്ട്**

സ്കൂളിന്റെ 2014-2015 വർഷത്തിലെ കണക്കും, റിപ്പോർട്ടും ഏജൻസി ഓഫീസിൽ നിന്ന് ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ എഴുതി കച്ചേരിയിലും പകർപ്പ് ഏജൻസി ഓഫീസിലും നൽകേണ്ടതാണ്. തെരട്ട് കൊണ്ടുവരുമ്പോൾ മാനേജരച്ചന്മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.



**3. സ്റ്റാഫ് ഫിക്സേഷൻ ഓർഡർ**

വിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്റ്റാഫ് ഫിക്സേഷൻ ഓർഡർ ലഭിച്ചാൽ എത്രയും വേഗം ഓഫീസിൽ എത്തിക്കേണ്ടതാണ്.

**4. യാത്രാമംഗളങ്ങളും സ്വാഗതാശംസകളും**

2015 ജൂൺ 5-ാം തിയതിതി 2 pm ന് പ്രധാനാദ്ധ്യാപകരുടെ യോഗത്തിൽ വെച്ച് സ്ഥലം മാറിപ്പോകുന്ന കോർപ്പറേറ്റ് മാനേജർ ഫാ. തോമസ് കാക്കശ്ശേരിയ്ക്കും പുതിയ കോർപ്പറേറ്റ് മാനേജർ ഫാ. ആന്റണി ചെമ്പകശ്ശേരിയ്ക്കും യാത്രാമംഗളങ്ങളും സ്വാഗതാശംസകളും നേർന്നു.

5. Result of Higher Secondary Examination March 15

| Rank | Name of School | Students Appeared | Passed | Percentage |
|---|---|---|---|---|
| 1 | St. Thomas C.H.S.S. Thrissur | 269 | 267 | 99.25 |
| 2. | C.J.M.A. H.S.S. Varadarapilly | 211 | 202 | 95.73 |
| 3. | St. Thomas H.S.S. Thope, Thrissur | 159 | 149 | 93.71 |
| 4. | St. Antony H.S.S. Pudukad | 547 | 496 | 90.67 |
| 5. | St. Antony's H.S. S. Puthenpeedika | 103 | 92 | 89.32 |

| | | | | |
|---|---|---|---|---|
| 6. | St. Thomas H.S.S. Engandiyur | 157 | 139 | 88.53 |
| 7. | St. Antonys H.S.S. Ammadam | 258 | 228 | 88.37 |
| 8. | St. Thomas H.S.S. Vallachira | 160 | 140 | 87.50 |
| 9. | St. Johns H.S.S., Parappur | 163 | 136 | 83.44 |
| 10. | St. Thomas H.S.S. Mayannur | 159 | 117 | 73.58 |
| 11. | St. Joseph H.S.S. Avinissery | 156 | 114 | 73.07 |

## S.S.L.C. Exam Result March - 2014

| Sl. | Name of School | No. of pupils appeared for S.S.L.C. Exam | No. of pupils who got D+ and above | School Percentage |
|---|---|---|---|---|
| 1. | St. Thomas H.S.S., Engandiyur | 325 | 325 | 100 |
| 2. | St. Thomas H.S., Thiroor | 299 | 299 | 100 |
| 3. | St. Antony's H.S.S., Pudukad | 264 | 264 | 100 |
| 4. | St. Thomas H.S.S., Mayannur | 248 | 248 | 100 |
| 5. | St. Sebastian's H.S., Chittattukara | 211 | 211 | 100 |
| 6. | St. Thomas C.H.S.S., Thrissur | 170 | 170 | 100 |
| 7. | St. Sebastian's H.S., Mannamangalam | 164 | 164 | 100 |
| 8. | St. Xavier's H.S., Chevoor | 156 | 156 | 100 |
| 9. | St. Antony's H.S., Pazhuvil | 149 | 149 | 100 |
| 10. | St. Thomas .H.S.S.,Thope, Thrissur | 149 | 149 | 100 |
| 11. | St. Joseph's H.S., Velupadam | 108 | 108 | 100 |
| 12. | St. Thomas H.S.S., Vallachira | 67 | 67 | 100 |
| 13. | St. Joseph's H.S.S., Avinissery | 56 | 56 | 100 |
| 14. | St. Antony's H.S.S., Puthenpeedika | 31 | 31 | 100 |
| 15. | C.J.M.A.H.S.S., Varandarappilly | 406 | 405 | 99.75 |
| 16. | St. Antony's H.S.S., Ammadam | 278 | 277 | 99.64 |
| 17. | Matha H.S., Mannampetta | 238 | 237 | 99.57 |
| 18. | St. Mary's H.S., Chengaloor | 162 | 161 | 99.38 |
| 19. | St. John's H.S.S., Parappur | 262 | 260 | 99.20 |
| 20. | St. Joseph's H.S., Enamakkal | 187 | 185 | 98.93 |
| 21 | Tharakan's H.S., Aranattukara | 30 | 28 | 93.33 |

**ഫാ. ആന്റണി ചെമ്പകശ്ശേരി**

കോർപ്പറേറ്റ് മാനേജർ

# മേരിമാതാ മേജർ സെമിനാരി

**മേരിമാതയിൽ നവീകരിച്ച ചാപ്പൽ....**

നവീകരിച്ച ചാപ്പലിന്റെ വെഞ്ചിരിപ്പ് കർമ്മം മെയ് 31ന് മാർ റാഫേൽ തട്ടിൽ പിതാവ് നിർവ്വഹിച്ചു. അന്നേ ദിവസം പിതാവ് വൈകുന്നേരം കുർബ്ബാന അർപ്പിക്കുകയും വചനസന്ദേശം നൽകി അനുഗ്രഹിക്കുകയും ചെയ്തു. ജൂൺ 1ന് മേരിമാതയുടെ മടിത്തട്ടിൽ എല്ലാവരും ഒത്തുചേർന്ന് ആദ്യവർഷക്കാർക്ക് സ്വാഗതമരുളി. പുത്തൻ അനുഭവങ്ങളും പുതിയ പ്രതീക്ഷകളുമായി ഈ വർഷം മാറുന്നതിനുള്ള ആശംസകൾ റെക്ടറച്ചനും മറ്റു വൈദികരും നേർന്നു.

**അദ്ധ്യയന വർഷാരംഭം**

മേരിമാതാ സെമിനാരിയുടെ 18-ാം അദ്ധ്യയന വർഷത്തിന് പ്രാർത്ഥനാനിർഭരമായ ആരംഭം കുറിച്ചു. ജൂൺ ഒന്നിന് പാലക്കാട് രൂപത മെത്രാൻ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിച്ച സമൂഹബലിയോടെ 2015-16 അദ്ധ്യയന വർഷത്തിന് തുടക്കമായി. തുടർന്ന് നടന്ന സമ്മേളനത്തിൽ Try your best is more important than being the best എന്ന് പിതാവ് സൂചിപ്പിച്ചു. സമ്മേളനത്തിൽ 2014-15 വർഷത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് പിതാവ് ക്യാഷ് അവാർഡുകൾ സമ്മാനിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് റവ. ഡോ. ജിഫി മേക്കാട്ടുകുളം Theology of Beauty in the Priestly Formation എന്ന വിഷയത്തെ സംബന്ധിച്ച Scola Brevis അവതരിപ്പിച്ചു. കേരളത്തിനകത്തും പുറത്തുനിന്നുമുള്ള 22 രൂപതകളിൽ നിന്നും 9 സന്യാസഭവനങ്ങളിൽ നിന്നുമായി 171 പേരാണ് ഈ വർഷം പരിശീലനം നേടുന്നത്.

**മാസധ്യാനം**

വേനലവധി കഴിഞ്ഞ് തിരിച്ചെത്തിയ ഏവർക്കും പ്രചോദനം നൽകി 2015 -16 അദ്ധ്യയന വർഷത്തിലെ ആദ്യത്തെ മാസധ്യാനം ജൂൺ 5-ാം തിയതി റെക്ടറച്ചന്റെ നിർദ്ദേശങ്ങളോടെ ആരംഭിച്ചു. മാസധ്യാനം നയിച്ചത് ജെറുസലെം ധ്യാനകേന്ദ്രത്തിലെ ഫാ. ഡേവീസ് പനയ്ക്കൽ സി.എം.ഐ. ആയിരുന്നു. ക്രിസ്തുവിന്റെ സ്പർശം ജീവിത്തിലുണ്ടായാൽ മാത്രമേ അജപാലന മേഖലയിൽ ദൈവജനത്തെ സ്പർശിക്കുവാൻ സാധിക്കുകയുള്ളൂ എന്നും, ഓരോ പുരോഹിതനും ക്രിസ്തുവിന്റെ പരിമളവാഹകരായി തീരണം എന്നും അച്ചൻ ധ്യാനചിന്തകളായി പങ്കുവെച്ചു. പുതിയ തീരുമാനങ്ങളെടുത്ത്, പാപമോചന കൂദാശ സ്വീകരിച്ച് ദിവ്യകാരുണ്യ ആരാധനയോടെ മാസധ്യാനം അവസാനിച്ചു.

**അജപാലന മേഖലയിലേക്ക്...**

മേരിമാതാ സെമിനാരിയുടെ അജപാലന പരിശീലനത്തിന്റെ ഭാഗമായുള്ള ശുശ്രൂഷ ജൂൺ 7ന് ആരംഭിച്ചു, തൃശ്ശൂർ, ഇരിങ്ങാലക്കുട എന്നീ രൂപതകളിലെ 46 ഇടവകകളിലേക്കാണ് ഈ വർഷം ശുശ്രൂഷയ്ക്കായി പോകുന്നത്. മതബോധനം, കുടുംബയോഗങ്ങൾ, ഭവനസന്ദർശനം, സംഘടനാ പ്രവർത്തനം എന്നീ തലങ്ങളിൽ ബഹു. ശെമ്മാശന്മാർ പരിശീലനം നേടുന്നു. പ്രാർത്ഥനയുടെയും വളർച്ചയുടെയും ഒരുക്കത്തിന്റെയും പാതയിൽ പൗരോഹിത്യത്തിലേക്ക് നടന്നടുക്കുവാൻ ഇത് സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

**ദിവ്യകാരുണ്യസന്നിധിയിൽ**

ജൂൺ പന്ത്രണ്ടിന് മേരിമാതാ കുടുംബം ദിവ്യകാരുണ്യ സന്നിധിയിൽ ആരാധനാ ദിനം ആചരിച്ചു. അന്നേദിവസം രാവിലെ 6.30ന് തൃശ്ശൂർ രൂപത വികാരി ജനറാൾ വെരി. റവ. ഫാ. ജോർജ്ജ് കോമ്പാറ ദിവ്യബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് വിവിധ ബാച്ചുകൾ ഒരു മണിക്കൂർ വീതം ആരാധന നടത്തി. ഉച്ചകഴിഞ്ഞുള്ള പൊതു ആരാധനയോടു കൂടി ആരാധനയ്ക്ക് സമാപനമായി. അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽ തന്നെ ലഭിച്ച ആരാധന ദിനം ഏവരും ഫലപ്രദമായി ഉപയോഗിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

**Individual Patron Membership**

1. ശ്രീ. എ.ഒ. വർഗ്ഗീസ്, അരിമ്പൂര് അടമ്പുകുളം, കോടന്നൂർ

**Individual Benefactor Membership**

1. ശ്രീ. ജോജു പാണാട്ടുപറമ്പിൽ ആന്റണി,
   പാണാട്ടുപറമ്പിൽ ഹൗസ്, ചെങ്ങാലൂർ

**Individual Well wisher Membership**

1. ശ്രീ. ടി. പി. പീറ്റർ, തൈക്കാട്ടിൽ ഹൗസ്, അത്താണി
2. കുമാരി ജാൻസി ജെയിംസ്, കല്ലേരി ഹൗസ്, ചെവ്വൂർ

**ഫാ. ബാബു പാണാട്ടുപറമ്പിൽ**
**റെക്ടർ**

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

### പരിശീലനത്തിന്റെ തുടർ ഘട്ടങ്ങളിലേക്ക്

2015 മെയ് അവസാനവാരത്തിൽ വൈദികവിദ്യാർത്ഥികൾ തങ്ങളുടെ പരിശീലനത്തിന്റെ തുടർ ഘട്ടങ്ങളിലേക്ക് പ്രവേശനം നേടി. മൈനർ സെമിനാരിയിൽ പരിശീലനം പൂർത്തിയാക്കിയ 12 വിദ്യാർത്ഥികൾ തിരുവില്വാമലയിലെ സെന്റ് പോൾ ഗുരുകുലത്തിലേക്ക് യാത്രതിരിച്ചപ്പോൾ ഡിഗ്രി/ഡിപ്ലോമ പഠനം പൂർത്തിയാക്കി 6 സെമിനാരിക്കാർ തത്ത്വശാസ്ത്ര പഠനത്തിനായും റീജൻസിക്കുശേഷം വൈദിക വസ്ത്രം സ്വീകരിച്ച 10 ശെമ്മാശ്ശന്മാർ ദൈവശാസ്ത്ര പഠനത്തിനായും വിവിധ മേജർ സെമിനാരികളിലേക്ക് യാത്രയായി. 222 വൈദികവിദ്യാർത്ഥികളാണ് വിവിധഘട്ടങ്ങളിലായി തൃശൂർ അതിരൂപതയ്ക്കുവേണ്ടി ഈ വർഷം പരിശീലനം സിദ്ധിച്ചുക്കൊണ്ടിരിക്കുന്നത്.

### അഭിവന്ദ്യപിതാക്കന്മാരുമൊത്ത്

2015 മെസ് 30, ജൂൺ 8, ജൂൺ 11 എന്നീ തിയ്യതികളിൽ യഥാക്രമം അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ, മാർ ആൻഡ്രൂസ് താഴത്ത്, മാർ ജേക്കബ് തുങ്കുഴി എന്നീപിതാക്കന്മാർ സെമിനാരി കുടുംബത്തോടൊപ്പം വിശുദ്ധ ബലിയർപ്പിക്കുകയും വചനസന്ദേശങ്ങളിലൂടെ ദൈവവിളി ജീവിതത്തെക്കുറിച്ചുള്ള ഞങ്ങളുടെ ദർശനങ്ങൾ കൂടുതൽ ദീപ്തമാക്കുകയും ചെയ്തു.

### നവാഗതരോടൊത്ത്

ഈ വർഷം മൈനർ സെമിനാരിയിലേക്ക് പ്രവേശനം ലഭിച്ച 36 സഹോദരങ്ങളെ ജൂൺ 7-ാം തിയ്യതി സെമിനാരി കുടുംബത്തിലേക്ക് സഹർഷം സ്വീകരിച്ചു. ഉച്ച തിരിഞ്ഞ് 3 മണിക്ക് നവാഗതരോടും അവരുടെ കുടുംബാംഗങ്ങളോടുമൊപ്പം സെമിനാരികുടുംബം ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥിക്കനായി ഒത്തുച്ചേർന്നു. സെമിനാരി ജീവിതത്തെക്കുറിച്ചും പൗരോഹിത്യ ശുശ്രൂഷയെക്കുറിച്ചുമുള്ള ഉൾക്കാഴ്ച്ചകൾ ഹൃദയങ്ങളിൽ പതിയത്തക്കവിധത്തിലുള്ള അവതരണങ്ങളൊരുക്കി വൈകീട്ടു നടന്ന സ്നേഹക്കൂട്ടായ്മയിൽവച്ച് ജ്യേഷ്ഠ സഹോദരന്മാർ കുഞ്ഞനുജന്മാരെ ഊഷ്മളമായി വരവേറ്റു.

### ഓറിയന്റേഷൻ പ്രോഗ്രാം

ഒന്നാം വർഷ മൈനർ സെമിനാരിക്കാർക്കായി ജൂൺ 8,9 എന്നീ ദിവസങ്ങളിലായി സംഘടിപ്പിച്ചു. ബഹു. രാജു അക്കരയച്ചനാണ് നേതൃത്വം നൽകിയത്.

**അധ്യയനവർഷ സമാരംഭം**

ജൂൺ 10-ാം തിയ്യതി മോൺ ജോർജ്ജ് മാനാടനച്ചന്റെ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധബലിയിൽ സംബന്ധിച്ച് ദൈവാനുഗ്രഹങ്ങൾക്കായി യാചിച്ചുകൊണ്ടായിരുന്നു ഈ അധ്യയനവർഷത്തിന് ആരംഭം കുറിച്ചത്. തുടർന്നു നടന്ന യോഗത്തിൽവച്ച് മോൺ ജോർജ്ജ് മാനാടൻ സെമിനാരിയിലെ അധ്യയനത്തിന്റെ സവിശേഷതകളെക്കുറിച്ചും അനന്യതയെക്കുറിച്ചും അവബോധം പകർന്നുതന്നതിനുശേഷം പുതിയ അധ്യയനവർഷത്തിന്റെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിച്ചു. തദവസരത്തിൽ അദ്ധ്യാപക-വിദ്യാർത്ഥി പ്രതിനിധികൾ ആശംസകളർപ്പിച്ചു സംസാരിച്ചു.

**തിരുഹൃദയതിരുന്നാൾ**

ഈശോയുടെ തിരുഹൃദയതിരുനാളായ ജൂൺ 12ന് സെമിനാരി കുടുംബത്തെ ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിച്ചു വിശുദ്ധജലം തളിച്ച് സെമിനാരി കെട്ടിടത്തിന്റെ എല്ലാ ഭാഗങ്ങളും വെഞ്ചരിച്ചു.

**മാസധ്യാനം**

ജൂൺ 12, 13 തിയ്യതികളിലായിരുന്നു ഈ അധ്യയന വർഷത്തെ ആദ്യത്തെ മാസധ്യാനം നടന്നത്. മൈനർ സെമിനാരിക്കാരെ ഒരു വിഭാഗമായും ഡിഗ്രി വിദ്യാർത്ഥികളും റീജൻസിക്കാരും ആയ സെമിനാരിക്കാരെ മറ്റൊരു വിഭാഗവുമായി തിരിച്ച് വെവ്വേറെയായിട്ടാണ് ധ്യാനം സംഘടിപ്പിച്ചത്. മൈനർ സെമിനാരി വിഭാഗത്തിനായുള്ള ധ്യാനം നയിച്ചത് ബഹു. വർഗ്ഗീസ് കുത്തൂരച്ചനും മറ്റുള്ളവർക്കായുള്ള ധ്യാനം നയിച്ചത് ബഹു. ബൈജു ചാക്കേരിയച്ചനും ബഹു. ഫ്രാൻസീസ് ആളൂരച്ചനും സംയുക്തമായിട്ടുമായിരുന്നു. 75

**ബേഴ്സ് സ്ഥാപിച്ചവർ**

1). ശ്രീ. നിതു സെബാസ്റ്റ്യൻ & ശ്രീമതി റോസ്മിൻ നിതു, പാറയ്ക്കൽ ഹൗസ്, കുർക്കഞ്ചേരി, തൃശൂർ.
2). ശ്രീ. ടോണി ഏനോക്കാരൻ, ഏനോക്കാരൻ ഹൗസ്, ഏയ്ഞ്ചൽ നഗർ, ഒല്ലൂർ.
3). ശ്രീമതി. ത്രേസ്യ കൊച്ചൗസേപ്പ്, & C/0 ശ്രീ. ഇ. കെ. തോമസ്, എടക്കുളത്തൂർ ഹൗസ്, തൊയക്കാവ്, തൃശൂർ.
4). തട്ടിൽ വല്ലച്ചിറക്കാരൻ ഔസേപ്പ് ജെയിംസ്, മരിയാപുരം, തൃശൂർ.
5). തട്ടിൽ വല്ലച്ചിറക്കാരൻ ഔസേപ്പ് ബോസ്ക്കോ, മരിയാപുരം, തൃശൂർ.
6). റവ. സിസ്റ്റർ സുപ്പീരിയർ, ഹോളി ഏയ്ഞ്ചൽസ് എഫ്. സി- കോൺവെന്റ്, മണലാടി.

7). റവ. സിസ്റ്റർ ഷീല FCC, C/o ശ്രീ. വർഗ്ഗീസ് എം. നെടുംപറമ്പിൽ ഹൗസ്, ഇരിങ്ങാലക്കുട.

8). ശ്രീമതി. കൊച്ചന്നം ദേവസ്സി, തൈക്കാട്ടിൽ ഹൗസ്, മുള്ളൂർ, പറപ്പൂർ.

9). ശ്രീ. ജോയ് എം. വി. മണ്ടുംപാൽ ഹൗസ്, ചൊവ്വന്നൂർ.

10). ശ്രീ. കെ. കെ. ഫ്രാൻസീസ്, കമ്പക്കാരൻ ഹൗസ്, പനംകുറ്റിച്ചിറ, ഒല്ലൂർ.

11). ശ്രീ. ജോസ് സി. പി., ചിറ്റിലപ്പിള്ളി ഹൗസ്, ഹിൽഗാർഡൻസ്, കുട്ടനെല്ലൂർ.

12). ശ്രീ. സിറിയക് ജോസഫ് എം., മണ്ടുംപാൽ ഹൗസ്, പാറേംപാടം.

13). ശ്രീ. ലോനപ്പൻ സി. സി. ചിറ്റിലപ്പിള്ളി ഹൗസ്, ഒല്ലൂക്കര.

14). ശ്രീ. പോൾ ജോർജ്ജ്, ചീരമ്പൻ ഹൗസ്, നടത്തറ.

15). ശ്രീമതി. ഉജ്വല വത്സല ഫ്രാൻസീസ്, പുലിക്കോട്ടിൽ ഹൗസ്, കാനാട്ടുകര.

ഈശോയുടെ പൗരോഹിത്യത്തിലേക്ക് നടന്നടുക്കുന്ന വൈദികവിദ്യാർത്ഥികൾക്ക് താങ്ങാകാൻ സന്നദ്ധരായ നിങ്ങളേവരെയും അവിടുന്ന് ഹൃദയപൂർവ്വം ആശീർവ്വദിക്കട്ടെ.



**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
(റെക്ടർ)

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**1. റിപ്പോർട്ട് റൈറ്റിംങ് സെമിനാർ സംഘടിപ്പിച്ചു.**

മെയ് 6-ാം തീയതി Dr. Josen George ന്റെ നേതൃത്വത്തിൽ M.Ed വിദ്യാർത്ഥികൾക്കായി Report writing and APA format എന്നിവയെ കുറിച്ചുള്ള ക്ലാസുകൾ മഹാജൂബിലി കോളേജിൽ സംഘടിപ്പിച്ചു.

**2. റിസർച്ച് ക്ലാസ് സംഘടിപ്പിച്ചു.**

മഹാജൂബിലി കോളേജിൽ മെസ് 7,8 തീയതികളിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വിദ്യാഭ്യാസ വിഭാഗ ഡയറക്ടർ ഡോ. സെലിൻ പെരേരയുടെ നേതൃത്വത്തിൽ M.Ed വിദ്യാർത്ഥികൾ എല്ലാവരും അവരവര വര്ഡ എഴുതിയ M.Ed ഡെസർട്ടേഷൻ വിഷയങ്ങൾ അവതരിപ്പിച്ചു.

**3. കലാമത്സരങ്ങൾ സംഘടിപ്പിച്ചു.**

വിദ്യാർത്ഥികളുടെ കലാവാസന പരിപോഷിക്കുന്നതിന് വേണ്ടി വിവിധ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ മെയ് 8 മുതൽ കലാമത്സരങ്ങൾ സംഘടിപ്പിച്ചു. മലയാളം ഇംഗ്ലീഷ് കഥാ, കവിതാ, രചനാ മത്സരങ്ങൾ മലയാളം ഇംഗ്ലീഷ് ഉപന്യാസ മത്സരം, മലയാളം ഇംഗ്ലീഷ് നിമിഷ പ്രസംഗം, മലയാളം ഇംഗ്ലീഷ് ചെറുകഥാ മത്സരം, പെൻസിൽ ഡ്രോയിംങ് മത്സരം, വാട്ടർ കളർ മത്സരം തുടങ്ങീ മത്സരങ്ങളും സംഘടിപ്പിച്ചു.

മലയാളം കവിതാ പാരായണത്തിൽ മത്സര വിജയികളായി First- ഗോപാൽ, ദിവ്യ, Second- രേഷ്മനാഥ്, Third- കൃഷ്ണ പ്രിയ എന്നിവരെ തിരെഞ്ഞെടുത്തു. ഇംഗ്ലീഷ് കവിതാ പാരായണത്തിൽ വിജയികളായി എന്നിവർ Deepa, Anju. R. Unni, Neethu എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. രാധാകൃഷ്ണ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടന്ന മലയാളം നിമിഷ പ്രസംഗത്തിൽ ജിൻസി ജോർജ്ജ് ഒന്നാം സ്ഥാനത്തിന് അർഹമായി. ഫാ. ജോൺ പോൾ, ജീന എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി.



**4. യൂണിവേഴ്സിറ്റി പരീക്ഷയിൽ ഉന്നത വിജയം**

2013–2014 വർഷത്തിലെ B.Ed യൂണിവേഴ്സിറ്റി പരീക്ഷയിൽ ഉന്നത വിജയം. പതിനൊന്ന് ഡിസ്റ്റിംങ്ഷനും 76 ഫസ്റ്റ് ക്ലാസും ലഭിച്ചു. 79.7% മാർക്കോടുകൂടി ജാസ്മിൻ ജോബ് കോളേജ് റാങ്കിന് അർഹയായി. ഷേണി. പി., സൗമ്യ. പി, സൈമൺ എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി.

**5. മോഡൽ പരീക്ഷയിൽ ആരംഭിച്ചു.**

2014–2015 അദ്ധ്യായന വർഷത്തിലെ M.Ed, B.Ed വിദ്യാർത്ഥികളുടെ ഒന്നാം സെമിസ്റ്റർ മോഡൽ പരീക്ഷകൾ ജൂൺ 8 ന് തുടങ്ങി 17 ന് സമാപിക്കും.

**6. അഡ്മിഷൻ ആരംഭിച്ചു.**

B.Ed, M.Ed, B.com എന്നിവയിലേക്ക് അഡ്മിഷന്ഡ ആരംഭിച്ചു. യോഗ്യരായവർ കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ചാക്കോ ചിറമ്മൽ**
പി.ആർ.ഒ.

**ഫാ.ഡിറ്റോ കൂള**
അസി. ബർസാർ

# ഫാമിലി അപ്പസ്തോലേറ്റ്

**1. വിവാഹനന്തര ജീവിത ദർശൻ പ്രോഗ്രാം.**

വിവാഹം കഴിഞ്ഞ 1 മുതൽ 5 വർഷമായ ദമ്പതികൾക്കും 6 മുതൽ 10 വർഷം വരെയായവർക്കും സെമിനാറുകൾ നടത്തുന്നു.

1 വർഷം മുതൽ 5 വർഷം വരെയായവർക്ക് 2015 ജൂലായ് 12– നും 6 മുതൽ 10 വർഷക്കാർക്ക് ജൂലായ് 19– നും അതിരുപത ഫാമിലി അപ്പസ്റ്റൊലെറ്റ് സെന്ററിൽ വെച്ച് നടത്തുന്നു. പങ്കെടുക്കുന്നവരുടെ പേരുവിവരം 2015 ജൂൺ 30 നു മുമ്പ് ഫാമിലി അപ്പസ്റ്റൊലെറ്റിൽ എത്തിക്കുമല്ലോ.

(കൂടുതൽ വിവരങ്ങൾക്ക് അതിരുപത ബുള്ളറ്റിൽ 2015 ജൂൺ പേജ് 31–ൽ കാണുക.)

**2. വിവാഹത്തിനൊരുക്കമായ ക്ലാസ്സുകൾ**

വിവാഹത്തിനൊരുക്കമായ ക്ലാസ്സുകളിൽ അവസാന ദിവസം മാതാപിതാക്കന്മാർക്കുള്ള ക്ലാസ്സുകളിൽ മാതാപിതാക്കന്മാരെ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ഓർമ്മപ്പെടുത്തണം.

**3. വിവാഹ ഒരുക്ക ക്ലാസ്സുകൾ**

വിവാഹത്തിനൊരുക്കമായിട്ടുള്ള ക്ലാസ്സുകൾ സീറോ മലബാർ സഭയുടെ ഏതു രൂപതകളിലും നടത്തുന്നതിൽ പങ്കെടുക്കാൻ സീറോ മലബാർ സിനഡ് അനുവാദം തന്നിട്ടുണ്ട്. അതാതു രുപതാ ഫാമിലി അപ്പസ്റ്റൊലെറ്റുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ നടത്തണം.

കേരളത്തിനു പുറത്തുള്ള വിവാഹ ഒരുക്ക ക്ലാസ്സുകളുടെ കേന്ദ്രങ്ങളുടെ വിവരങ്ങൾ തൃശൂർ അതിരുപത ബുള്ളറ്റിൽ 2014 സെപ്തംബർ ലക്കത്തിൽ വിശദമായി കൊടുത്തിട്ടുണ്ട്.

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

▶▶ **അധ്യാപക പരിശീലന പരിപാടി** : വിദ്യാർത്ഥികളുടെ സമസ്തമേഖലകളിലുമുള്ള ഉന്നമനത്തിനു അദ്ധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടി ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, ജൂൺ 1 മുതൽ 7 വരെ നീളുന്ന അദ്ധ്യാപക പരിശീലന പരിപാടി സംഘടിച്ചു. കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ. കെ.എം. ഫ്രാൻസിസ് (പ്രൊഫസർ, സെന്റ് തോമസ് കോളേജ്, തൃശൂർ), പ്രൊഫ. ജെയിംസ് മാഞ്ഞൂരാൻ (കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി സെന്റർ, ബഹറിൻ), ശ്രീ. ദേവീദാസ് (എഡ്യുക്കേഷൻ വിഷൻ, തൃശൂർ) , ഡോ. കൃഷ്ണമൂർത്തി, (പീഡിയാട്രീഷൻ, എലൈറ്റ് ഹോസ്പിറ്റൽ) ഡോ. ബാലകൃഷ്ണൻ (ക്ലിനിക്കൽ സൈക്കോളിസ്റ്റ്, കോഴിക്കോട്), ശ്രീ. സുരേഷ് വാര്യർ (കോർപ്പറേറ്റ് ട്രൈനർ), ഡോ. ജയപ്രകാശ് (സൈക്കോളജിസ്റ്റ്), ശ്രീ. സജി തലവൂർ (ഇന്റർനാഷണൽ ട്രൈനർ), ഫാ. ജോസ് പുന്നോലിപ്പറമ്പിൽ, ഫാ. റോയ് ജോസഫ് വടക്കൻ, (മാനേജ്മെന്റ് സ്പെഷലിസ്റ്റ്), എഞ്ചിനീയർ. തോമസ് മാത്യു, ഡോ. കെ.കെ. ബാബു, ശ്രീ. ബിജു സി.വി., ശ്രീമതി. അശ്വതി വിൽസൺ തുടങ്ങിയവർ വിവിധ വിഷയങ്ങളിലായി ക്ലാസ്സുകൾ നയിച്ചു.

▶▶ **കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി** : കേരളത്തിലെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളേയും അഫിലിയേറ്റ് ചെയ്യുന്ന പുതിയതായി രൂപീകരിച്ച കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അഫിലിയേറ്റ് ചെയ്തു. അതിനുവേണ്ടി മെയ് 26ന് കോളേജിൽ ഇൻസ്പെക്ഷൻ നടത്തിയ യൂണിവേഴ്സിറ്റി ടീം തികഞ്ഞ സംതൃപ്തി രേഖപ്പെടുത്തുകയും തുടർന്ന്, അഫിലിയേഷൻ നല്കുകയും ചെയ്തു. 2015-16 വർഷത്തിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ മുതൽ കെ.ടിയു.വിലാണ് അഫിലിയേറ്റ് ചെയ്തിരിക്കുക.

▶▶ **ഔഷധസസ്യ ഉദ്യാനം**: ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഔഷധിയുമായി ചേർന്ന് കാമ്പസ്സിൽ ഔഷധസസ്യ ജംഗമ സംരക്ഷണ ഉദ്യാനം ഒരുക്കുന്നു. ഔഷധ സസ്യജംഗമ സംരക്ഷണ ഉദ്യാനത്തിന്റെ ഉദ്ഘാടനം ശ്രീ. എം. മുരളീധരൻ (സെക്രട്ടറി, പി.എൻ.എൻ.എം ആയുർവേദ മെഡിക്കൽ കോളേജ്, ഷൊർണ്ണൂർ) നിർവ്വഹിച്ചു. കോളേജ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, പി.ആർ.ഒ. ഫാ. റോയ് ജോസഫ് വടക്കൻ, പ്രൊഫ. എം. ബാലഗോപാലൻ, നാച്വറ ക്ലബ്ബ് കോഡിനേറ്റർ ജിസ്ന വി.എ. എന്നിവർ ചടങ്ങിൽ പങ്കെടുത്തു. മുൻപ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗ് കാമ്പസ്

സന്ദർശന വേളയിൽ നട്ട അശോകവൃക്ഷം ഉൾപ്പെടുന്ന "ആയുർജ്യോതി" എന്നു നാമകരണം ചെയ്ത ഔഷധത്തോട്ടത്തിൽ വിവിധയിനം ആയുർവേദ വൃക്ഷങ്ങളും ചെടികളും നട്ടുവളർത്തുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തോടൊപ്പം വിദ്യാർത്ഥികൾക്ക് കേരളത്തിന്റെ നാട്ടറിവിനേയും ഭാരതീയ ആയുർവേദ പൈതൃകത്തെക്കുറിച്ചും ഒരു അവബോധം സൃഷ്ടിക്കാൻ ഈ ഔഷധ ഉദ്യാനത്തിന് സാധിക്കും. മുന്നൂറോളം ഔഷധസസ്യങ്ങളും വൃക്ഷങ്ങളുമാണ് നട്ടുപരിപാലിക്കുന്നത്. 20ൽപരം മുളങ്കൂട്ടങ്ങളുള്ള ബാംബുഷീൽഡ് എക്കോ സിസ്റ്റം ജ്യോതി കാമ്പസ്സിന് ഹരിതവല്ക്കരണത്തിൽ വലിയ പങ്ക് വഹിക്കുന്നു.

- **ജ്യോതി ജേതാക്കളായി** : ഒന്നാമത് പ്രൊഫ. ചാക്കോ മെമ്മോറിയൽ, ഓൾ കേരള ടീച്ചേഴ്സ് ക്രിക്കറ്റ് ടൂർണമെന്റിൽ ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ജേതാക്കളായി. തൃശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ നേതൃത്വത്തിൽ നടന്ന മത്സരത്തിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിനെ 7 വിക്കറ്റിന് തകർത്താണ് ജ്യോതി കിരീടമണിഞ്ഞത്. ജ്യോതിയിലെ ക്രിസ്റ്റി വി. വാഴപ്പിള്ളി മാൻ ഓഫ് ദ മാച്ചായി തെരഞ്ഞെടുക്കപ്പെട്ടു.

- **ബി.ടെക് അഡ്മിഷൻ** : കോളേജിലെ ഈ വർഷത്തെ അഡ്മിഷൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അഡ്മിഷൻ നേടാനായി അപേക്ഷിച്ചിട്ടുള്ള കുട്ടികളുടെ ആവറേജ് മാർക്ക് മുൻവർഷത്തേക്കാൾ വളരെ കൂടുതലാണെന്ന പ്രത്യേകതയും എടുത്തുപറയേണ്ടതാണ്. ബി.ടെക് മാനേജ്മെന്റ് അഡ്മിഷൻ ജൂൺ 15ന് നടത്തുന്നു. ലാട്രൽ എൻട്രി, എം.ടെക് പ്രവേശനത്തിനുള്ള അപേക്ഷകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

- **പാലക്കാട് ഓഫീസ്** : പാലക്കാട് രൂപതയുമായി സഹകരിച്ച് ജ്യോതിയുടെ ഒരു അഡ്മിഷൻ ഓഫീസ് പാലക്കാട് ടൗണിൽ പാസ്റ്ററൽ സെന്ററിൽ ആരംഭിച്ചു. പാലക്കാടുനിന്നുള്ള അപേക്ഷകർക്ക് അത് ഏറെ സഹായകമായി.

- **പി.ടി.എ. മീറ്റിംഗ്** : കോ-കരിക്കുലർ, എക്ട്രാ കരിക്കുലർ പ്രവർത്തനങ്ങൾക്കും, മൂല്യബോധനത്തിനും, സോഫ്റ്റ് സ്കിൽസ് പരിശീലനത്തിനും, തികഞ്ഞ അച്ചടക്കത്തിനും അധ്യയനത്തോടൊപ്പം പ്രാധാന്യം നല്കുന്ന പാഠ്യപദ്ധതിക്കും സമയക്രമത്തിനും പി.ടി.എ. സമിതി യോഗം പൂർണ്ണ പിന്തുണ നല്കുകയുണ്ടായി. യൂണിവേഴ്സ്റ്റിയിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഇക്കൊല്ലവും മികച്ച വിജയം കരസ്ഥമാക്കിയതിൽ അദ്ധ്യാപകരേയും മാനേജ്മെന്റിനേയും പി.ടി.എ. അഭിനന്ദിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

- **പുതിയ ഫാക്കൽട്ടി അംഗങ്ങൾ** : സ്റ്റാഫ് സെലക്ഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രഗത്ഭരായ അഞ്ച് പുതിയ സീനിയർ പ്രൊഫസർമാരേയും മറ്റു അസിസ്റ്റന്റ് പ്രൊഫസർമാരേയും നിയമിക്കാൻ തീരുമാനിച്ചു.

- **ആരോഗ്യപരിപാലനം** : വിദ്യാർത്ഥികളുടെ സമഗ്രവികസനവും ആരോഗ്യവും ലക്ഷ്യം വെച്ച് വൈദ്യ ശാസ്ത്ര-മനശാസ്ത്ര സൗകര്യങ്ങൾ നല്കുന്നതിനുവേണ്ടി ജൂബിലി മിഷൻ മെഡിക്കൽ കോളേജുമായും, തൃശൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോ സയൻസസുമായും എം.ഒ.യു. ഒപ്പുവച്ചു. വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ സമഗ്രമായ ആരോഗ്യപരിപാലനത്തിന് ഇത് സഹായകമാകും.

- **മരിയൻ ലേഡീസ് ഹോസ്റ്റൽ** : വനിതകളുടെ ഹോസ്റ്റലിൽ സിസ്റ്റേഴ്സ് ഓഫ് സെന്റ്. എലിസബത്ത് സഹോദരിമാരാണ് സേവനം അർപ്പിക്കുന്നത്. സി. വിവിന FSSE യാണ് വാർഡൻ. സഹവാർഡൻ ആയിരുന്ന സി. ആൻസി സ്ഥലം മാറിപ്പോവുകയും പകരം സി. ടീന ചുമതലയേല്ക്കുകയും ചെയ്തു.

- **കോളേജിന്റെ സമയക്രമം** : പുതിയ അധ്യയന വർഷത്തിൽ രാവിലെ 8.55 മുതൽ വൈകീട്ട് 4.30 വരെയാണ് അധ്യയന സമയം. ആഴ്ചയിൽ തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളും, ഒന്നും മൂന്നും ശനിയാഴ്ചകളും പ്രവൃത്തി ദിനങ്ങളായിരിക്കും.

- **ട്രെയ്നിംഗ് & ഡവലപ്മെന്റ്** : കുട്ടികളുടെ സമഗ്രവികസനം മുന്നിൽകണ്ട് ഈ വർഷം മുതൽ വാല്യു എഡ്യുക്കേഷൻ നല്കാനും, ആചാര്യമര്യാദകൾ പരിശീലിപ്പിക്കാനും, സോഫ്റ്റ് സ്കിൽസിനും പരിശീലനത്തിനായി ആഴ്ചയിൽ 16 മണിക്കൂർ ഉണ്ടായിരിക്കുന്നതാണ്. പ്ലെയ്സ്മെന്റിനുള്ള പരിശീലനം നല്കാൻ ടൈംടേബിളിൽ പ്രത്യേക സമയം നിശ്ചയിച്ചിട്ടുണ്ട്.

**ഫാ. റോയ് ജോസഫ് വടക്കൻ**
**പി. ആർ. ഒ.**

**ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
**എക്സിക്യൂട്ടീവ് മാനേജർ**

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

### ലോക പുകയില വിരുദ്ധ ദിനറാലി

പുകയില ഉൽപന്നങ്ങളുടെ ഉപയോഗത്തിലൂടെ മനുഷ്യ ജീവനുണ്ടാകുന്ന വിപത്തുകളെ അടിവരയിട്ട് പൊതുജനത്തെ ബോധവൽക്കരിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തിലൂടെ ആശ്രയ ചാരിറ്റബിൾ സൊസൈറ്റിയും, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് യൂണിയനും സംയുക്തമായി തൃശ്ശൂർ കിഴക്കേകോട്ട ജംഗ്ഷനിൽ റാലി നടത്തി. എല്ലാവർക്കും മരണമുണ്ടെങ്കിലും പുകയില വസ്തുക്കൾ ഉപയോഗിക്കുന്നവർ അത് മരണം വരെ അനുഭവിക്കേണ്ടി വരുന്ന വേദനകളും രോഗങ്ങളും എത്രമാത്രമാണ് സമൂഹത്തെ അറിയിക്കുക എന്നതായിരുന്നു റാലിയുടെ പ്രധാന ഉദ്ദേശ്യം. പുകയില വസ്തുക്കൾ എത്രമാത്രം ആരോഗ്യത്തിന് ഹാനികരമാണെന്നും അതിനാൽ തങ്ങളാലാവുന്നവിധത്തിൽ അവയുടെ ഉപയോഗം പുതുതലമുറയെ നിരുത്സാഹപ്പെടുത്താനും പുകയില വിരുദ്ധ സമൂഹത്തിനായി പ്രവർത്തിക്കാമെന്നും ഉള്ള പ്രതിജ്ഞ പ്രിൻസിപ്പാൾ ഡോ. വി. കെ. രാമൻകുട്ടി വിദ്യാർത്ഥികൾക്ക് ചൊല്ലി കൊടുത്തായിരുന്നു റാലി ആരംഭിച്ചത്.

### 2015 മെഡിക്കൽ പി. ജി. പ്രവേശനം



2015 വർഷത്തിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ പി. ജി. ക്ലാസ്സുകളുടെ ഉദ്ഘാടനം 10/06/2015 ന് CCM ഹാളിൽ നടന്നു. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ഡോ. വി. കെ. രാമൻകുട്ടി, ഡോ. അലക്സ് ജോസഫ്, ഡോ. ഡി. എം. വാസുദേവൻ എന്നിവർ പ്രസംഗിച്ചു.

- ലോകപരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് 'ഗ്രീൻ ജൂബിലി' പദ്ധതി ഉദ്ഘാടനം ചെയ്തു.
- നവജാത ശിശു സുരക്ഷ കാര്യക്രമം (NSSK) വർക്ക്ഷോപ്പ്, ജൂബിലി മിഷനിലെ നിയോനാറ്റൽ വിഭാഗവും, ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സും ചേർന്ന് നടത്തി. ഏപ്രിൽ 29, 30 തിയതികളിൽ നടന്ന പരിപാടിയിൽ, തൃശ്ശൂർ ജില്ലയിലെ ആശുപത്രികളിൽ നിന്നുള്ള 35 നേഴ്സുമാർ പങ്കെടുത്തു.
- പൂരത്തോടനുബന്ധിച്ച് നടന്ന പ്രദർശനത്തിൽ ഏറ്റവും മികച്ച മെഡിക്കൽ പവലിയനുള്ള പുരസ്കാരം ജൂബിലി മിഷൻ മെഡിക്കൽ കോളേജിന് ലഭിച്ചു.

- ഗുണമേന്മയുടെ രോഗീസേവനത്തിനായി നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ പ്രോഗ്രാം (NABH) ACME യുടെ സഹായത്തോടെ 09/06/2015 ന് ആരംഭിച്ചു. ACME ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ ബി. ആർ. രാമകൃഷ്ണൻ NABH പ്രോഗ്രാമിനെക്കുറിച്ച് വിശദീകരിച്ചു. പ്രസ്തുത പരിപാടിയിൽ നൂറോളം പേർ പങ്കെടുത്തു.

**അഭിനന്ദനങ്ങൾ .... ആശംസകൾ ....**

- മികച്ച നഴ്സിംഗ് സേവനത്തിനുള്ള ഒമാൻ ഹെൽപ് ലൈനും ഐഷ ഫെയറും ചേർന്ന് ഏർപ്പെടുത്തിയ കാരുണ്യ പുരസ്കാരം അന്തിക്കാട് സ്വദേശിനി നീതു മോഹൻലാലിന് നൽകും. ഒമാനിലെ അൽറഫാ ആശുപത്രിയിലെ നഴ്സാണ് നീതു. തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലാണ് നീതു ബി. എസ്. സി. നഴ്സിംഗ് പഠിച്ചത്.
- മലേഷ്യയിൽ ജൂൺ 3 മുതൽ 6 വരെ നടന്ന 24-ാമത് ഏഷ്യൻ ആന്റ് ഓഷ്യാനിക്ക് കോൺഗ്രസ് ഓഫ് ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി (ADCOG-2015)-യിൽ ഫാക്കൾട്ടിയായി ക്ഷണിക്കപ്പെട്ട ഡോ. അശ്വത്ത് കുമാർ ആർ (അഡീ. പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി)-ന് അഭിനന്ദനങ്ങൾ.



**പുതിയ ഡോക്ടർ**

- ഡോ. സ്റ്റീവ് പോൾ (ജനറൽ മെഡിസിൻ വിഭാഗം) - വാർദ്ധക്യ രോഗ ചികിത്സ/ Geriatrics)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീമതി മേരി പി. ഡി, JMH, തൃശ്ശൂർ
- മി. ആന്റണി & മിസ്സിസ് എൽസി, പല്ലിശ്ശേരി ഹൗസ്, തൃശ്ശൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- മി. ജോസഫ് ജോയ്, ചിറമ്മൽ പടിഞ്ഞാറേത്തല, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- കർമ്മലമാത ചർച്ച്, കിരാലൂർ, മുണ്ടൂർ, തൃശ്ശൂർ (100 ഡയാലിസിസ്)
- ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, തൃപ്പാക്കുളം റോഡ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ (30 ഡയാലിസിസ്)

- ശ്രീമതി എൽസി, മൊയലൻ ഹൗസ്, ഒല്ലൂർ, തൃശ്ശൂർ (35 ഡയാലിസിസ്)
- ശ്രീ. ആന്റണി, കല്ലിശ്ശേരി ഹൗസ് ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ (25 ഡയാലിസിസ്)
- പാവറട്ടി ഇടവകകൂട്ടായ്മ, പാവറട്ടി, തൃശ്ശൂർ (100 ഡയാലിസിസ്)
- ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, തൃശ്ശൂർ (38 ഡയാലിസിസ്)
- ശ്രീ. സാന്റോ ആന്റണി, കോഴിക്കോട് ബീച്ച് റോഡ്, കോഴിക്കോട് (36 ഡയാലിസിസ്)
- കേരള വ്യാപാരി വ്യവസായ ഏകോപനസമിതി, പറവട്ടാനി യൂണിറ്റ്, തൃശ്ശൂർ (50 ഡയാലിസിസ്)
- സി. എൽ. സി, പഴുവിൽ ഫൊറോന (60 ഡയാലിസിസ്)
- ശ്രീ. സജോ ജോസ്, കോക്കനാട്ട്, തൃശ്ശൂർ (20 ഡയാലിസിസ്)
- ഏഴരക്കൂട്ടം, മിഷൻ ക്വാർട്ടേഴ്സ്, ഫാത്തിമ നഗർ, തൃശ്ശൂർ (20 ഡയാലിസിസ്)
- വിജയമാത ചർച്ച്, ചിയ്യാരം, തൃശ്ശൂർ (80 ഡയാലിസിസ്)

**ഹൃദയനിധിയിലേക്ക് സംഭാവന നൽകിയവർ**



- ശ്രീമതി ഷീന, ചങ്ങലായി ഹൗസ്, മുല്ലശ്ശേരി, തൃശ്ശൂർ
- ശ്രീ. റിച്ചാർഡ്, പല്ലിശ്ശേരി ഹൗസ്, ഒല്ലൂർ, തൃശ്ശൂർ

**കൺമണിക്കൊരു കരുതലിലേക്ക് സംഭാവന നൽകിയവർ**

- ശ്രീമതി എയ്മി സാന്റോ, കോഴിക്കോട് ബീച്ച് റോഡ്, കോഴിക്കോട്

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**

ഡയറക്ടർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

**നത്താലെ ഹോംസ്**

2014–ലെ ബോൻ നത്താലെയോടനുബന്ധിച്ച് നിർമ്മിച്ചുകൊണ്ടിരിക്കുന്ന വീടുകളിൽ രണ്ടു വീടുകൾ കൂടി അഭിവന്ദ്യ പിതാവ് മാർ ആൻഡ്രൂസ് താഴത്ത് ആശീർവദിച്ചു.മറ്റം ഇടവകയിലെ ശ്രീമതി ത്രേസ്യാ ജോർജ്ജ്,കോട്ടപ്പടി ഇടവകയിലെ ശ്രീമതി ത്രേസ്യാ സി. പി .എന്നിവരുടെ വീടുകളാണ് അഭിവന്ദ്യ പിതാവ് ആശീർവദിച്ചത്. അതിരൂപതയുടെ സാമൂഹ്യ പ്രേഷിതത്വ കേന്ദ്രമായ സാന്ത്വനം വഴിയാണ് ഈ പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

**വീട്ടമ്മമാർക്ക് വേപ്പിൻതൈ വിതരണം ചെയ്ത് പരിസ്ഥിതി ദിനാചരണം**

വേപ്പിൻ തൈ വിതരണം ചെയ്തുകൊണ്ട് തൃശ്ശൂർ അതിരൂപത ലോക പരിസ്ഥിതി ദിനം ആഘോഷിച്ചു. നിത്വ ജീവിതത്തിലെ ഭക്ഷണക്രമത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നായ വേപ്പ് അടുക്കളയുടെ സൂക്ഷിപ്പുകാരായ വീട്ടമ്മമാർക്ക് സമ്മാനിച്ച് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴ്ത്ത് വിതരണോദ്ഘാടനം നിർവ്വഹിച്ചു. അതിരൂപത സാമൂഹ്യക്ഷേമ കേന്ദ്രമായ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ അതിരൂപതയിലെ 216 ഇടവകയിലേക്കും പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ വഴി വേപ്പിൻതൈ വിതരണം ചെയ്തു. വേപ്പിന്റെ ഇലകളും, വേരുകളും, തൊലിയും ഔഷധ ഗുണമുള്ളതാണെന്നും ഉദര സംബന്ധമായ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, പ്രമേഹം എന്നിവക്ക് അത്യുത്തമമാണെന്നും യോഗത്തിൽ സംസാരിച്ച കാർഷിക വിജ്ഞാന കേന്ദ്രത്തിലെ ഡോ. പ്രമീള അഭിപ്രായപ്പെട്ടു. അതിരൂപത വികാരി ജനറൽ മോൺ. ജോർജ്ജ് കോമ്പാറ, അതിരൂപത സ്നേഹനിധി ചെയർപേഴ്സൺ ശ്രീമതി എലിസമ്പത്ത് മാത്യു എന്നിവർ സന്നിഹിതരായിരുന്നു.

**എ ഡി എസ് വാർഷികം നടത്തി**

സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ തൊയ്ക്കാവ് ഇടവകയിൽ പ്രവർത്തിച്ച് വരുന്ന സ്വയം സഹായസംഘങ്ങളുടെ വാർഷികം പള്ളി പാരിഷ് ഹാളിൽ പൊതുസമ്മേളനം,കുടുംബസംഗമം ,കലാസന്ധ്യ,സ്നേഹ വിരുന്ന് തുടങ്ങിയ വിപുലമായ ആഘോഷങ്ങളോടെ സംഘടിപ്പിച്ചു. ഇടവക വികാരി ഫാ.ജെയ്ക്കബ് തച്ചിറാട്ടിൽ ഉദ്ഘാടനം ചെയ്യ്ത പൊതുസമ്മേളനത്തിൽ. എ ഡി എസ് . പ്രസിഡന്റ് ശ്രീമതി സുസി തോമസ് അദ്ധ്യക്ഷത വഹിച്ചു. സോഷ്യൽ ആക്ഷൻ ഡയറക്ടർ ഫാ.തോമസ് പൂപ്പാടി മുഖ്യപ്രഭാഷണം നടത്തി സി.സെനോ, കോഡിനേറ്റർ സി. പി.ജോർജ്ജ്,വാർഡ് മെമ്പർമാർ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

**സ്വയം സഹായസംഘങ്ങൾ ആരംഭിച്ചു**

അതിരൂപതയിലെ കുട്ടംകുളം,പെരിഞ്ചേരി എന്നീ ഇടവകകളിൽ സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ പുതിയ സ്വയം സഹായസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. കുട്ടംകുളത്ത് രണ്ട് സംഘങ്ങളും, പെരിഞ്ചരിയിൽ എഴ് സംഘങ്ങളും പ്രവർത്തനംആരംഭിച്ചു. ഫാ.ജോബ് വടക്കൻ ഫാ.ജോബി പുത്തൂർ എന്നിവർ അതാത് ഇടവകകളിൽ രൂപീകരണത്തിന് നേതൃത്വം നൽകി. സോഷ്യൽ ആക്ഷൻ ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, കോഡിനേറ്റർ സി.പി.ജോർജ്ജ് തുടങ്ങിയവർ ക്ലാസ്സുകൾ നടത്തി.

**എസ് എച്ച് ജി ഭാരവാഹികളുടെ യോഗം സംഘടിപ്പിച്ചു.**

സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന സ്വയം സഹായസംഘങ്ങളുടെ ഭാരവാഹികളുടെ യോഗം സാന്ത്വനം ഓഫീസിൽ സംഘടിപ്പിച്ചു. സ്വയം സഹായസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വിവിധ ഉൽപ്പന്നങ്ങൾ വിപണി കണ്ടെത്താൻ സാധിക്കാതെ ഉൽപ്പാദനം നിർത്തിവയ്ക്കേണ്ടിവരുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന്നായി കൂടുതൽ വിപണന സാധ്യതയുള്ള വസ്തുക്കളോടൊപ്പം ഇവ വിറ്റഴിക്കുന്നതിനും അതുവഴി അംഗങ്ങളുടെ സാമ്പത്തിക വളർച്ച ഉറപ്പുവരുന്നതിനുമുള്ള വിവിധ മാർക്ഷങ്ങൾ ചർച്ച ചെയ്യുന്നതിനുമാണ് യോഗം സംഘടിപ്പിച്ചത്.ഇതിന്റെ സാധ്യതകൾ ആരായുന്നതിനായി വീടുകൾ കേന്ദ്രികരിച്ച് സർവ്വേ നടത്തി തുടർ നടപടികളുമായി മുന്നോട്ട് പോകാൻ യോഗം തീരുമാനിച്ചു. ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സാന്ത്വനം വൈസ് ചെയർമാൻ ടോജോ മാത്യു ചർച്ച നയിച്ചു. കോഡിനേറ്റർ സി.പി.ജോർജ്ജ് നേതൃത്വം നൽകി.

**അക്കൗണ്ടിങ്ങ് പരിശീലനം നടത്തി**

തയ്യൂർ ഇടവകയിൽ പുതുതായി ആരംഭിച്ച സ്വയം സഹായസംഘങ്ങളുടെ ഭാരവാഹികൾക്ക് കണക്കുകൾ എഴുതി സൂഷിക്കുന്നതിനും മിനിറ്റ്സ് മറ്റ് രേഖകൾ കൈകാര്യം ചെയ്യുന്നതിനുമുള്ള പരിശീലനക്ലാസ് പള്ളി പരീഷ്ഹാളിൽ സംഘടിപ്പിച്ചു. കോഡിനേറ്റർ സി.പി.ജോർജ്ജ് നേതൃത്വം നൽകി.

**അവബോധന ക്ലാസ്-ആരോഗ്യപ്രശ്നങ്ങളും പരിഹാരമാർക്ഷങ്ങളും**

സമന്വയ പദ്ധതിയുടെ ഭാഗമായി സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ ഏകദിന അവബോധന ക്ലാസ് 30/05/15 ന് ബിഷപ്സ് ഹൗസിൽ വെച്ച് സംഘടിപ്പിച്ചു. ആരോഗ്യപ്രശനങ്ങളും പരിഹാരമാർക്ഷങ്ങളും എന്ന വിഷയത്തിൽ സി.സെറാഫിന ക്ലാസ്സ് നയിച്ചു. 100 ഓളം പേർ പങ്കെടുത്ത ക്ലാസിന് സോഷ്യൽ ആക്ഷൻ ഡയറക്ടർ ഫാ.തോമസ് പൂപ്പാടി അദ്ധ്യക്ഷത വഹിച്ചു.

**ഇടവകകളിൽ നിന്നും വിവരശേഖരണം നടത്തുന്നു**

കുടുംബങ്ങളുടെ സാമുഹിക-സാമ്പത്തിക സ്ഥതി മനസ്സിലാക്കുന്നതിനും ജനങ്ങളുടെ ആവശ്യങ്ങളനുസരിച്ച് പദ്ധതികൾ തയ്യാറാക്കുന്നതിനുമായി അതിരൂപ

തയിലെ മുഴുവൻ ഇടവകകളിൽ നിന്നും വിവരണ ശേഖരണം നടത്തുന്നു. സമന്വയ പദ്ധതിയുടെ കീഴിലുള്ള സത്വരണം,കാർഷികം,ആരോഗ്യം,ലിംഗസമത്വം,പരിസ്ഥിതി എന്നി മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ദ സമതികൾ മെയ് 7,13,14,25,26 തിയതികളിൽ ബിഷപ്പ് ഹൗസിൽ വെച്ച് യോഗങ്ങൾ കുടുകയും സമഗ്രമായ വിവര ശേഖരണത്തിനാവശ്യമായ ചോദ്യവലിയുടെ കരടുരൂപം തയ്യാറാകുകയുംചെയ്യ്തു

**ജെസ്പ് II പദ്ധതി ഉദ്ഘാടനം ചെയ്യ്തു.**

നിർദ്ധന കുടുംബങ്ങളിലെ കുട്ടികളുടെ പഠന സഹായത്തിനായുള്ള ജെസ്പ്-2 പദ്ധതിയിലേക്ക് കുട്ടികളെ തിരഞ്ഞെടുക്കുന്നതിനായി പേര് നിർദേശിച്ച ഇടവകകളിലെ കുട്ടികളുടെ കുടുംബങ്ങൾ, സോഷ്യൽ ആക്ഷൻ വെരിഫിക്കേഷൻ ടീമംഗങ്ങൾ സന്ദർശിക്കുകയും 65 കുട്ടികളെ അതിൽ നിന്നും തെരെഞ്ഞെടുക്കുകയും ചെയ്തു. 30/05/15 ന് ബിഷപ്സ് ഹൗസിൽ വെച്ച് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പദ്ധതി ഉദ്ഘാടനം ചെയ്യ്തു. സാന്ത്വനം ചെയർമാൻ മോൺ.ജോർജ്ജ് കോമ്പാറ അദ്ധ്യക്ഷത വഹിച്ചു 65 കുട്ടികളും അവരുടെ മാതാപിതാക്കളും പരിപാടിയിൽ പങ്കെടുത്തു. പങ്കെടുത്ത എല്ലാ കുട്ടികൾകും പഠനോപകരണങ്ങൾ വിതരണംചെയ്തു. പദ്ധതിയിലേക്ക് സി എൽ സി നൽകിയ സ്പോൺസറിങ്ങ് സംഖ്യ സി എൽ സി ഭാരവാഹികളിൽ നിന്നും സോഷ്യൽ ആക്ഷൻ ഡയറക്ടർ ഫാ.തോമസ് പൂപ്പാടി ഏറ്റുവാങ്ങി.

**സ്നേഹനിധി പരിസ്ഥിതിദിനാഘോഷം**

സ്നേഹനിധിയുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതിദിനാഘോഷം 5/6/15 ന് ബിഷപ്സ് ഹൗസിൽ വെച്ച് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് തഴത്ത് വേപ്പിൻ തൈ വിതരണം ചെയ്തുകൊണ്ട് ഉദ്ഘാടനം ചെയ്യ്തു. വികാരിജനറാൾ മോൺ.ജോർജ്ജ് കോമ്പാറ അനുഗ്രഹപ്ര ാക്ഷണം നടത്തി. വിത്ത്ശേഖരണ മത്സരത്തിലെ വിജയികൾക്ക് അഭിവന്ദ്യ പിതാവ് പാരിതോഷികങ്ങളും സ്നേഹനിധി അംഗങ്ങൾക്ക് വിത്ത് വിതരണവും നടത്തി. സ്നേഹനിധി പ്രസിഡന്റ് പ്രൊഫ.എലിസബത്ത് മാത്യു, കോഡിനേറ്റർ ബീന വർക്ഷിസ്,കൺവീനർ റെജീന ഡേവിസ് എന്നിവർ നേതൃത്വം നൽകി. വിത്ത്ശേഖരണ മത്സരത്തിലെ വിജയികൾ-1-ാം സമ്മാനം തയ്യൂർ യൂണിറ്റ്, പ്രോത്സാഹന സമ്മാനം-ചിറ്റാട്ടുകര യൂണിറ്റ്.

**സ്നേഹനിധിക്ക് പുതിയ ാരവാഹികൾ**

മഡോണനഗർ,ചേലക്കര,അരണാട്ടുകര,കൊട്ടേക്കാട് എന്നി സ്നേഹനിധി യുണിറ്റുകളുടെ വാർഷിക പൊതുയോഗവും തെരഞ്ഞെടുപ്പും നടത്തി. റവ.ഫാ.വർക്ഷിസ് എടക്കളത്തുർ,റവ.ഫാ.റാഫേൽ താണിശ്ശേരി, റവ.ഫാ.ഫിജോ ആലപ്പാട്ട്, റവ.ഫാ.പോൾസൺ തട്ടിൽ, റവ.ഫാ.സിനോജ് അറങ്ങാശ്ശേരി എന്നിവർ യോഗങ്ങൾക്ക് അദ്ധ്യക്ഷത വഹിക്കുകയും ഡയറക്ടർ ഫാ. തോമസ് പൂപ്പാടി യോഗങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു പ്രസ്തുത യോഗങ്ങളിൽ വിവിധ വിഷയങ്ങളെ കുറിച്ച് ബോധവത്ക്കരണ ക്ലാസുകൾ

നടത്തുകയും വാർഷികറിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു. കോഡിനേറ്റർ ശ്രിമതി ബീന വർക്ഷിസ് നേതൃത്വം നൽകി.

**ട്രെയിനിങ്ങിൽ പങ്കെടുത്തു.**

SAFP ഫാമലി ഡവലപ്പ്മെന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കായി കാലടിയിൽ സംഘടിപ്പിച്ച Documentation and Reporting എന്ന വിഷയത്തെക്കുറിച്ചുള്ള 3 ദിവസത്തെ ട്രെനിംങ്ങ് പ്രോഗ്രാമിൽ തൃശ്ശൂർ അതിരൂപതയുടെ എഫ് ഡി പി കോർഡിനേറ്റർ സി.മരിയ റിൻസി തെരേസ പങ്കെടുത്തു.സെന്റർ ഫോർ കമ്മ്യൂണികേഷൻ ആൻഡ് മൈൻഡ് മാനേജ്മെന്റിന്റെ ഡയറക്ടർ ആയ മഹിമയ് പ്രകാശം ആയിരുന്നു ക്ലാസ്സുകൾ നയിച്ചത്.

**സഹായം വിതരണം ചെയ്തു.**

എഫ് ഡി പി മുഖേന സഹായം ലഭിച്ച ഇടവകകളും,സംഖ്യയും താഴെ ചേർക്കുന്നു.

| ഇടവക | സംഖ്യ | ഇടവക | സംഖ്യ |
|---|---|---|---|
| വില്ലടം- | 45,000 | കണ്ണാറ- | 20,000 |
| കൂട്ടാല- | 20,000 | ചേറ്റുപുഴ- | 9,331 |
| കണ്ടശ്ശാങ്കടവ്- | 10,000 | മുളയം- | 15000 |
| പാലയൂർ- | 12,000 | ഇരവിമംഗലം- | 3000 |



**മഴനിറവ്**

വീട്ടുമുറ്റത്തെ കിണറിനെ ജലസമൃദ്ധിയാക്കുക,വെള്ളത്തിന്റെ ഗുണനിലവാരം ഉയർത്തുക മഴവെള്ള ശേഖരിക്കുക സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി മഴനിറവ് സെമിനാർ ജില്ലയിലെ വിവിധ ഇടവകകളിലായി സംഘടിപ്പിച്ചു.മെയ്-12ന് അടാട്ട്, മെയ്-16ന് മഡോണനഗർ, മെയ്-26ന് കല്ലൂർ ഈസ്റ്റ്,30ന് അരണാട്ടുകര എന്നിവിടങ്ങളിലായി നടന്ന സെമിനാറുകൾക്ക് ഡയറക്ടർ ഫാ.തോമസ് പൂപ്പാടി അദ്ധ്യക്ഷത വഹിക്കുകയും കോർഡിനേറ്റർ ശിവകൃഷ്ണ സെമിനാറുകൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു.

**മിറർ-2015**

ഗോഡ്സ് ഓൺ ഫാമലി പദ്ധതിയിലെ കുട്ടികൾക്കായി ത്രിദിന അവധിക്കാല പരിശീലന ക്യാമ്പ് മെയ് 6,7,8.തിയതികളിലായി D.B.C.L.C യിൽവെച്ച് നടത്തുകയുണ്ടായി മോൺ. ജോർജ്ജ് കോമ്പാറ ക്യാമ്പ് ഉദ്ഘാടനം ചെയ്യ്തു. കുട്ടികളിലെ സർഗാത്മക കഴിവുകളെ വളർത്തുക എന്ന ലക്ഷ്യത്തോടെ നടത്തിയ ക്യാമ്പിൽ കെ. എം ഫ്രാൻസീസ്, വില്ലി ജിജോ, ചൈൽഡ് ലൈൻ കോർഡിനേറ്റർ ജിനോ ദേവസ്സി, ഷാബു പറപ്പൂർ, ആന്റണി അരിമ്പൂർ തുടങ്ങിയവർ പരിശീലനം നൽകുകയും ക്ലാസുകൾ നയികുകയും ചെയ്തു. പരിശീലനത്തോടൊപ്പം വിനോദകേന്ദ്രങ്ങളിലേക്കുള്ള യാത്രകളും സംഘടിപ്പിച്ചിരുന്നു.രണ്ടാം ദിവസം മാർ റാഫേൽ തട്ടിൽ കുട്ടികളുമായി സംവദിച്ചു. ക്യാമ്പിന്റെ സമാപന സമ്മേളനം അ ്യവന്ദ്യ

പിതാവ് മാർ ആൻഡ്രൂസ് തഴത്ത് ഉദ്ഘാടനം ചെയ്യുകയും പങ്കെടുത്ത എല്ലാകുട്ടികൾകും പഠനോപകരണങ്ങൾ വിതരണംചെയ്തു. ഡയറക്ടർ ഫാ.തോമസ് പൂപ്പാടി സന്നിഹിതനായിരുന്നു. 121 കുട്ടികൾ പങ്കെടുത്തു.

**സാന്ത്വനം-2015**

പദ്ധതിയിലെ ഗുണഭോക്തൃ കുടുംബങ്ങളുടെ സംഗമം സാന്ത്വനം-2015 D.B.C.L.C യിൽവെച്ച് നടത്തുകയുണ്ടായി അഭിവന്ദ്യ പിതാവ് മാർ ആൻഡ്രൂസ് താഴത്ത് സംഗമം ഉദ്ഘാടനം ചെയ്തു. തുടർന്ന് ട്രാഫിക് പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വതിലുള്ള ടീം ക്ലാസ് നയിച്ചു. 130 കുടുംബങ്ങളിൽ നിന്നായി 250 പേർ സംഗമത്തിൽ പങ്കെടുത്തു. സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും ഡയറക്ടർ ഫാ.തോമസ് പൂപ്പാടി സമ്മാനങ്ങൾ നൽകി.

**ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.**

PED-III പദ്ധതിയുടെ ാഗമായി ചേലക്കര,മുള്ളൂർക്കര പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. വിവിധതരം സ്വയം തൊഴിലിനെക്കുറിച്ചും വരുമാനമാർക്ഷത്തെപ്പറ്റിയും,ക്ലബിന്റെ ആവശ്യകതയെ ക്കുറിച്ചും,വായനയുടെ പ്രാധാന്യാത്തെക്കുറിച്ചും ആരോഗ്യപരമായ ജീവിതം,കിഡ്നിരോഗ നിർണ്ണയം,ബ്രസ്റ്റ്ക്യാൻസർ എന്നീ വിഷയങ്ങളെക്കുറിും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി.P.R.പ്രകാശൻ ( C S S കോർഡിനേറ്റർ ), ദീപു. പി(കില ഫാക്കൽറ്റി) പി.എസ് ഷാനു(താലൂക്ക് ലൈബ്രേറിയൻ,കൗൺസിലർ) ഫാ .തോമസ് പൂപ്പാടി വി.ആർ.മോഹൻ ദാസ്(ഗവ.എൽ പി സ്കൂൾ പഴയന്നൂർ)എം രേണു കുമാർ(കില ഫാക്കൽറ്റി) ആന്റണീസ് വിതയത്തിൽ(ജില്ലാ ഹോസ്പ്പിറ്റൽ തൃശ്ശൂർ )ശ്രീമതി ടോണിയ ആന്റണീസ്(കോപ്പറേറ്റീവ് സ്കൂൾ ഓഫ് നേഴ്സിങ്ങ് ട്യൂട്ടർ) മിസ്സ് ലീമ പോൾസൺ( കോഡിനേറ്റർ ഗോഡ്സ് ഓൺ ഫാമിലി ) എന്നിവർ ക്ലാസുകൾ നയിച്ചു. ശ്രീമതി ബിനിത രതീഷ്,റീജോ സജി,വാറ്റ് മെമ്പർമാർ,ആനിമറ്റേഴ്സ് എന്നിവർ ബോധവൽക്കരണ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി ചേലക്കര പഞ്ചായത്തിൽ വിവിധ വാർഡുകളിൽ നടത്തിയ ബോധവൽക്കരണ ക്ലാസ്സുകളിൽ 1000-ത്തോളം പേർ പങ്കെടുത്തു.

**പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചു.**

SPED-III പ്രോജക്ടിന്റെ ാഗമായി ചേലക്കര പഞ്ചായത്തിലെ വിവിധ വാർഡുകളിൽ യോഗ പരിശീലനവും പ്ലാസ്റ്റിക് പുനരുപയോഗ പരിശീലനവും സംഘടിപ്പിച്ചു. പി.എസ്.ഉണ്ണി (IDK മാർഷൽ അക്കാഡമി) ലീല നമ്പീശൻ(റിട്ടേ. ടീച്ചർ) എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. പ്ലാസ്റ്റിക് പുനരുപയോഗ പരിശീലനത്തിലൂടെ വീടുകളിൽ ഉള്ള പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് മനോഹരമായ വസ്തുക്കൾ നിർമ്മിക്കുന്നതിന് പങ്കെടുത്തവർക്ക് പരിശീലനം ലഭിച്ചു.

**മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.**

SPED-III പ്രോജക്ടിന്റെ ഭാഗമായി വെങ്ങാനെല്ലൂർ വെസ്റ്റ്-2-ൽ കിഡ്നിരോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗം

ഡോ.ജയകുമാറും, ജീവോധയ ഹോസ്പിറ്റലിലെ നേഴ്സുമാരുടെയും സേവനം മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത വ്യക്തികൾക്ക് ലഭിച്ചു. ക്യാമ്പിന് ഫാ. തോമസ് പൂപ്പാടി, ശ്രീമതി ലിസി തോമാസ് (ചേലക്കര പഞ്ചായത്ത് പ്രസിഡന്റ്),സി.സുരേഷ്(വാർഡ് മെമ്പർ) ശ്രീമതി ബിനിത (കോഡിനേറ്റർ സെപ്ഡ് 3)ശ്രീമതി റീജോ സജി, വാറ്റ് മെമ്പർമാർ, ആനിമറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

**കനാൽ നിർമ്മാണം പൂർത്തികരിച്ചു.**

വെങ്ങാനെല്ലൂർ ഈസ്റ്റിൽ കൃഷിക്ക് ആവശ്യമായ ജലസേചനത്തിനു വേണ്ടി കനാൽ പണിനടത്തി. SPED-III പ്രോജക്ട് ജനപങ്കാളിത്തത്തോടുകൂടി പൂർത്തികരിച്ച കനാൽ നിർമ്മാണം മഴക്കാലത്ത് ഉണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാകുന്നതിനും സുഗമമായ സഞ്ചാരത്തിനും കൃഷിക്കും ഉപകരിക്കുന്നതാണെന്ന് തദ്ദേശവാസികൾ അഭിപ്രായപ്പെട്ടു.

**ആക്ഷൻ കൗൺസിലും ഗ്രൂപ്പ് രൂപീകരണവും നടത്തി**

SPED-III പ്രോജക്ടിന്റെ 5-ാം ഇഷ്യുന്റെ ഭാഗമായി ചേലക്കര പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ആക്ഷൻ കൗൺസിലും ഗ്രൂപ്പ് രൂപീകരണവും നടത്തി ഈ വർഷം 20 വില്ലേജ്ജുകളിലും നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും കൃത്യസമയത്ത് പൂർത്തികരിക്കാനും വേണ്ടിയാണ് ആക്ഷൻ കൗൺസിൽ രൂപികരിച്ച് മെമ്പർമാരെ തിരഞ്ഞെടുത്തത്.ഓരോ വാർഡിലേയും ജനപ്രതിനിധികളാണ് ആക്ഷൻ കൗൺസിലിനെ നയിക്കുന്നത്.

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

### സി.സി. വാർത്തകൾ

**1. ക്വിസ്സ് മത്സരം**

മതബോധനം 10, 11, 12 ക്ലാസ്സുകളുടെ വിദ്യാർത്ഥികൾക്കു വേണ്ടി അതിരൂപത തല വിൻസെൻഷ്യൻ ക്വിസ്സ് മത്സരം 2015 ആഗസ്റ്റ് 2 ഞായറാഴ്ച 2.00 pm ന് തൃശൂർ സെന്റ് തോമസ് കോളേജ് മെഡ്‌ലിക്കോട്ട് ഹാളിൽ വെച്ച് നടത്തുന്നു. ഒരു ഇടവകയിൽ നിന്ന് ഒരു വിദ്യാർത്ഥിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ അനുവാദമുള്ളു. സംഘടന അച്ചടിച്ച് വിതരണം ചെയ്യുന്ന പ്രശ്നോത്തരിയും വി. യോഹന്നാന്റെ സുവിശേഷം 1 മുതൽ 12 വരെയുള്ള അദ്ധ്യായമാണ് പാഠ്യ വിഷയം. വിജയികൾക്ക് 1-ാം സമ്മാനമായി 5000 രൂപയും 2-ാം സമ്മാനമായി 3000 രൂപയും 3-ാം സമ്മാനമായി 2000 രൂപയും ക്യാഷ് അവാർഡായി നൽകുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവർ വികാരിയച്ചന്റെയോ മതബോധന ഹെഡ് മാസ്റ്ററുടെയോ കത്ത് സഹിതം എത്തേണ്ടതാണ്.

2. വിൻസെൻഷ്യൽ അംഗങ്ങൾക്കായുള്ള ക്വിസ്സ്, ഉപന്യാസ, പ്രസംഗമത്സരങ്ങൾ 12/07/2015 ന് AC തലത്തിലും 26/07/2015 ന് സി. സി. തലത്തിലും നടത്തുന്നതാണ്.

3. മറ്റം ഏരിയ കൗൺസിൽ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ബ്ര. പോളി ജോസ് വി. സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. മുൻ പ്രസിഡണ്ടായിരുന്ന ബ്ര. സി. കെ. ജോയിക്ക് സെൻട്രൽ കൗൺസിലിന്റെ നന്ദി രേഖപ്പെടുത്തി.

4. വരാക്കര ഇൻഫന്റ് ജീസസ്സ് കോൺഫ്രൻസിന് പാരീസ് അംഗീകാരം ലഭിച്ചു.

5. നേപ്പാൾ ദുരിതാശ്വാസ നിധിയിലേക്ക് സെൻട്രൽ കൗൺസിൽ 10,000 രൂപ സഹായധനം നൽകുവാൻ തീരുമാനിച്ചു.

6. സെൻട്രൽ കൗൺസിൽ ആദ്ധ്യാത്മികോപദേഷ്ടാവ് ഫാ. ആന്റണി ചെമ്പകശ്ശേരി തൃശൂർ അതിരൂപത കോർപ്പറേറ്റ് മാനേജരായി തെരഞ്ഞെടുക്കപ്പെട്ടതിൽ സി. സി. യോഗം സന്തുഷ്ടി പ്രകടിപ്പിക്കുകയും ആശംസകളും അനുമോദനങ്ങളും നേരുകയും ചെയ്തു.

7. സി.സി. യോഗത്തിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തുകയും എല്ലാ കോൺഫ്രൻസുകളും തിരുഹൃദയപ്രതിഷ്ഠ നടത്തണമെന്നും പ്രസിഡണ്ട് അഭ്യർത്ഥിച്ചു.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **പോൾസൺ കെ. കെ.** |
| ആദ്ധ്യാത്മികോപദേഷ്ടാവ് | സി.സി. പ്രസിഡണ്ട് | സെക്രട്ടറി |

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 687-ാമതും തൃശൂർ കൂരിയായുടെ 700-ാംമതും സമ്മേളനം 2015 ജൂൺ 7ന് പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് 2.30 ന് പ്രസിഡണ്ട് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിൽ പ്രാരംഭപ്രാർത്ഥനയോടും, ജപമാലയോടും കൂടി ആരംഭിച്ചു.

നിയമഗ്രന്ഥത്തിൽ നിന്ന് പേജ് 282 ഭാഗം ബ്ര. പ്രസിഡണ്ട് ജ്ഞാനവായന നടത്തി. സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ മുൻ മാസറിപ്പോർട്ടും, ട്രഷറർ ബ്ര. എ. ജെ. വിൻസെന്റ് വരവ്-ചിലവ് കണക്കും വായിച്ചത് അംഗീകരിച്ചു. വൈസ് പ്രസിഡണ്ട് സി. എൽസി. ചുമ്മാർ ഹാജർ വിളിച്ചതിനുശേഷം ബ്ര. പ്രസിഡണ്ട് എല്ലാ മരിയ സൈനികരെയും സ്വാഗതം ചെയ്തു.



വാർഷിക റീയൂണിയനുശേഷം താഴെ പറയുന്ന ഇടവകകളിൽ പുതിയ പ്രസീദിയങ്ങൾ ആരംഭിച്ചതായി ബ്ര. പ്രസിഡന്റ് അറിയിച്ചു. കരുമത്ര, പാലക്കൽ, വിയ്യൂർ, വെണ്ടൂർ, മുല്ലശ്ശേരി, മരിയാപുരം, നിർമ്മലപുരം, മഡോണ നഗർ, ചാഴൂർ, താന്ന്യം, ചിയ്യാരം, ഒളരിക്കര കമ്മീസിയത്തിന് കീഴിൽ വരുന്ന ഒളരിക്കര- ദൈവരഹസ്യം നിറഞ്ഞിരിക്കുന്ന റോസപുഷ്പം പ്രസീദിയത്തിന്റെ പുതിയ ഭാരവാഹികളുടെ നിയമനം കമ്മീസിയം അംഗീകരിച്ചു. കൂരിയായുടെ കീഴിലുള്ള പുതിയ പ്രസീദിയങ്ങളിലെ പുതിയ ഭാരവാഹികളുടെ നിയമനം അതാത് കൂരിയായിൽ അംഗീകരിക്കുന്നതാണെന്നും അറിയിച്ചു.

ഒല്ലൂർ, പുതുക്കാട് കൂരിയാകളിലെയും, നിത്യസഹായനാഥാ തൃശൂർ ബസലിക്ക, വിജയമാതാ- വിജയപുരം, ദേവമാതാ- പൂങ്കുന്നം എന്നീ പ്രസീദിയങ്ങളിലെയും 6 മാസത്തെ റിപ്പോർട്ട് സമർപ്പിച്ചു.

റിപ്പോർട്ട് സമർപ്പിക്കാത്ത കൂരിയാകളും, പ്രസീദിയങ്ങളും അടുത്ത മാസം റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഓർമ്മപ്പെടുത്തി. തുടർന്ന് ജപമാലക്കുശേഷം ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലനച്ചൻ പ്രഭാഷണം നടത്തി. അമ്മയുടെ മദ്ധ്യസ്ഥതയിലുള്ള ഈ മരിയ സൈന്യം പൂർണ്ണമായും വിശ്വസിക്കണം ദൈവഹിതം എല്ലം നന്മക്കായിതീരുമെന്ന്. എല്ലാ പ്രസീദിയം മീറ്റിംഗിലേക്കും ബഹു. ആദ്ധ്യാത്മിക നിയന്താക്കളെ പങ്കെടുപ്പിക്കുന്നതിനും, കുറഞ്ഞത് മാസത്തിൽ ഒരിക്കലെങ്കിലും ബഹു. ആദ്ധ്യാത്മിക നിയന്താക്കളുടെ ഉപദേശവും ആശീർവ്വാദവും ലഭിക്കുന്ന വിധത്തിൽ പ്രസീദിയം

മീറ്റിംഗുകൾ ക്രമീകരിക്കണമെന്നും ആദ്ധ്യാത്മിക നിയന്താവ് പ്രഭാഷണത്തിലൂടെ ഓർമ്മിപ്പിച്ചു.

തിരുവനന്തപുരം സൗത്ത് കമ്മീസിയത്തിലെ കൂരിയായുടെ സിൽവർ ജൂബിലി ആഘോഷം, ലീജിയൻ കോൺഗ്രസും മെയ് 16ന് നടത്തിയ സമ്മേളനത്തിലേക്ക് നമ്മുടെ കമ്മീസിയം സെക്രട്ടറിയെ ക്ലസ് നയിക്കുന്നതിനായി ക്ഷണിക്കപ്പെടുകയും ബ്ര. സെക്രട്ടറി തന്റെ ദൗത്യം ഭംഗിയായി നിർവഹിച്ചതായി ബ്ര. പ്രസിഡന്റ് അറിയിക്കുകയും കമ്മീസിയം അംഗങ്ങൾ അഭിനന്ദിക്കുകയും ചെയ്തു. പുതിയ പ്രസീദിയങ്ങൾ സംഘടിപ്പിക്കുന്ന ഓരോ മരിയ സൈനീകരും സഹകരിക്കണമെന്ന് ആദ്ധ്യാത്മിക നിയന്താവ് ഓർമ്മിപ്പിച്ചുകൊണ്ട് അവസാന പ്രാർത്ഥനയ്ക്കും ആശീർവ്വാദത്തിനുശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

| | | |
|---|---|---|
| **ഫാ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡന്റ് | സെക്രട്ടറി |

# കേരള ലേബർ മൂവ്മെന്റ്



**ഫാ. ജെനേസിയൂസ് അനുസ്മരണദിനം**

തൃശ്ശൂർ അതിരൂപത കേരള ലേബർ മൂവ്മെന്റിന്റെ (KLM) നേതൃത്വത്തി , ആദ്യത്തെ കത്തോലിക്കാ തൊഴിലാളി പ്രസ്ഥാനമായ കാത്തലിക് ലേബർ അസോസിയേഷന്റെ (CLA) സ്ഥാപക ഡയറക്ടർ ഫാ. ജെനേസിയൂസിന്റെ 25-ാം വാർഷിക അനുസ്മരണ ദിനം 07-06-2015 ഞായറാഴ്ച ആചരിച്ചു. വടക്കൻ മേഖലയിലെ കരുമത്ര ആരോഗ്യമാതാ ദൈവാലയ ഹാളിൽ വെച്ച് നടന്ന അനുസ്മരണദിന പരിപാടികൾ തെക്കുംകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സുനിൽ ജേക്കബ് ഉദ്ഘാടനം ചെയ്തു.

KLM അതിരൂപത പ്രസിഡന്റ് ശ്രീ. N.K. രാജു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ KLM സംസ്ഥാന ഡയറക്ടറും, അതിരൂപത ഡയറക്ടറുമായ ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ ആമുഖ പ്രഭാഷണവും, കരുമത്ര പള്ളി വികാരി ഫാ. ചാക്കോ ചിറമ്മൽ അനുഗ്രഹപ്രഭാഷണവും നടത്തി. CLA മുൻ ജനറൽ സെക്രട്ടറി ശ്രീ. ജോമോൻ ചെറുശ്ശേരി അനുസ്മരണ പ്രഭാഷണം നടത്തി. KLM സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ഷാജു ആന്റണി, KLM വനിത ഫോറം സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീമതി. മോളി ജോബി, കരുമത്ര പള്ളി ട്രസ്റ്റി ശ്രീ. ഷാജു ചീരൻ, വിമലാലയം കോൺവെന്റ് മദർസുപ്പീരിയർ സിസ്റ്റർ ആഗ്നസ്, KLM വടക്കൻ മേഖല പ്രസിഡന്റ് ശ്രീ.

ജോയി വാഴപ്പിള്ളി എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. കരുമത്ര യൂണിറ്റ് സെക്രട്ടറി ശ്രീ. ഷാജു പാണേങ്ങാടൻ സ്വാഗതവും ട്രഷറർ ശ്രീ. ജോസ് ചെറുവത്തൂർ നന്ദിയും പറഞ്ഞു.

കലാലയപ്രതിഭകൾക്ക് അവാർഡ് ദാനവും സൗജന്യ യൂണിഫോം നോട്ട് ബുക്ക വിതരണവും കേരള ലേബർ മൂവ്മെന്റ് കിഴക്കൻ മേഖലയിലെ പുത്തൂർ ഫൊറോന യൂണിറ്റിന്റെ നേതൃത്വത്തിൽ യൂണിറ്റതിർത്തിയിൽപെട്ട വിദ്യാർത്ഥികളിൽ SSLC പരീക്ഷയിൽ മുഴുവൻ A+ നേടിയ അഖി . കെ. ഒ, അയന മാത്യു, അമിത. പി. എസ്, രേവതി. എം, അക്ഷയ്രാജ്. കെ. ആർ, റിനി വിത്സൻ ഒമ്പത് A+ നേടിയ ക്രിസ്റ്റിൻ ജേസൻ, അ ന ഷാജൻ, ക്രിസ്റ്റോ ടോണി പുത്തൂർ ഇടവകയിൽ നിന്നും മതബോധന പരീക്ഷയിൽ 12-ാം ക്ലാസ്സിൽ മികച്ച വിജയം നേടിയ റോഷൻ മാള്യേക്കൽ, റെജിൻ. എ. ജെ എന്നീ വിദ്യാർത്ഥികൾക്ക് അവാർഡുകളും നിർദ്ധനരായ 25 വിദ്യാർത്ഥികൾക്ക് യൂണിഫോമും,ഒരാൾക്ക് 10 ബുക്ക് വീതം 160 വിദ്യാർത്ഥികൾക്ക് നോട്ടുബുക്കുകളും സൗജന്യമായി വിതരണം ചെയ്തു.

പുത്തൂർ യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോസ് മാടാനി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വെച്ച് വികാരി ജനറാൾ മോ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്തു. പുത്തൂർ ഫൊറോന പള്ളി വികാരി ഫാ. ഫ്രാൻസീസ് തരകൻ മുഖ്യപ്രഭാഷണം നടത്തി. ഡീക്കൻ ജിനൊ, വർഗ്ഗീസ് മച്ചാട്(KLM അതിരൂപത ജനറ സെക്രട്ടറി), ശ്രീ ഷോയ് മാളിയേക്കൽ (പള്ളി ട്രസ്റ്റി), ശ്രീ. ജോയി മാളിയേക്ക (KLM കിഴക്കൻ മേഖല പ്രസിഡന്റ്), ശ്രീ. ഗോപി (PTA പ്രസിഡന്റ്, പുത്തൂർ ഗവ. ഹൈസ്ക്കൂൾ), ശ്രീ. ടോമി പൊറത്തൂർ (KLM കിഴക്കൻ മേഖല ട്രഷറർ) എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ശ്രീ. ആന്റൊ ചിറയത്ത് (KLM യൂണിറ്റ് ട്രഷറർ) സ്വാഗതവും ശ്രീ. സ്റ്റാൻലി മടത്തുംപടി (KLM യൂണിറ്റ് സെക്രട്ടറി) നന്ദിയും പറഞ്ഞു.

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ**
ഡയറക്ടർ KLM - തൃശ്ശൂർ,
ഫോ - 9447615196

**വർഗ്ഗീസ് മച്ചാട്,**
ജനറൽ സെക്രട്ടറി KLM
ഫോ - 9961213965

# സി. എൽ. സി.

## സി. എൽ. സി. ഡയമണ്ട് ജൂബിലി സമാപനവും കാരിത്ത വിദ്യാഭ്യാസ പദ്ധതി ഉദ്ഘാടനവും നടന്നു.

തൃശ്ശൂർ അതിരൂപത സി. എൽ. സിയുടെ ഡയമണ്ട് ജൂബിലി സമാപനവും കാരിത്ത വിദ്യാഭ്യാസ പദ്ധതി ഉദ്ഘാടനവും മാർ ജോസഫ് കുണ്ടുകുളം നഗറിൽ വെച്ച് നടന്നു. (ശക്തൻ നഗർ). അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് കാരിത്ത വിദ്യാഭ്യാസ പദ്ധതി ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ മേഖലയിൽ പുതിയ പദ്ധതിക്ക് തുടക്കമിട്ടു കൊണ്ട് കാരിത്ത വിദ്യാഭ്യാസ പദ്ധതിയിൽ 60 കുട്ടികളെ ദത്തെടുത്ത് പഠിക്കുവാനുള്ള ധനസഹായം നൽകുന്നു. ധനസഹായവിതരണം സമ്മേളനത്തിൽ വെച്ച് സാന്ത്വനം അപ്പസ്തോലേറ്റ് ഡയറക്ടർ റവ. ഫാ. തോമസ് പൂപ്പാടി ഏറ്റുവാങ്ങി. നിർദ്ധനരായ രോഗികൾക്കുള്ള ഡയാലിസിസ്സ് തുക ജൂബിലി മിഷൻ ഡയറക്ടർക്ക് നൽകി. അതിരൂപത സി. എൽ. സി. പ്രസിഡണ്ട് ശ്രീ. ഡിൽജോ തരകൻ അദ്ധ്യക്ഷനായിരുന്നു. അതിരൂപത സി. എൽ.സി. പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് സ്വാഗതമാശംസിച്ചു. ചടങ്ങിൽ വെച്ച് മികച്ച സേവനത്തിന് പത്മശ്രീ എം. എ. യൂസഫലി, ടി. എസ്. പട്ടാഭിരാമൻ, ഡോ. സുന്ദർ മേനോൻ, റവ. ഫാ. ഹർഷജൻ, ആൻജിയോ പോൾ, സംഗീത നാടക അക്കാദമി അവാർഡ് ജേതാവ് റവ. ഡോ. പോൾ പൂവ്വത്തിങ്കൽ , ഗുരുശ്രേഷ്ഠ അവാർഡ് ജേതാവ് പ്രൊഫ. പി. സി. തോമസ് എന്നിവരെ ആദരിച്ചു. തുടർന്ന് സ്റ്റീഫൻ ദേവസ്സി, സുരാജ് വെഞ്ഞാറമൂട്, സിനി ആർട്ടിസ്റ്റ് സോജ എന്നിവർ നയിച്ച സംഗീത ഹാസ്യ-നൃത്ത വിരുന്ന് അരങ്ങേറി. കൺവീനർ നോബി മേനാച്ചേരി, സംസ്ഥാന സി. എൽ. സി. പ്രസിഡന്റ് വിനേഷ് ജെ. കോളെങ്ങാടൻ, പ്രൊഫഷണൽ സി. എൽ.സി. പ്രസിഡന്റ് ജെറോം മാസ്റ്റർ, ജന. സെക്രട്ടറി ബിജിൽ സി. ജോസഫ്, ട്രഷറർ ഫ്രെഡി സി. ഡിക്രൂസ്, ബിനോയ് കാറളത്തുക്കാരൻ , ലാന്റോ കോളേങ്ങാടൻ, ജിയോ കെ. ജോർജ്ജ് എന്നിവർ നേതൃത്വം നല്കി.

## ബെസ്റ്റ് ഫൊറോന- മോഡൽ യൂണിറ്റ്

അതിരൂപത സി. എൽ.സിയുടെ 2014-15 വർഷത്തെ ബെസ്റ്റ് ഫൊറോനയായി ലൂർദ്ദ്, പഴുവിൽ ഫൊറോനകൾ തെരഞ്ഞെടുത്തു. മോഡൽ യൂണിറ്റുകളായി പറപ്പൂർ, പുത്തൂർ, മുക്കാട്ടുകര, കല്ലൂർ വെസ്റ്റ് എന്നീ യൂണിറ്റുകളും തെരഞ്ഞെടുത്തു. ട്രോഫികൾ ഡയമണ്ട് ജൂലിബി സമാപനാഘോഷത്തിൽ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നൽകി.

**കാരിത്ത വിദ്യഭ്യാസ പദ്ധതി**

അതിരൂപത സി. എൽ. സി.യുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കുകയും വേണ്ട ധനസഹായം നൽകുന്ന പദ്ധതിയാണ് കാരിത്ത വിദ്യാഭ്യാസപദ്ധതി. അതിരൂപത സ്വാന്തനം അപ്പസ്തോലേറ്റ് വഴി നടപ്പാക്കുന്ന ഈ പദ്ധതിയിൽ 60 കുട്ടികളെ ഓരോ വർഷവും ദത്തെടുത്ത് പഠിപ്പിക്കുന്നു.

കാരിത്ത വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമാകാൻ ആഗ്രഹമുള്ളവർ അതിരൂപത സി. എൽ.സി. ഓഫീസിൽ ബന്ധപ്പെടേണ്ടതാണ്.

**ഫൊറോന കലാമേള**

സി. എൽ. സി. പ്രവർത്തകരുടെ കലാവാസനയെ പരിപോഷിപ്പിക്കുന്നതിനു വേണ്ടി അതിരൂപത സി. എൽ. സി. കലാമേള സംഘടിപ്പിക്കുന്നു. ഫൊറോന തല മത്സരങ്ങൾ ആഗസ്റ്റ്, സെപ്തംബർ മാസത്തിൽ നടത്തുവാൻ ഫൊറോന ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്. ഫൊറോന ജനറൽ ബോഡി യോഗം വിളിച്ച് ഫൊറോന കലാമേളയുടെ തീയ്യതിയും സ്ഥലവും നിശ്ചയിക്കേണ്ടതാണ്. ലളിതഗാനം, സംഘഗാനം, സിംഗിൾ ഡാൻസ്, ഗ്രൂപ്പ് ഡാൻസ്, മൈം, മോണോ ആക്ട്, പുത്തൻപാന, തെരുവുനാടകം എന്നീ മത്സരങ്ങളാണ് സംഘടിപ്പിക്കുന്നത്.



**സംസ്ഥാന തല പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു.**

സംസ്ഥാന സി. എൽ. സി.യുടെ പരിസ്ഥിതി ദിനാചരണം മുക്കാട്ടുകര ദേവാലയത്തിൽ വച്ച് സംഘടിപ്പിച്ചു. സംസ്ഥാന പ്രൊമോട്ടർ റവ. ഫാ. റോയ് നെടുന്താനം വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. അതിരൂപത സി. എൽ. സി. പ്രൊമോട്ടർ, റവ. ഫാ. ജിയോ തെക്കിനിയത്ത്. സംസ്ഥാന സി. എൽ. സി. പ്രസിഡന്റ് വിനേഷ് ജെ കോളേങ്ങാടൻ, മുക്കാട്ടുകര യൂണിറ്റ് അസി. പ്രമോട്ടർ അതിരൂപത പ്രസിഡണ്ട് ഡിൽജോ തരകൻ, ഫൊറോന പ്രസിഡന്റ് ജെസ്വിൻ സജു, യൂണിറ്റ് പ്രസിഡന്റ് സെബി മുക്കാട്ടുകര, സംസ്ഥാന സി. എൽ.സി. ഭാരവാഹികളായ ജയകുമാർ, ഷോബി കെ. പോൾ, ബിജിൽ സി. ജോസഫ്, ഡെന്നി പാലക്കാട്, അതിരൂപത ഭാരവാഹികൾ പങ്കെടുത്തു.

**സംസ്ഥാന ഭാരവാഹികൾ സന്ദർശനം നടത്തി.**

അതിരൂപത സി. എൽ. സി. ഓഫീസിൽ സംസ്ഥാന ഭാരവാഹികൾ സന്ദർശനം നടത്തി. സംസ്ഥാന പ്രൊമോട്ടർ റവ. ഫാ. റോയ് നെടുംന്താനം സംസ്ഥാന പ്രസിഡണ്ട് വിനേഷ് ജെ. കൊളെങ്ങാടൻ, സെക്രട്ടറി ജയകുമാർ കണ്ണൂർ ഷോബി കെ. പോൾ എന്നിവരുടെ നേതൃത്വത്തിലാണ് സന്ദർശനം

നടത്തിയത്.

**പ്രവർത്തക സമിതിയോഗം ചേർന്നു**

തൃശ്ശൂർ അതിരൂപത സി. എൽ. സി. പ്രവർത്തക സമിതി യോഗം ചേർന്നു. അതിരൂപത പാസ്റ്ററൽ സെന്ററിൽ വെച്ചു നടന്ന പ്രവർത്തക സമിതി യോഗത്തിൽ അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ അദ്ധ്യക്ഷനായിരുന്നു. കാരിത്ത വിദ്യാഭ്യാസ പദ്ധതി, മരിയോസ് ഇഗ്നേഷ്യസ് ലെയോള അനുസ്മരണം എന്നീ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു.

**വി. ഇഗ്നഷ്യസ് ലെയോള അനുസ്മരണദിനം**

വി. ഇഗ്നേഷ്യസ് ലെയോള അനുസ്മരണ ദിനം എരുമപ്പെട്ടി ഫൊറോനയിൽ വച്ച് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. എസ്. എസ്. എൽ.സി., പ്ലസ് ടു മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് സമ്മാനവിതരണം നത്തുന്നുണ്ട്. വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റിന്റെ കോപ്പി വികാരിയച്ചന്റെ ഒപ്പോടെ അതിരൂപത സി. എൽ. സി. ഓഫീസിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9847453368 എന്ന നമ്പറിൽ ബന്ധപ്പെടുക.



**റവ. ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ബിജിൽ സി. ജോസഫ്**
ജന. സെക്രട്ടറി

**റവ. ഫാ. ആന്റണി മേച്ചേരിപ്പടി**
അസി. പ്രൊമോട്ടർ

# അതിരൂപത കുടുംബക്കൂട്ടായ്മ

**1. ഫൊറോന ആനിമേറ്റർമാരുടെ യോഗം**

കുടുംബക്കൂട്ടായ്മ ഫൊറോന ആനിമേറ്റർ അച്ചന്മാരുടെ യോഗം 2015 ജൂലായ് 15ന് ബുധനാഴ്ച 11 മണിക്ക് അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് നടത്തുന്നു.

**2. കുടുംബക്കൂട്ടായ്മ നേതൃത്വ പരിശീലനം**

വാർഷീക പ്രവർത്തനം മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഓരോ കുടുംബക്കൂട്ടായ്മ യൂണിറ്റിൽ നിന്നും നേതൃത്വ താത്പര്യവും കഴിവുമുള്ള രണ്ട് വ്യക്തികളുടെ പേരുവിവരം ഇനിയും കുറെ ഇടവകകൾ

അതിരൂപത കേന്ദ്രത്തിൽ എത്തിച്ചിട്ടില്ല. എത്രയും പെട്ടെന്ന് രണ്ടുപേരെ വീതം ഓരോ യൂണിറ്റിൽ നിന്ന് തിരഞ്ഞെടുത്ത് ലിസ്റ്റ് കഴിയുന്നതും വേഗം അതിരൂപത കേന്ദ്രത്തിൽ എത്തിക്കണേ.

**3. കുട്ടികളുടെ കുടുംബക്കൂട്ടായ്മ സമ്മേളനം**

2015 മാർച്ച് 23ന് അതിരൂപതാ കേന്ദ്രത്തിൽ വെച്ച് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അതിരൂപത ഭക്തസംഘടന ഡയറക്ടർമാരുടെ യോഗത്തിൽ വെച്ച് കുടുംബക്കൂട്ടായ്മകളോട് ചേർന്ന് ആ യൂണിറ്റിലെ കുട്ടികളെ ഉൾപ്പെടുത്തി കുട്ടികളുടെ കൂട്ടായ്മ സമ്മേളനങ്ങൾ തുടങ്ങാൻ നിർദ്ദേശിക്കുകയും അത് അംഗീകരിക്കുകയും ചെയ്തു. അതുപ്രകാരം എല്ലാ യൂണിറ്റുകളിലും കുട്ടികളുടെ കൂട്ടായ്മ ആരംഭിക്കാൻ ബഹു. അച്ചന്മാർ മുൻകൈ എടുത്ത് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**4. ഭവന കൂട്ടായ്മകൾ**

കുടുംബ കൂട്ടായ്മകളെ ശക്തിപ്പെടുത്താനും ഭാരവാഹികളുടെ ജോലി ലഘൂകരിക്കാനും, കൂടുതൽ ഊർജ്ജസ്വലമായ കൂട്ടായ്മകൾക്ക് രൂപം നൽകാനുമാണ് ഭവനകൂട്ടായ്മകൾ രൂപീകരിക്കുന്നത്. ഓരോ കുടുംബക്കൂട്ടായ്മയിലും 4 മുതൽ 6 വരെ കുടുംബങ്ങളുള്ള അയൽപക്ക ഭവനങ്ങളുടെ കൂട്ടായ്മ രൂപീകരിക്കാനും. ഓരോ ഭവന കൂട്ടായ്മകളിലെ എല്ലാ അംഗങ്ങളും ആഴ്ചയിൽ ഒരിക്കൽ ഒരുമിച്ച് കൂടി ജപമാല അർപ്പിക്കുന്നതിനും പരസ്പരം സൗഹൃദം വളർത്തുന്നതുമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം

**5. പ്രൊലൈഫ്**

ജൂലായ് മാസത്തിൽ കുടുംബക്കൂട്ടായ്മകളിൽ ജീവൻ ദൈവദാനം എന്ന വിഷയമാണ് ചർച്ച ചെയ്യേണ്ടത്. ആ മാസത്തിൽ തന്നെ ഇടവകകളിൽ പ്രൊലൈഫ് പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകാനും പ്രൊലൈഫ് സെൽ രൂപീകരിക്കാനും പരിശ്രമിക്കുമല്ലോ.

ആശംസകൾ നേർന്നുകൊണ്ട്

**ഫാ. വർഗ്ഗീസ് തരകൻ**
അസോ. ഡയറക്ടർ

**ഫാ. ലോറൻസ് തൈക്കാട്ടിൽ**
ഡയറക്ടർ

# കലാസദൻ

കലാസദൻ മാനേജിംഗ് കമ്മിറ്റിയുടെ യോഗം 13.06.2015 പാസ്റ്ററൽ സെന്ററിൽ വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറയുടെ നേതൃത്വത്തിൽ നടന്നു. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പുതിയ ഭാരവാഹികൾ :ഡോ. സി. കെ. തോമസ് (പ്രസിഡണ്ട്), ശ്രീ. ബേബി മൂക്കൻ (വൈസ് പ്രസിഡണ്ട്), ഫാ പോൾ പുളിക്കൻ (സെക്രട്ടറി) ശ്രീമതി മേഴ്സി ബാബു (ജോ. സെക്രട്ടറി) ശ്രീ ടി. ഒ. വിത്സൺ (ട്രഷറർ) വിവിധ കമ്മിറ്റികളുടെ കൺവീനർമാരായി ശ്രീ. ജേക്കബ് ചങ്ങലായി (സംഗീതം) ശ്രീ. ജോമോൻ ചെറുശ്ശേരി (സാഹിത്യം) ശ്രീമതി ജാൻസി പോൾ ചീനിക്കൽ (നൃത്തം) ഫാ. ഫിജോ ആലപ്പാടൻ (നാടകം) ശ്രീ. ബാബു ചിറ്റിലപ്പിള്ളി (ലളിത കല) എന്നിവരെയും തെരഞ്ഞെടുത്തു.

കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനമായ കലാസദനിൽ നടക്കുന്ന വയലിൻ, ഗിറ്റാർ, ഓർഗൺ പരിശീലന ക്ലാസ്സുകളിൽ കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു. എല്ലാ ഞായറാഴ്ചയും 2 pm ന് കാച്ചേരി കലാസദൻ കോംപ്ലക്സിൽ ക്ലാസ്സുകൾ ആരംഭിക്കും.

**ഫാ. പോൾ പുളിക്കൻ**

സെക്രട്ടറി



# ഫ്രാൻസിസ്കൻ അത്മായസഭ

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അല്മായ സഭയുടെ എക്സിക്യൂട്ടീവ് യോഗം 07.06.2015 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 4 മണിക്ക് കാൽവരി ആശ്രമത്തിൽ വെച്ച് പ്രസിഡണ്ട് പി.ഐ. സൈമൺ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. ഡോ. റെജി ജോസഫിന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ഡൊമിനിക് തോമസ് സ്വാഗതം പറഞ്ഞു. ഫാ. പോൾ അടമ്പുകുളം, ഫാ. ഫ്രാങ്കോ വടക്കൻ, ഫാ. നിക്സൺ, സി. റോസിലിൻ എന്നിവർ പങ്കെടുത്തു. ജൂലായ് 15നകം യൂണിറ്റ് തല തിരഞ്ഞെടുപ്പും ആഗസ്റ്റിൽ റീജിയൺ തിരഞ്ഞെടുപ്പും സെപ്തംബറിൽ അതിരൂപത തിരഞ്ഞെടുപ്പും നടത്തക്കവിധത്തിൽ ക്രമീകരണങ്ങൾ ചെയ്യുവാൻ ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തി. യോഗത്തിന് വി. സി. സണ്ണി നന്ദി രേഖപ്പെടുത്തി. ഫാ. ഫ്രാങ്കോ വടക്കന്റെ പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

17.05.2015 ഞായറാഴ്ച വടക്കാഞ്ചേരി എ. ആർ. സി.യിൽ വെച്ച് നടന്ന ദമ്പതി സംഗമത്തിൽ 150 പേർ പങ്കെടുത്തു. ഫാ. പോൾ അടമ്പുകുളം, ഫാ. ജോബി മേരീസൺ, സി. അർച്ചന, സണ്ണി വടക്കൻ എന്നിവർ നേതൃത്വം നൽകി. വി.കുർബ്ബാനയും ആരാധനയും ക്ലാസ്സും ഉണ്ടായിരുന്നു.

| ഡയറക്ടർ | പ്രസിഡന്റ് | സെക്രട്ടറി |
|---|---|---|
| **റവ. ഫാ. പോൾ അടമ്പുകുളം OFM CAP** | **പി.ഐ. സൈമൺ** | **വി. സി. സണ്ണി** |

# കെ. സി.വൈ.എം.

**2015 – 17 വർഷത്തെ കെ.സി.വൈ.എം അതിരൂപത പ്രസ്ഥാനത്തെ കർമ്മ സാരഥികൾ**

| | |
|---|---|
| പ്രസിഡന്റ് | – ജോസ്മോൻ കെ. ഫ്രാൻസീസ് |
| ജനറൽ സെക്രട്ടറി | – ജെസ്റ്റിൻ നടയ്ക്കലാൻ |
| വൈസ്. പ്രസിഡന്റുമാർ | – റോണി അഗസ്റ്റിൻ (പു) |
| | – കരോളി ജോഷ്വാ (സ്ത്രീ) |
| സെക്രട്ടറി | – ഡിജോ ഡേവീസ് (പു) |
| | – അഞ്ജലി ഡോമിനിക് (സ്ത്രീ) |
| ട്രഷറർ | – സിന്റോ ആന്റണി പുതുക്കാട് |



**സിൽവർ ജൂബിലി ആഘോഷം**

മെയ് 9 ചേലക്കര ഫോറോന ഇടവകയിൽ കെ. സി.വൈ.എം. അതിരൂപത ആനിമേറ്റർ സി. ടീന മെർലിയുടെ സിൽവർ ജൂബിലി ആഘോഷത്തിൽ അതിരൂപത കെ. സി.വൈ.എം. ന്റെ നേതൃത്വത്തിൽ എല്ലാവരും പങ്കെടുക്കുകയും ബഹു. സിസ്റ്റേഴ്സിനെ പൊന്നാട അണിയിക്കുകയും മെമെന്റോ നൽകി ആശംസ നേരുകയും ചെയ്തു.

**അതിരൂപത ഭാരവാഹികളുടെ ഫൊറോന സന്ദർശനം**

അതിരൂപത കെ. സി.വൈ.എം. ഭാരവാഹികൾ ഡയറക്ടർ റവ. ഫാ. ജിയോ കടവിയുടെ നേതൃത്വത്തിൽ പുതുക്കാട്, ഒല്ലൂർ, ഡോളേഴ്സ്, എന്നീ ഫൊറോന സന്ദർശിക്കുകയും സംഘടന ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ഫൊറോന ശാക്തീകരണത്തിനെക്കുറിച്ച് ഡയറക്ടേഴ്സിനോടും ഭാരവാഹികളോടും നിർദ്ദേശം നൽകുകയും അവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു.

**പെട്രോൾ, ഡീസൽ, വിലവർദ്ധനവിനെതിരെ കെ. സി.വൈ.എം. പ്രതിഷേധം**

16.05.15ൽ പെട്രോൾ, ഡീസൽ വിലവർദ്ധനക്കെതിരെ തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ പാസ്റ്ററൽ സെന്റർ മുതൽ കോർപ്പറേഷൻ ഓഫീസ് വരെ തൃശ്ശൂർ റൗണ്ട് ചുറ്റി കൊണ്ട് ഉന്ത് വണ്ടിയുമായി പ്ലേകാർഡുകളുമായി കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധത്തിന് തൃശ്ശൂർ നഗരം സാക്ഷ്യം വഹിച്ചു. പ്രതിഷേധ സമരത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം മേയർ രാജൻ പല്ലൻ നിർവ്വഹിച്ചു. റവ. ഫാ. ജിയോ കടവി, ജോസ്മോൻ ഫ്രാൻസീസ്, ജെസ്റ്റിൻ നടയ്ക്കലാൻ, റോണി അഗസ്റ്റിൻ, സിന്റോ പുതുക്കാട് എന്നിവർ നേതൃത്വം നൽകി.

**തൃശ്ശൂർ നഗരസഭ അദ്ധ്യക്ഷൻ കെ. സി. വൈ. എം.ന്റെ അനുമോദനം**

തൃശ്ശൂർ നഗരത്തിൽ വളരെയേറെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ആരാധ്യനായ തൃശ്ശൂർ കോർപ്പറേഷൻ മേയർ രാജൻ പല്ലന് തൃശ്ശൂർ അതിരൂപത കെ. സി.വൈ.എം. മേയറുടെ ചേംബറിൽ വച്ച് നടത്തിയ അനുമോദന ചടങ്ങിൽ ബൊക്കെ നൽകിയും പൊന്നാട അണിയിച്ച് അനുമോദിക്കുകയും ചെയ്തു.

**പരിസ്ഥിതി ദിനാഘോഷത്തിൽ തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം.**

ലോക പരിസ്ഥിതി ദിനാഘോഷം കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപത തലത്തിലെ ഔദ്യോഗികമായ ഉദ്ഘാടനം അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഔഷധ തൈകൾ നട്ട് കൊണ്ട് ഉദ്ഘാടം നിർവ്വഹിച്ചു. മോൺ. ജോർജ്ജ് കോമ്പാറാ, ജോസ്മോൻ ഫ്രാൻസീസ്, ജെസ്റ്റിൻ നടയ്ക്കലാൻ, റോണി അഗസ്റ്റിൻ, കരോളി ജോഷാ, ഡിജോ ഡേവീസ്, സിന്റോ പുതുക്കാട് എന്നിവർ നേതൃത്വം നൽകി.

**ലഹരിക്കെതിരെ പോസ്റ്റർ പ്രചാരണവുമായി കെ.സി.വൈ.എം. തൃശ്ശൂർ നഗരത്തിൽ**

ലോക പുകയില ദിനത്തിൽ പുകയില ഉൽപന്നങ്ങൾക്കെതിരെയും ലഹരിക്കെതിരെയും പോസ്റ്റർ പ്രചാരണവുമായി കെ.സി. വൈ.എം. തൃശ്ശൂർ അതിരൂപത സമിതി തൃശ്ശൂർ നഗരത്തിൽ. നമ്മുടെ നാട്ടിൽ കൂടുതലായി ജനങ്ങൽക്ക് ആപത്തായ പുകയില, ലഹരി വസ്തുക്കൾ തുടച്ച് മാറ്റണം എന്ന ആഹ്വാനവുമായ പോസ്റ്ററുകൾ തൃശ്ശൂർ നഗരത്തിൽ പതിക്കുന്നതിന്റെ ഔദ്യോഗികമായി ഉദ്ഘാടനം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രൂപത ഭാരവാഹികൾക്ക് ലഹരിയുടെ പുകയില ഉത്പന്നങ്ങളുടെ ദോഷവശങ്ങൾ അടങ്ങിയിരിക്കുന്ന സന്ദേശം - പോസ്റ്ററുകൾ നൽകികൊണ്ട് ഉദ്ഘാടനം ചെയ്തു.

**ഹരിത തരംഗം എന്ന സന്ദേശവുമായി തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം.**

01.06.15 ൽ അതിരൂപത കെ.സി.വൈ.എം. തൃശ്ശൂർ നഗരസഭയിലെ എല്ലാ കൗൺസിലർമാർക്കും ഹരിത തരംഗം ജനപ്രതിനിധികളിലൂടെ ജനങ്ങൾക്ക് എന്ന സന്ദേശം ഉൾകൊണ്ട് മേയറുടെ ചേംബറിൽ വച്ച് ഫല വൃക്ഷ തൈകൾ സൗജന്യമായി നൽകികൊണ്ട് അതിരൂപത കെ.സി.വൈ.എം. ഭാരവാഹികളും കൗൺസിലർമാരും ചേർന്ന് പ്രതിജ്ഞ ചൊല്ലുകയും ചെയ്തു. തൃശ്ശൂർ നഗരത്തിൽ പരിസ്ഥിതി സംരക്ഷിക്കുന്ന കാര്യത്തിൽ ജനപ്രതിനിധികൾ മുന്നോട്ടിറങ്ങണമെന്നും അതിനെ കെ.സി.വൈ.എം. ന്റെ ഭാഗത്ത് നിന്ന് പൂർണ്ണപിന്തുണ ഉണ്ടാകുമെന്ന് മേയറുടെ മുൻപിൽ വച്ച് എല്ലാ കൗൺസിലർമാരോടും കെ. സി.വൈ.എം. അതിരൂപത സമിതി ആവശ്യപ്പെട്ടു.

**ഫൊറോന ഡയറക്ടേഴ്സ് മീറ്റ്**

02.06.15ൽ ബിഷപ്പ് ഹൗസിൽ വെച്ച് കെ.സി.വൈഎം. ഡയറക്ടേഴ്സ് മീറ്റ് അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തിന്റെ നേതൃത്വത്തിൽ ഫൊറോന ഡയറക്ടേഴ്സ് മീറ്റിന്റെ ആവശ്യകതയും സംഘടന ശക്തിപ്പെടുത്തുന്ന കാര്യവും ഫൊറോന ശാക്തീകരണത്തെക്കുറിച്ചും പറയുകയുണ്ടായി. ഫൊറോന ഡയറക്ടേഴ്സിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും സംഘടന പ്രവർത്തനത്തിന്റെ കർമ്മപരിപാടികളും നൽകുകയുണ്ടായി.

**ലോക പരിസ്ഥിതി ദിനാഘോഷം ഫൊറോന തല ഉദ്ഘാടനം**

ജൂൺ 5 ലോക പരിസ്ഥിതി ദിനാഘോഷ ദിവസം അതിരൂപത കെ.സി. വൈ.എം. ഫൊറോന തല ഉദ്ഘാടനം പറപ്പൂർ ഫൊറോന പള്ളിയിൽ രാവിലെ 7ന് റവ. ഫാ. ജിയോ കടവി ഔഷധ തൈ നട്ട് കൊണ്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന് എല്ലാവർക്കും വൃക്ഷതൈകൾ സൗജന്യമായി നൽകുകയും ചെയ്തു. ഫൊറോന വികാരി റവ. ഫാ. പോളി നീലങ്കാവിൽ, ജോസ്മോൻ ഫ്രാൻസീസ്, ജെസ്റ്റിൻ നടയ്ക്കലാൻ, ഡിജോ ഡേവീസ്, സാവിയോ പറപ്പൂർ എന്നിവർ സന്നിഹിതരായിരുന്നു.

**കെ. സി.വൈ.എം. തൃശ്ശൂർ അതിരൂപത ഓഫീസ് ഉദ്ഘാടനവും, വെഞ്ചിരിപ്പും**

തൃശ്ശൂർ അതിരൂപത നവീകരിച്ച കെ.സി.വൈ.എം. ഓഫീസ് ഉദ്ഘാടനം പാസ്റ്ററൽ സെന്ററിൽ 07.06.15ൽ 4 pm ന് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് ഉദ്ഘാടനം ചെയ്യുകയും മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വെഞ്ചിരിപ്പ് കർമ്മം നടത്തുകയും ചെയ്തു. റവ. പാ. ജിയോ കടവി, റവ. ഫാ. ഡേവീസ് തെക്കേക്കര റവ. ഫാ. ജോഷി ആളൂർ, റവ. ഫാ. ജോയ്

മൂക്കൻ സി. ടീന മരിയ, ജോസ്മോൻ ഫ്രാൻസീസ് ജെസ്റ്റിൻ നടയ്ക്കലാൻ, റോണി അഗസ്റ്റിൻ, കരോളി ജോഷ്വാ, ഡിജോ ഡേവീസ്, സിന്റോ പുതുക്കാട്, സനൽ സി. എ., അനീഷ് ആന്റണി എന്നിവർ നേതൃത്വം നല്കി.

**കെ.സി.വൈ.എം. വനിതാസംഗമം**

തൃശ്ശൂർഅതിരൂപത കെ.സി.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ വനിതകൾക്കായി പാസ്റ്ററൽ സെന്ററിൽ ബഹു. സി. ടീന മരിയയുടെ (കെ.സി.വൈ.എം. ആനിമേറ്റർ) നേതൃത്വത്തിൽ മീറ്റിംഗ് സംഘടിപ്പിക്കുകയുണ്ടായി. അതിരൂപത തലത്തിൽ കെ. സി.വൈ.എം. വനിതാ വിഭാഗം ശക്തിപെടുത്തുന്നതിന് ജെംസി ജോസിനെ കോ-ഓർഡിനേറ്ററായി തിരഞ്ഞെടുക്കുകയുണ്ടായി.

കെ. സി. വൈ.എം. ജന. സെക്രട്ടറി

**ജെസ്റ്റിൻ നടയ്ക്കലാൻ**

# ലോഫ് ഫാമിലി



## ലോഫ് ഫാമിലി പ്രയർ ഈവനിംഗ്

കാച്ചേരി മൈനർ സെമിനാരിയിലെ വി. അൽഫോൺസ ചാപ്പിൽ മാസത്തിലൊരിക്കൽ ഫാമിലി പ്രയർ ഈവനിംഗ് (മാസധ്യാനം) നടക്കുന്നു. വൈകീട്ട് 6.30 മുതൽ 10.00 വരെയാണ് സമയക്രമം. മാതാപിതാക്കളും മക്കളും ഒന്നിച്ച് കൂടി ജപമാല, ദിവ്യകാരുണ്യ ആരാധന, വി. കുർബ്ബാന, കുമ്പസാരം വചനസന്ദേശം എന്നിവയിലൂടെയുള്ള നിരന്തര നവീകരണമാണ് ലക്ഷ്യം. പങ്കെടുക്കുവാൻ താല്പര്യമുള്ള കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുമല്ലോ. ജൂലൈ മാസം മുതൽ രണ്ടാം ശനിയാഴ്ചകളിലാണ് നടക്കുക. കുടുംബങ്ങൾ ഒന്ന് ചേർന്ന് സഭക്കും കുടുംബങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുന്ന ഈ പ്രോഗ്രാമിലേക്ക് പുതിയ കുടുംബങ്ങളെ സ്വാഗതം ചെയ്യുന്നു.

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ
**ഫാ. ബിനോയ് ചിറ്റിലപ്പിള്ളി**
അസോ. ഡയറക്ടർ

ഡോ. ടോണി ജോസഫ് &
ഡോ. സുനി ടോണി
പ്രസിഡന്റ് ദമ്പതികൾ

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

കാത്തലിക് നേഴ്സസ് ഗിൽഡിന്റെ അതിരൂപതാ വൈസ് പ്രസിഡന്റ് റവ. സി. ലിസറ്റ് സി.എം.സി. ചൂണ്ടൽ സെ. ജോസഫ് ഹോസ്പിറ്റലിന്റെ നേഴ്സിങ്ങ് സൂപ്രണ്ടായി ചാർജ്ജെടുത്തു. സിസ്റ്ററിന് സി.എൻ. ജി. ഐ.യുടെ എല്ലാ വിധ അനുമോദനങ്ങളും ആശംസകളും നേരുന്നു. ജൂൺ 15ന് 3pmന് സി. എൻ. ജി. ഐ. യുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. ജൂലൈ ആദ്യ ആഴ്ച യിൽ സി.എൻ. ജി. ഐയുടെ തൃശ്ശൂർ അതിരൂപതാ ജനറൽ ബോഡി കൂടാൻ നിശ്ചയിച്ചു. ദിവസവും സ്ഥലവും രേഖാമൂലം അറിയിക്കുന്നതായിരിക്കും. ഈ മീറ്റിംഗിലേക്ക് സി.എൻ.ജി. ഐയിലെ എല്ലാ അംഗങ്ങളെയും ആദര പൂർവ്വം ക്ഷണിക്കുന്നു.

ദിയാക്കോണിയ പാലിയേറ്റീവ് കെയർ യൂണിന്റെ ഭാഗമായി താന്ന്യം, ചേല ക്കര എന്നീ ഇടവകകളിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ കടന്ന് ചെന്ന് കിടപ്പു രോഗികളെ സന്ദർശിക്കുകയും അവരുടെ വേദനകളിൽ പങ്കുചേർന്ന് പ്രാർത്ഥി ക്കുകയും ചികിത്സാ സഹായം കൈമാറുകയും ചെയ്തു. ഈ വർഷത്തെ ഇന്റർ നാഷണൽ 'നഴ്സസ് ഡെ' വിവിധ ഹോസ്പിറ്റലുകളിലും സ്ഥാപന ങ്ങളിലും ഇടവകകളിലും ഉചിതമായ പരിപാടികളോടെ മനോഹരമാക്കിയ എല്ലാവർക്കും അഭിനന്ദനങ്ങൾ.

അമല ഹോസ്പിറ്റലിൽ കാൻസർ രോഗികളോടും ഡയാലിസിസ് രോഗി കളോടും ചേർന്നാണ് ഈ വർഷത്തെ നേഴ്സസ് ഡെ ആഘോഷിച്ചത്. കലാ വിരുന്നും, സ്നേഹവിരുന്നും വചനസന്ദേശവും ഈ ദിനത്തെ ഹൃദ്യമാക്കി. അതോടൊപ്പം ഈ വർഷത്തെ മികച്ച സേവനത്തിനുള്ള അവാർഡ് അമല ഹോസ്പിറ്റലിന്റെ നഴ്സിങ്ങ് സൂപ്രണ്ടായ റവ. സി. ലില്ലി ബെറ്റ്-ന് നൽകി കൊണ്ട് ആദരിച്ചു. ഹോസ്പിറ്റൽ സ്റ്റാഫും, സി.എൻ. ജി. ഐയും, സി.എൻ. ജി. ഐ. അമല യൂണിറ്റ് അഡ്വൈസർ റവ. ഫാ. ഷിബു പുത്തൻപുരയ്ക്കൽ സി.എം.ഐ.യും സംയുക്തമായി ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.

46-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന വി. ഔസേപ്പിതാവിന്റെ നാമ ത്തിലുള്ള ചൂണ്ടൽ ആശുപത്രിയിൽ മെയ് 14ന് 20 പേർ സി.എൻ.ജി.ഐ. യിൽ അംഗമാവുകയും തൃശ്ശൂർ അതിരൂപതാ സി.എൻ.ജി. ഐ. ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ടിന്റെ നേതൃത്വത്തിൽ ആഘോഷമായ ദിവ്യബ ലിയർപ്പിച്ചു. നേഴ്സുമാർ സമർപ്പണ മനോഭാവത്തോടെ സേവനം ചെയ്യണ മെന്ന് വചനസന്ദേശം നൽകുകയുണ്ടായി. അഡ്മിനിസ്ട്രേറ്റർ റവ. സി. അൽഫോൺസ് മരിയ സി. എം.സി., നേഴ്സിങ്ങ് സൂപ്രണ്ട് റവ. സി. സിസി

ക്ലയർ സി.എം.സി. അതിരൂപതാ സി.എൻ.ജി. ഐ. വൈസ് പ്രസിഡണ്ട് റവ. സി. ലിസറ്റ് സി.എം.സി. ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.

ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ ഹോസ്പിറ്റലിലെ സി.എൻ. ജി. ഐ യൂണിറ്റ് പ്രസിഡന്റായി റവ. സി. റോസ്‌വെൽ സി.എം.സി. തിരഞ്ഞെടുക്കപ്പെട്ടു. ഈ കഴിഞ്ഞ വർഷങ്ങളിൽ സേവനം കാഴ്ചവെച്ച റവ. സി. മേഘ സി.എം.സിയ്ക്ക് സി.എൻ.ജി.ഐയുടെ ഹൃദയം നിറഞ്ഞ നന്ദി. 11.06.2015 ൽ സി.എൻ. ജി. ഐ. അതിരൂപതാ ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട് സന്നിഹിതനായ മീറ്റിംഗിൽ 16 നേഴ്സുമാർക്ക് സി.എൻ.ജി. ഐ. യിലേക്ക് അംഗത്വം നൽകുകയും , ദൗത്യത്തെക്കുറിച്ച് സന്ദേശം നൽകുകയും ചെയ്തു. നേഴ്സസ് ദിനത്തോട് അനുബന്ധിച്ച് നേഴ്സുമാരെ ആദരിക്കുകയും നേഴ്സസ് ഡെ ഉചിതമായി ആഘോഷിക്കുകയും ചെയ്തു

| | |
|---|---|
| ഡയറക്ടർ | സെക്രട്ടറി |
| **ഫാ. സിജോ അരിക്കാട്ട്** | **സി. റൊസീന ഡേവീസ് എഫ്. സി. സി.** |

# കരിസ്മാറ്റിക് റിന്യൂവൽ മൂവ്മെന്റ്



**പെന്തക്കുസ്ത ദിനാഘോഷം – 2015**

തൃശ്ശൂർ അതിരൂപതയിലെ 16 ഫൊറോനകളിലും കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിൽ മെയ് 23 ശനിയാഴ്ച പെന്തക്കുസ്ത ദിനത്തോടനുബ്ധിച്ച് കരിസ്മാറ്റിക് ഡേ ആഘോഷിച്ചു. ഫൊറോനകളിൽ അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠത്തിന്റെ നേതൃത്വത്തിൽ ഏകദിന–അർദ്ധദിന പരിപാടികൾ സംഘടിപ്പിച്ചു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**കൊട്ടേക്കാട്** : കോളങ്ങാട്ടുകര സെന്റ് മേരീസ് ദേവാലയത്തിൽ ആനിമേറ്റർ റവ. ഫാ. ജോർജ്ജ് ചേലപ്പാടന്റെ നേതൃത്വത്തിൽ ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ വചന ശുശ്രൂഷ, ദിവ്യകാരുണ്യാരാധന എന്നിവയോടെ ആഘോഷിച്ചു. ജോസഫ് വെണ്ടൂർ വചനപ്രഘോഷണം നടത്തി. ഫൊറോന കോ–ഓർഡിനേറ്റർ മേജോ സി. ജേക്കബ്ബ്, സെക്രട്ടറി ഇ.ടി. ജോൺസൺ എന്നിവർ നേതൃത്വം നൽകി.

**വേലൂർ** : കുറുമാൽ സെന്റ് ജോർജ്ജ് ദേവാലയത്തിൽ നടത്തിയ ഏകദിന പരിപാടിയിൽ ഫൊറോന വികാരി റവ. ഫാ. ജോൺസൺ ഐനിക്കൽ ഉദ്ഘാടനം സന്ദേശം നൽകി. കുറുമാൽ ഗാഗുൽത്താ ധ്യാനകേന്ദ്രം ഡയറ

ക്കൂർ റവ. ഫാ. ബെന്നി പീറ്റർ. കെ. എസ്.ടി. യുടെ മുൻ സെക്രട്ടറി കെ. കെ. ജോസഫ്,അതിരൂപത കരിസ്മാറ്റിക് നവീകരണ കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് എന്നിവർ വചന പ്രഘോഷം നടത്തി. ദിവ്യബലിക്ക് റവ. ഫാ. ആന്റണി മേച്ചേരിപ്പടിയും ദിവ്യകാരുണ്യാരാധനയ്ക്ക് റവ. ഫാ. ജോൺസൺ കോരേത്തും മുഖ്യകാർമ്മികത്വം വഹിച്ചു. കോ-ഓർഡിനേറ്റർ ജെയിംസ് മൽപാൻ, സോണൽ സർവ്വീസ് ടീം അംഗങ്ങളായ ബീന ജോളി, റീന റാഫേൽ എന്നിവർ നേതൃത്വം നൽകി.

**പറപ്പൂർ** : സെന്റ് ജോൺസ് ഫൊറോന ദൈവായത്തിൽ നടത്തിയ ഏക ദിന കൂട്ടായ്മക്ക് ആനിമേറ്റർ റവ. ഫ. ബർണാഡ് തട്ടിൽ നേതൃത്വം നൽകി. അതിരമ്പുഴ കാരിസ്ഭവൻ ധ്യാനേകന്ദ്രത്തിലെ ടോമി പുതുശ്ശേരി വചനപ്ര ഘോഷണം നടത്തി. സോണൽ ട്രഷറർ വിൻസെന്റ് ചിറയത്ത് ഫൊറോന കോ-ഓർഡിനേറ്റർ ജോൺസൺ സി.ഡി. എന്നിവർ നേതൃത്വം നൽകി.

**പട്ടിക്കാട്**: ഫൊറോന ദൈവാലയത്തിൽ ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി വരെ നടത്തിയ പരിപാടികൾക്ക് ഫൊറോന വികാരി റവ. ഫാ. ആന്റണി ചിറ്റിലപ്പിള്ളി നേതൃത്വം നൽകി. വിൻസെന്റ് വേലൂപ്പാടം വചനപ്രഘോഷണം നടത്തി. സോണൽ സെക്രട്ടറി സെബാസ്റ്റ്യൻ സി.ടി. ദിവ്യകാരുണ്യാരാധ നയ്ക്ക് നേതൃത്വം നൽകി. സോണൽ സർവ്വീസ് ടീമംഗം വിജു പുത്തൂർ, കോ-ഓർഡിനേറ്റർ വർഗ്ഗീസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി



**മറ്റം** : മറ്റം സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ ഉച്ചകഴിഞ്ഞ് 1.30 മുതൽ 5 മണി വരെ നടത്തിയ ശുശ്രൂഷകളുടെ ഉദ്ഘാടനം വികാരി റവ. ഫാ. ഡേവീസ് പനംകുളം നിർവ്വഹിച്ചു. വചന പ്രഘോഷണത്തിന് ഫാ. സ്റ്റാഴ്സൺ കള്ളിക്കാടൻ നേതൃത്വം നൽകി. ഫൊറോന ആനിമേറ്റർ റവ. ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ ദിവ്യകാരുണ്യ ആരാധന നയിച്ചു. ഫൊറോന കോ-ഓർഡിനേറ്റർ ബൈജു ചിറ്റാട്ടുകര നേതൃത്വം നൽകി.

**എരുമപ്പെട്ടി** : തിരുഹൃദയ ഫൊറോന ദൈവാലയത്തിൽ മെയ് 24ന് ഉച്ച കഴിഞ്ഞ് 2 മണി മുതൽ 5 വരെ നടത്തിയ കരിസ്മാറ്റിക് ദിനാചരണത്തിന് വികാരി വെ. റവ. ഫാ. പോൾ താണിക്കൽ നേതൃത്വം നൽകി. കരിസ്മാറ്റിക് നവീകരണ അതിരൂപത കോ-ഓഡിനേറ്റർ സാബു എം. വർഗ്ഗീസ് വചനസ ന്ദേശം നൽകി. ഡിവൈൻ ധ്യാനകേന്ദ്രത്തിലെ ഔസേപ്പച്ചൻ പുതുമന ദിവ്യകാരുണ്യാരാധനയ്ക്ക് നേതൃത്വം നൽകി. ഫൊറോന കോർഡിനേറ്റർ ബാബു മങ്ങാട് പരിപാടികൾക്ക് നേതൃത്വം നൽകി.

**ഒല്ലൂർ** : തൈക്കാട്ടുശ്ശേരി സെന്റ് പോൾസ് ദൈവാലയത്തിൽ ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി വരെ നടത്തിയ പരിപാടിയ്ക്ക് ആനിമേറ്റർ റവ. ഫാ. ഡെന്നി താണിക്കൽ നേതൃത്വം നൽകി. പാലക്കാട് സീനായ് ധ്യാനകേന്ദ്ര

ത്തിലെ തോമസ് കണ്ണൂർ വചന സന്ദേശം നൽകി. കോ-ഓർഡിനേറ്റർ ജോൺസൺ നേതൃത്വം നൽകി.

**വടക്കാഞ്ചേരി** : തിരുത്തിപറമ്പ് ഇടവക ദൈവാലയത്തിൽ നടത്തിയ ഏകദിന പരിപാടിയിൽ ആനിമേറ്റർ റവ. ഫാ. മനോജ് താണിക്കൽ ഉദ്ഘാടന സന്ദേശം നൽകി. ദിവ്യബലിക്ക് റവ. ഫാ. ജോൺസൺ അന്തിക്കാട്ട് കാർമ്മികത്വം നൽകി. ജോബി പടവരാട്, സാബു എം. വർഗ്ഗീസ് എന്നിവർ വചന സന്ദേശം നൽകി. ഫൊറോന - കോ-ഓഡിനേറ്റർ ജീസൺ കോലഴി നേതൃത്വം നൽകി.

**പഴുവിൽ** : സെ. ആന്റണീസ് ഫൊറോന ദൈവാലയത്തിൽ വെച്ച് ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ നടത്തിയ കൂട്ടായ്മ ഫാ. ആന്റണി ആലുക്ക ഉദ്ഘാടന സന്ദേശം നൽകി. ഷെവ. സണ്ണി (സോണൽ സർവ്വീസ് ടീം അംഗം) വചന സന്ദേശം നൽകി. ഫൊറോന കോ-ഓർഡിനേറ്റർ ടോണി തയ്യാലക്കൽ, ഫ്രാൻസീസ് വടക്കൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**പുത്തൂർ** : കൊഴുക്കുള്ളി നിത്യസഹായമാതാവിന്റെ ദൈവാലയത്തിൽ ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ നടത്തിയ കൂട്ടായ്മയിൽ ആനിമേറ്റർ റവ. ഫാ. ഷിജു ചിറ്റിലപ്പിള്ളി വചന പ്രഘോഷണത്തിനും ദിവ്യകാരുണ്യാരാധനയ്ക്കും നേതൃത്വം നൽകി. ഫൊറോന കോ-ഓർഡിനേറ്റർ ജോർജ്ജ് ചാണ്ടി പരിപാടികൽക്ക് നേതൃത്വം നൽകി.

**കണ്ടശ്ശാംകടവ്** : മുല്ലശ്ശേരി നല്ലയിടയൻ ദൈവാലയത്തിൽ നടത്തിയ ഏകദിന കൂട്ടായ്മ ആനിമേറ്റർ ഫാ. ഫ്രാൻസീസ് വാഴപ്പിള്ളി ഉദ്ഘാടനം ചെയ്തു. മുല്ലശ്ശേരി അസി. ഫാ. അജിത്തും ഡിവൈൻ ധ്യാനകേന്ദ്രത്തിലെ ജോസഫ് മുത്തേടൻ വചന പ്രഘാഷണം നടത്തി. ദിവ്യബലിക്ക് ആനിമേറ്റർ കാർമ്മികത്വം വഹിച്ചു. ഫൊറോന കോ-ഓഡിനേറ്റർ ജോസ് മണി, വിൻസെന്റ് ചിറയത്ത്, ബാബു കാഞ്ഞിരത്തിങ്കൽ എന്നിവർ നേതൃത്വം നൽകി.

**പാലയൂർ** : കരിസ്മാറ്റിക് ദിനത്തോടനുബന്ധിച്ച് പാലയൂർ മാർതോമ തീർത്ഥകേന്ദ്രത്തിൽ നടത്തിയ ലീഡേഴ്സ് പവർ കോൺഫ്രൻസിന്റെ ഉദ്ഘാടനം ഫൊറോന വികാരി റവ. ഫാ. ജോൺ അയ്യങ്കാനയിൽ നിർവ്വഹിച്ചു. ഡിവൈൻ ധ്യാനകേന്ദ്രത്തിലെ റവ. ഫാ. ജോൺ എഫ് ചെറിയവെളി നേതൃത്വം നൽകി. പരിശുദ്ധാത്മാവിന്റെ വരദാനങ്ങളെക്കുറിച്ച് മെയ് 21, 22, 23 തീയതികളിൽ നടത്തിയ പ്രത്യേക പരിശുദ്ധാത്മ അഭിഷേക ധ്യാനത്തിൽ നൂറ്റി അമ്പതോളം പേർ പങ്കെടുത്തു. പെന്തക്കുസ്ത ദിനത്തോടനുബന്ധിച്ച് നടത്തിയ കൂട്ടായ്മയിൽ നെടുപുഴ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിലെ റവ. സി.ഉഷസ് വചന പ്രഘോഷണം നടത്തി. അതിരൂപതാ കോ-ഓർഡിനേറ്റർ

സാബു എം. വർഗ്ഗീസ്, ആനിമേറ്റർ റവ. ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ, സെക്രട്ടറി സി.ടി. സെബാസ്റ്റ്യൻ, ഫൊറോന കോ-ഓർഡിനേറ്റർ സി. കെ. ലാസർ, സെക്രട്ടറി പീറ്റർ കാവീട് എന്നിവർ നേതൃത്വം നൽകി.

| ഡയറക്ടർ | കോ. ഓർഡിനേറ്റർ | സെക്രട്ടറി |
|---|---|---|
| **റവ. ഫാ. ഷാജൻ തേർമഠം** | **സാബു എം. വർഗ്ഗീസ്** | **സി.ടി. സെബാസ്റ്റ്യൻ** |

# മാതൃസംഘം

### 1. ഫൊറോന ആനിമേറ്റർമാരുടെ യോഗം

മാതൃസംഘം ഫൊറോന ആനിമേറ്റർമാരുടെ യോഗം 2015 ജൂൺ 30ന് ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്ററിൽ വെച്ച് നടക്കുകയുണ്ടായി. മാതൃസംഘം നിയമാവലി സീറോ മലബാർ തലത്തിൽ രൂപീകരിച്ചത് ചർച്ചാ വിഷയമായിരുന്നു.



### 2. ബോധവൽക്കരണ സെമിനാർ

2015 ജൂൺ 9ന് ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്ററിൽ വച്ച് “ജലജന്യ രോഗങ്ങളും മാലിന്യസംസ്ക്കരണവും” എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടത്തി.

### 3. ജൂലായ് – പ്രൊലൈഫ് പ്രവർത്തനമാസം

മനുഷ്യ ജീവനെ നശിപ്പിക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ഭ്രൂണഹത്യ, ദയാവധം, എന്നിവക്കെതിരെ യൂണിറ്റടിസ്ഥാനത്തിൽ പ്രത്യേക പ്രാർത്ഥന ദിനം ഈ മാസത്തിൽ നടത്തുമല്ലോ. ഭ്രൂണഹത്യ, ജീവന്റെ സംരക്ഷണം എന്നിവയെക്കുറിച്ച് എല്ലാ യൂണിറ്റിലും മാതൃസംഘത്തിന്റെ നേതൃത്വത്തിൽഇടവകാംഗങ്ങൾക്കായ് ഒരു സെമിനാർ നടത്തുന്നത് നന്നായിരിക്കും

ആശംസകളോടെ

| **ലീല മാത്യു** | **ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ** | **ഫാ. ലോറൻസ് തൈക്കാട്ടിൽ** |
|---|---|---|
| പ്രസിഡന്റ് | അസി. ഡയറക്ടർ | ഡയറക്ടർ |

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**1. യുവജനസംഗമം "ആദർശ് – 2015"**

തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധ സമിതിയുടെയും പൂച്ചിന്നിപ്പാടം ലിറ്റിൽ ഫ്ളവർ ഇടവക യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ യുവജനസംഗമം അരങ്ങേറി. പൂച്ചിന്നിപ്പാടം പാരീഷ് ഹാളിൽ മെയ് 9 ന് സംഘടിപ്പിച്ചു. "ആദർശ് – 2015" തൃശൂർ സ്പെഷ്യൽ ബ്രാഞ്ച് സബ് ഇൻസ്പെക്ടർ സി. ആർ. ദിനേഷ്കുമാർ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡണ്ട് ശ്രീ. ജോസ് ആലപ്പാട്ടാണ് അദ്ധ്യക്ഷസ്ഥാനം വഹിച്ച സമ്മേളനത്തിൽ പ്രശസ്ത അഭിഭാഷകൻ ചാർളി പോളാണ് (എറണാകുളം) മദ്യവിരുദ്ധ സെമിനാർ നയിച്ചത്. ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, വികാരി ഫാ. ജെയ്സൺ ചിറ്റിലപ്പിള്ളി, ഫൊറോന ആനിമേറ്റർ ഫാ. ജോസ് പുലിക്കോട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**2. സന്യസ്ത സംഗമം**

കുടുംബങ്ങൾ കേന്ദ്രീകരിച്ചുള്ള മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ബഹു. സിസ്റ്റേഴ്സിനെ ശാക്തീകരിക്കുന്നതിനായി മെയ് 30 ശനിയാഴ്ച്ച പാസ്റ്ററൽ സെന്ററിൽ അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു. ദേവമാത പ്രൊവിൻഷ്യാലും CRI പ്രസിഡണ്ടുമായ വെരി റവ. ഫാ. വാൾട്ടർ തേലപ്പിള്ളി CMI യായിരുന്നു പരിപാടിയുടെ ഉദ്ഘാടകൻ. അതിരുപതാ പ്രസിഡണ്ട് ജോസ് ആലപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു. നലം തികഞ്ഞ സാമൂഹ്യ പ്രവർത്തകയായ പ്രൊഫ. മോനമ്മ കോക്കാട്ട് (എറണാകുളം), മൗണ്ട് കാൽവരിസഭാംഗമായ ബഹു. സി. സെറാഫീന തുടങ്ങിയവരാണ് ക്ലാസ്സ് നയിച്ചിത്. സി. ജാസ്മിൻ ജോസഫ് C.H.F., സി. ഓൾറിക്ക് CMC എന്നിവർ ആമുഖ-സമാപന പ്രാർത്ഥനകൾ നയിച്ചു. ഡയറക്ടർ ഫാ. ദേവസ്സി. പന്തല്ലുക്കാരൻ ട്രഷറർ ജോണി ചിറ്റിലപ്പിള്ളി, ശ്രീമതി. മോനി ലാസർ തുടങ്ങിയവർ പ്രസംഗിച്ചു. പങ്കെടുത്ത സഹോദരിമാർക്കും അവരെ പറഞ്ഞയച്ച സഭാധികാരികൾക്കും നന്ദിയുടെയും നന്മയുടെയും നറുമലരുകൾ.

**3. ആഗോള പുകവലി ദിനാചരണം**

ആഗോളപുകവലി ദിനാചരണത്തിന്റെ ഭാഗമായി മെയ് 31 ഞായറാഴ്ച അതിരുപത സമിതിയും കോടന്നൂർ വെങ്ങിണിശ്ശേരി-അമ്മാടം ഇടവകകളും സംയുക്തമായി സൈക്കിൾ റാലി, പൊതുസമ്മേളനം, ലഘുനാടകം മുതലായവ സംഘടിപ്പിക്കുകയുണ്ടായി. കോടന്നൂർ സെന്ററിൽ അരങ്ങേറിയ സമാപനം സമ്മേളനം ഡയറക്ടറച്ചനാണ് ഉദ്ഘാടനം ചെയ്തത്. അതിരൂപതാ പ്രസിഡണ്ട് ജോസ് ആലപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു. അഡ്വ. രഘു മാരാത്ത്,

പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ബിന്ദു അശോകൻ തുടങ്ങിയവർ ആശംസാ പ്രസംഗങ്ങൾ നടത്തി. മൂന്നു കൊല്ലത്തിലേറെ ബാറിനെതിരെ വാർ (War vs Bar) നടത്തിയ കോടന്നൂർക്കാർക്ക് സമര വിജയസ്മൃതികൾ അയവിറക്കാനും മദ്യ-മയക്കുമരുന്ന് - പുകവലിക്കെതിരെ പുനർ പ്രതിജ്ഞയെടുക്കാനും ഇത് അവസരമായി. ഇടവക വികാരി ഫാ. ജെയ്സൺ പുന്നശ്ശേരി, ശ്രീ. ജോസ് കോടന്നൂർ, ജോഷി വല്ലച്ചിറക്കാരൻ തുടങ്ങിയവരാണ് നേതൃത്വം നൽകിയത്.

**4. ജനറൽ എക്സിക്യൂട്ടീവ്**

മെയ് 31 ഞായറാഴ്ച ഉച്ചകഴിഞ്ഞ് മദ്യവിരുദ്ധ സമിതിയുടെ ജനറൽ എക്സിക്യൂട്ടീവ്കൂടി. സംഘടനകളുടെ സാമ്പത്തിക പരാധീനത പരിഹരിക്കാൻ ഒരു കൂപ്പൺ പദ്ധതി തുടങ്ങുന്നതിനു തീരുമാനിച്ചു. പ്രസ്ഥാനത്തിന്റെ പി. ആർ. ഒ. ആയി. ശ്രീ കെ. എൽ. ആന്റണിയെ തെരഞ്ഞെടുത്തു. അതിരുപതയുടെ ആഭിമുഖ്യത്തിലുള്ള ആഗോള ലഹരി വിരുദ്ധ ദിനാചരണ പരിപാടികൾ ജൂൺ 26 ന് കരുമത്ര ആരോഗ്യ മാതാപള്ളിയിലാണ് നടത്തപ്പെട്ടത്

**5. മദ്യവിരുദ്ധ പ്രഭാഷണങ്ങൾ**



നന്തിപുലം, ചെവ്വൂർ ഇടവകകളിൽ ഡയറക്ടറച്ചൻ ദിവ്യബലിയർപ്പിച്ച് മദ്യവിരുദ്ധ സന്ദേശം നൽകി. തിരുകർമ്മങ്ങൾക്കുശേഷം മദ്യവിമുക്ത ഭവന പ്രഖ്യാപന ചടങ്ങുകളും ഉണ്ടായിരുന്നു. കാഞ്ഞിരപ്പിള്ളി പാസ്റ്ററൽ സെന്ററിൽ അതിരൂപതയിലെ മദ്യവിരുദ്ധ പ്രവർത്തകർക്കായി ജൂൺ 6 ശനിയാഴ്ച ഡയരക്ടറച്ചൻ ക്ലാസ്സെടുത്തു.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. കെ. എൽ. ആന്റണി**
പി. ആർ. ഒ.



**പുതിയതായി
പണി കഴിപ്പിച്ച അരണാട്ടുകര
സെന്റ് തോമാസ് ദൈവാലയവും
അൽത്താരയും**



Registered
R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.06.2015
**July 2015**

# പ്രാർത്ഥനാശംസകൾ



**നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന**

## മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്

പ്രാർത്ഥനാശംസകൾ

Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005